# VIJAYABHERI

***MALAPPURAM DISTRICT PANCHAYATH EDUCATIONAL***

***PROJECT 2021-22***

# STEP-UP

## POLITICAL SCIENCE

### PLUS ONE

**( Higher secondary / V H S E Supporting Material )**



വിദ്യാഭ്യാസപരമായി ഏറ്റവും പുറകിൽ നിന്നിരുന്ന മലപ്പുറം ജില്ല കഴിഞ്ഞ കുറച്ചു വർഷങ്ങൾ കൊണ്ടുണ്ടാക്കിയ നേട്ടങ്ങൾ അത്ഭുത പൂർവമാണ്. എസ്. എസ് .എൽ .സി, പ്ലസ് ടു, വി. എച്ച്. എസ്. ഇ. ഫലത്തിന്റെ കാര്യത്തിൽ മാത്രമല്ല എ പ്ലസ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിലും വിവിധ മത്സരപരീക്ഷയിലും നമ്മൾ ഏറെ മുന്നേറി. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ കാര്യത്തിലും നമ്മൾ മറ്റ് ജില്ലകൾക്ക് മാതൃകയാണ്. മലപ്പുറം ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിജയഭേരി പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ, ജനപ്രതിനിധികൾ, എസ്. എസ്. കെ, ഡയറ്റ്, വിദ്യാഭ്യാസ ഓഫീസർമാർ ഒപ്പം എല്ലാ പ്രവർത്തനങ്ങൾക്കും കൂടെ നിൽക്കുന്ന അധ്യാപകർ എന്നിവരാണ് ഈ നേട്ടങ്ങൾക്കു പിന്നിൽ.

നേട്ടങ്ങൾ ആഘോഷിക്കുന്നതിനോടൊപ്പം അടിയന്തിര ശ്രദ്ധ പതിയേണ്ടുന്ന മേഖലകൾ ഇനിയുംഏറെയുണ്ട്. 10 ആം ക്ലാസ്സിൽനിന്നും വിജയം നേടി പ്ലസ് 1 വി. എച്ച്. എസ്. ഇ ക്ലാസ്സുകളിൽ എത്തുന്ന നല്ലൊരു ശതമാനം ഹയർ സെക്കണ്ടറി സിലബസ് പിന്തുടരുന്നതിന് ഏറെ പ്രയാസം അനുഭവിക്കുന്നവരാണ്. കോവിഡ് കാരണം സ്കൂൾ പ്രവർത്തി ദിനങ്ങൾ നഷ്ടപ്പെട്ടതോടെ ഭൂരിപക്ഷം വിദ്യാർത്ഥികളും പഠന പ്രയാസങ്ങൾ അനുഭവിക്കുന്നു. ഈയൊരു പശ്ചാത്തലത്തിൽ പ്ലസ് ടു, വി. എച്ച്. എസ്. ഇ, തലത്തിൽ വിവിധ വിഷയങ്ങൾ അനായാസകരമായി പഠിക്കുന്നതിനും എല്ലാ വിദ്യാർത്ഥികളും പ്ലസ് ടു, വി. എച്ച്. എസ്.ഇ, പരീക്ഷകളിൽ മികച്ച വിജയം ഉറപ്പുവരുത്തുന്നതിനായി **സ്റ്റെപ്പ് അപ്പ് 22** എന്ന പേരിൽ പ്രത്യേക മെറ്റീരിയൽ വിജയഭേരി പദ്ധതിയുടെ ഭാഗമായി തയ്യാറാക്കി സ്ക്കൂളുകളിൽ എത്തിക്കുകയാണ്. തീർച്ചയായും ഈ മെറ്റീരിയൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഏറെ സഹായകരമാകുമെന്ന് എന്നു പ്രതീക്ഷിക്കുന്നു.

ഈ പഠന സഹായി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് നേതൃത്വം നൽകിയ മലപ്പുറം ഡയറ്റ്, ഹയർ സെക്കണ്ടറി ജില്ലാ കോർഡിനേറ്റർ/ അസിസ്റ്റന്റ് കോർഡിനേറ്റർ ശില്പ ശാലയിൽ പങ്കെടുത്ത അധ്യാപകർ എന്നിവർക്കുള്ള നന്ദിയും കടപ്പാടും പ്രത്യേകം അറിയിക്കുന്നു.

സ്കൂൾതലത്തിൽ അനുയോജ്യമായ സമയം കണ്ടെത്തി രക്ഷിതാക്കളുടെ സഹകരണത്തോടെ ഈ പഠന പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് നൽകണം. അതിനായി എല്ലാ അധ്യാപകരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

| | | | | |
|---|---|---|---|---|
| പ്രസിഡണ്ട് | ചെയർപേഴ്സൺ | അസി:ഡയറക്ടർ | ആർ,ഡി.ഡി | പ്രിൻസിപ്പാൾ |
| ജില്ലാ പഞ്ചായത്ത് | ആരോഗ്യ വിദ്യാഭ്യാസ | വി. എച്ച്. എസ്. ഇ | മലപ്പുറം | ഡയറ്റ് |
| മലപ്പുറം | സ്ഥിരം സമിതി മലപ്പുറം | മലപ്പുറം | | മലപ്പുറം |

# വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

## സ്റ്റെപ്പ് അപ്പ് 22

തയ്യാറാക്കിയത്


സുരേഷ് ബാബു. കാരകുന്നുമ്മൽ
ജി.എച്ച്. എസ് .എസ് . വെട്ടത്തൂർ

അബ്ദുൾ ബഷീർ .എ .എം
ജി.എച്ച്. എസ് .എസ് .കാവന്നൂർ

സുബൈർ .യു
ജി.വി.എച്ച്. എസ് .എസ് .ഒമാനൂർ

മുഹമ്മദ് ഇക് ബാൽ എം
പി.പി .എം .എച്ച്. എസ് .എസ് കൊട്ടൂക്കര

ഉണ്ണികൃഷ്ണൻ .പി
ഗേൾസ് എച്ച്. എസ് .എസ് .വളാഞ്ചേരി

# 1. ഭരണഘടന എന്തുകൊണ്ട് ? എങ്ങനെ?

# (Constitution Why and How ?)

1. ഇന്ത്യൻ ഭരണഘടന നിലവിൽ വന്നതെന്ന് ?

ഉ. 1950 ജനുവരി 26.

2. ഭരണഘടന നിർമ്മാണ സഭയിലെ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ ആരായിരുന്നു ?

ഉ. ഡോക്ടർ ബി. ആർ .അംബേദ്കർ.

3. നമ്മുടെ ഭരണഘടന നിർമ്മാണ സഭയുടെ തലവൻ ആരായിരുന്നു ?

ഉ. ഡോക്ടർ രാജേന്ദ്ര പ്രസാദ്

4. ഒരു ആധുനിക രാഷ്ട്രത്തിന് ഭരണഘടന കൂടിയേതീരൂ. ഭരണഘടനയുടെ ധർമ്മങ്ങൾ എന്തെല്ലാം ?

ഉ. 1.ഭരണഘടന ഏകോപനവും ഉറപ്പും നൽകുന്നു.

ഒരു സമൂഹത്തിൽ വ്യത്യസ്ത വിഭാഗത്തിലുള്ള മനുഷ്യരുണ്ട് .ആചാരങ്ങൾ ,ജാതി ,മതം ,രാഷ്ട്രീയം സാമ്പത്തികവസ്ഥ ഭാഷ എന്നീ വ്യത്യാസങ്ങളുള്ള മനുഷ്യരെ ഭരണഘടന ഏകോപിപ്പിക്കുന്നു. എല്ലാവരും നിയമം അനുസരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നു.

2.തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുന്നു.

ഒരു രാഷ്ട്രത്തെ സംബന്ധിക്കുന്ന വിവിധ വിഷയങ്ങളിൽ തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം ആർക്കാണെന്ന് ഭരണഘടന വ്യക്തമാക്കുന്നുണ്ട്. നിയമങ്ങൾ നിർമ്മിക്കാൻ നിയമനിർമാണ സഭയും നടപ്പിലാക്കാൻ കാര്യനിർവഹണ സഭയും നീതിയും ന്യായവും ലഭ്യമാക്കാൻ നീതിന്യായ വിഭാഗത്തെയും ചുമതലപ്പെടുത്തിയിരുന്നു.

3.ഗവൺമെൻറിന്റെ അധികാരങ്ങൾക്ക് പരിധി നിർണ്ണയിക്കുന്നു

സർക്കാർ സ്വേച്ഛാധിപത്യപരമായി പ്രവർത്തിക്കുന്നത് തടയാൻ അതിന്റെ അധികാരങ്ങൾ നിയന്ത്രിക്കുന്നു. ജനാധിപത്യ ഗവൺമെൻറിനെ വിമർശിക്കാനുള്ള അവകാശം ഭരണഘടന ജനങ്ങൾക്ക് നൽകുന്നു.

4.സമൂഹത്തിന്റെ ലക്ഷ്യങ്ങളും അഭിലാഷങ്ങളും വ്യക്തമാക്കുന്നു.

സമൂഹത്തിന്റെ അഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കുക, നീതിനിഷ്ഠമായ ഒരു സമൂഹത്തിനാവശ്യമായ വ്യവസ്ഥകൾക്ക് രൂപം നൽകുക തുടങ്ങിയവയ്ക്ക് ഗവൺമെന്റിനെ പ്രാപ്തമാക്കുക. ഇന്ത്യയെ ഒരു സ്വതന്ത്രമായ ജനാധിപത്യ മതേതര പരമാധികാര റിപബ്ലിക്ക് ആക്കുക എന്നതാണ്നമ്മുടെ ലക്ഷ്യമെന്ന് ഭരണഘടന വ്യക്തമാക്കുന്നു.

5.ഒരു ജനതക്ക് മൗലിക വ്യക്തിത്വം നല്കുന്നു.

പൗരന്മാരിൽ ദേശീയവ്യക്തിത്വം സൃഷ്ടിക്കുന്നതിന് ഭരണഘടന സഹായിക്കുന്നു. പ്രാദേശികവും ഭാഷാപരവും സാമുദായികവുമായ താല്പര്യങ്ങളെ മാറ്റിനിർത്തുന്നതിനും

പൗരന്മാർക്കിടയിൽ രാഷ്ട്രീയവും സാമൂഹികവുമായ മൂല്യങ്ങൾ വളർത്തുവാനും ഭരണഘടന സഹായിക്കുന്നു.

5. ഭരണഘടനയുടെ ആധികാരികത എന്നാലെന്ത് ? ഭരണഘടന ആധികാരികമാകുന്നതിന് വേണ്ട ഘടകങ്ങൾ എന്തെല്ലാമാണ് ?

ഉ. ഒരു ഭരണഘടനയിലെ എല്ലാ നിയമങ്ങളും ആ രാജ്യത്തെ ജനങ്ങൾ അനുസരിക്കുന്നുണ്ടെങ്കിൽ ആ ഭരണഘടന ആധികാരികമാണ് . ഒരു സമൂഹത്തിൽ ഭരണഘടനയ്ക്ക് ലഭിക്കുന്ന സ്വീകാര്യതയാണ് ആധികാരികത

ഭരണഘടന ആധികാരികമാകുന്നതിന് വേണ്ട ഘടകങ്ങൾ

1.ഭരണഘടനയുടെ പ്രഖ്യാപന രീതി

ജനങ്ങളുടെ പ്രതിനിധികൾ ജനങ്ങൾക്ക് വേണ്ടിയാണ് ഭരണഘടന ഉണ്ടാകേണ്ടത് പൊതു സമ്മതരും ആദരണീയരുമായ നേതാക്കളുടെ ഭരണഘടനാ നിർമ്മാണസഭയാണ് ഇന്ത്യൻ ഭരണഘടന നിർമ്മിച്ചത്.

2.ഭരണഘടനയിലെ മുഖ്യ വ്യവസ്ഥകൾ

ഭരണഘടനയിലെ നിയമങ്ങൾ സമൂഹത്തിലെ എല്ലാ ജനങ്ങൾക്ക് സ്വീകാര്യമായവ ആയിരിക്കണം

3.സന്തുലിത സ്ഥാപന രൂപരേഖ

ഭരണ നിർവഹണത്തിനായി ഭരണഘടന വിവിധ സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുണ്ട് .ഈ സ്ഥാപനങ്ങൾ പരസ്പര പൂരകങ്ങളായിരിക്കണം. നിയമനിർമാണസഭ , കാര്യനിർവഹണ സഭ, നീതിന്യായ വിഭാഗം എന്നിവയുടെ അധികാരങ്ങൾ സന്തുലിതമായിരിക്കണം

6. ഇന്ത്യൻ ഭരണഘടനയെ ആധികാരികമാക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ് ?

ഉ. 1.ആധികാരികമായ ഭരണഘടന നിർമ്മാണ സഭ രൂപീകകരണവും ഘടനയും

1.ഭരണഘടന നിർമാണ സഭയുടെ രൂപീകരണവും ഘടനയും

ഭരണഘടനയുടെ നിർമ്മാണത്തിന് ഒരു ഭരണഘടനാ നിർമ്മാണ സഭ രൂപീകരിച്ചു.ബ്രിട്ടീഷ് ഇന്ത്യയിൽ നിന്ന് തിരഞ്ഞെടുപ്പിലൂടെയും നാട്ടുരാജ്യങ്ങളിൽ നിന്ന് ചർച്ചയിലൂടെയുമാണ് പ്രതിനിധികളെ അംഗങ്ങളാക്കിയത്.

2.വിചിന്തനതത്വം

പൊതു താല്പര്യത്തെ മുൻനിർത്തി ചർച്ചയിലൂടെയും സംവാദങ്ങളിലൂടെയുമാണ് ഭരണഘടനക്ക് രൂപം കൊടുത്തത്

3.നടപടിക്രമങ്ങൾ

ഭരണഘടന നിർമ്മാണ സഭയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് കമ്മറ്റികൾ രൂപീകരിച്ചു. കമ്മിറ്റികൾ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള കൂടുതൽ പഠിച്ചു.

2.ദേശീയ പ്രസ്ഥാനത്തിന്റെ പൈതൃകം

ഭരണഘടനയുടെ പിന്നിലുള്ള അഭിലാഷങ്ങളെയും മൂല്യങ്ങളെയും ഉൾക്കൊള്ളുന്നതിന് ലക്ഷ്യ പ്രമേയം രൂപപ്പെടുത്തി.ദേശീയ പ്രസ്ഥാനത്തിന്റെ മൂല്യങ്ങളായ സമത്വം, സ്വാതന്ത്ര്യം, ജനാധിപത്യം,പരമാധികാരം,സാർവ്വലൗകികത്വം എന്നീ തത്വങ്ങൾക്ക്ഭരണഘടനാപരമായ രൂപംനൽകാൻ ലക്ഷ്യപ്രമേയം കൊണ്ട് സാധിച്ചു.

3.സ്ഥാപനപരമായ ക്രമീകരണങ്ങൾ .

നിയമനിർമ്മാണ വിഭാഗം, കാര്യനിർവ്വഹണ വിഭാഗം, നീതിന്യായ വിഭാഗം എന്നീ സ്ഥാപനങ്ങൾക്കിടയിൽ ശരിയായ സന്തുലനം രൂപപ്പെടുത്തി . പാർലമെന്ററി വ്യവസ്ഥയും കേന്ദ്ര – സംസ്ഥാന ഗവൺമെന്റുകൾ അധികാരം പങ്കിടുന്ന ഫെഡറൽ സമ്പ്രദായവും സ്വീകരിച്ചു.

7. ഇന്ത്യ മറ്റു രാജ്യങ്ങളുടെ നിന്നും കടമെടുത്ത ഭരണഘടന വ്യവസ്ഥകളാണ് താഴെ കൊടുത്തിരിക്കുന്നത് ഇത് ഏത് രാജ്യത്തിന്റെ ഭരണഘടനയിൽ നിന്ന് കടമെടുത്ത വയാണെന്ന് കണ്ടെത്തുക

പാർലമെൻററി വ്യവസ്ഥ.
FPTP സമ്പ്രദായം
നിയമവാഴ്ച
സ്പീക്കറുടെ സ്ഥാനവുംഅധികാരങ്ങളും
നിയമ നിർമാണ സംവിധാനം
നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം
അർദ്ധ ഫെഡറൽ സംവിധാനം
നീതിന്യായ പുനഃപരിശോധന
മൗലിക അവകാശങ്ങൾ
അവശിഷ്ടാധികാരം
നിർദ്ദേശ തത്വങ്ങൾ
സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം
ഭരണഘടനയുടെ ആമുഖം

ഉ.

| രാജ്യം | കടമെടുത്ത ഭരണഘടന വ്യവസ്ഥകൾ |
|---|---|
| ബ്രിട്ടീഷ് ഭരണഘടന | പാർലമെൻററി വ്യവസ്ഥ. FPTP സമ്പ്രദായം നിയമവാഴ്ച,സ്പീക്കറുടെ സ്ഥാനവും അധികാരങ്ങളും നിയമ നിർമാണ സംവിധാനം |
| ഐറിഷ് ഭരണഘടന | നിർദ്ദേശ തത്വങ്ങൾ |
| ഫ്രഞ്ച് ഭരണഘടന | സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം |
| കനേഡിയൻ ഭരണഘടന | അർദ്ധ ഫെഡറൽ സംവിധാനം, അവശിഷ്ടാധികാരം |
| അമേരിക്കൻ ഭരണഘടന | മൗലിക അവകാശങ്ങൾ നീതിന്യായ പുനഃപരിശോധന നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം ഭരണഘടനയുടെ ആമുഖം |

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

# 2. ഇന്ത്യൻ ഭരണഘടനയിലെ അവകാശങ്ങൾ (Rights in the Indian Constitution)

1. ബ്രിട്ടീഷ് ഇന്ത്യയിൽ ഒരു അവകാശ പത്രിക വേണമെന്ന ആവശ്യം ആദ്യമായി ഉന്നയിച്ചത് ഏത് കമ്മറ്റിയയിരുന്നു ?

ഉ: മോത്തിലാൽ നെഹ്റു കമ്മറ്റി

2. ജുഡീഷ്യറിക്ക് പുറമെ അവകാശങ്ങൾ സംരക്ഷിക്കുന്ന മറ്റ് ഏജൻസികൾ ഏതെല്ലാം ?
ഉ: ദേശീയ മനുഷ്യാവകാശ കമ്മീഷൻ, ദേശീയ ന്യൂനപക്ഷ കമ്മീഷൻ , ദേശീയ വനിതാ കമ്മീഷൻ ,ദേശീയ പട്ടിക ജാതി കമ്മീഷൻ

3. നിയമവിരുദ്ധമായ അറസ്റ്റ് ചോദ്യം ചെയ്യപ്പെടുന്ന റിട്ട് ഏതാണ് ?
ഉ : ഹേബിയസ് കോർപ്പസ്

4. ഡോ. അംബേദ്കർ 'ഭരണ ഘടനയുടെ ഹൃദയവും ആത്മാവും' എന്ന് വിശേഷിപ്പിച്ച മൗലിക അവകാശം ഏതാണ് ?
ഉ: ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം

5. 1976 ൽ എത് ദേഗതിയിലൂടെയാണ് മൗലിക കർത്തവ്യങ്ങൾ (Fundamental Duties) ഇന്ത്യൻ ഭരണഘടനയിൽ ചേർത്തത് ?
ഉ. 42

7 1978 ൽ എത്രാമത്തെ ഭേദഗതിയിലൂടെയാണ് സ്വത്തവകാശത്തെ മൗലിക അവകാശ മല്ലാതെയാക്കിയത് ?
ഉ: 44

8. സ്വത്തവകാശം ഇപ്പോൾ എന്ത് തരം അവകാശമാണ്
ഉ: സാധാരണ അവകാശം (Article 300 A)

9. മൗലിക അവകാശങ്ങളും സാധാരണ അവകാശങ്ങളും തമ്മിലുള്ള വ്യത്യാസം എന്താണ് ?
ഉ. സാധാരണ അവകാശങ്ങളെ സംരക്ഷിക്കുന്നതും നടപ്പിലാക്കുന്നതും സാധാരണ നിയമമാണ് എന്നാൽ, മൗലികാവകാശങ്ങളെ സംരക്ഷിക്കുന്നതും ഉറപ്പാക്കുന്നതും രാജ്യത്തെ ഭരണഘടനയാണ്.
സാധാരണ നിയമനിർമ്മാണ പ്രക്രിയയിലൂടെ സാധാരണ അവകാശങ്ങളിൽ മാറ്റം വരുത്താം. എന്നാൽ മൗലികാവകാശങ്ങളിൽ മാറ്റം വരുത്താൻ ഭരണഘടനാ ദേഗതിയിലൂടെ മാത്രമെ സാധിക്കുകയുള്ളു.

10 നിർദ്ദേശക തത്ത്വങ്ങൾ എന്നാൽ എന്ത് ? വിശദീകരിക്കുക

ഉ. ഒരു സമൂഹമെന്ന നിലയിൽ നാം സ്വീകരിക്കേണ്ട ഉദ്ദേശ്യ ലക്ഷ്യങ്ങൾ ,മൗലികാവകാശത്തിന് പുറമെ വ്യക്തികൾ അനുഭവിക്കേണ്ടതായ ചില അവകാശങ്ങൾ, ഗവൺമെന്റ് സ്വീകരിക്കേണ്ടതായ ചില നയങ്ങൾ എന്നിവയെക്കുറിച്ച് ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . ഇവയാണ് നിർദ്ദേശക തത്ത്വങ്ങൾ .

11. നിർദ്ദേശകതത്വങ്ങളും മൗലികാവകാശങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ?

ഉ. മൗലികാവകാശങ്ങൾ ന്യായവാദാർഹങ്ങളാണ് ആണ് എന്നാൽ നിർദേശകതത്വങ്ങൾ ന്യായവാദാർഹങ്ങളല്ല .
മൗലികാവകാശങ്ങൾ വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിക്കുന്നതാണ്. എന്നാൽ നിർദ്ദേശക തത്ത്വങ്ങൾ സമൂഹത്തിന്റെ അവകാശങ്ങളെ സംബന്ധിക്കുന്നതാണ്. മൗലികാവകാശങ്ങൾ നിഷേധാത്മകമാണ് നിർദേശക തത്വങ്ങൾ ക്രിയാത്മകമാണ്.

12. മൗലികാവകാശങ്ങൾ ന്യായവാദാർഹങ്ങളാണ് , എന്നാൽ നിർദേശകതത്വങ്ങൾ ന്യായവാദാർഹങ്ങളല്ല .വിശദീകരിക്കുക.

ഉ. മൗലികാവകാശങ്ങൾ ലഭിക്കുന്നതിന് ഒരു വ്യക്തിക്ക് കോടതിയെ സമീപിക്കാം . എന്നാൽ നിർദ്ദേശക തത്വങ്ങൾ ലഭിച്ചില്ലെങ്കിൽ കോടതിയെ സമീപിക്കാൻ സാധിക്കില്ല

13.ഏതെങ്കിലും രണ്ടു മൗലിക കടമകൾ എഴുതുക

ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്കരണത്തിനുള്ള ഉള്ള മനോഭാവവും വികസിപ്പിക്കുക.

ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയേയും ദേശീയ ഗാനത്തേയും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുക.

14. മനുഷ്യാവകാശ കമ്മീഷന്റെ ഘടന,പ്രവർത്തനങ്ങൾ എന്നിവയെ കുറിച്ച് വിശദീകരിക്കുക

ഉ. സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസ്, സുപ്രീംകോടതിയിലെ മുൻ ജഡ്ജി, ഹൈക്കോടതിയിലെ മുൻ ചീഫ് ജസ്റ്റിസ് കൂടാതെ മനുഷ്യാവകാശങ്ങളെ സംബന്ധിച്ച വിഷയങ്ങളിൽ അറിവും പ്രായോഗിക പരിചയവുമുള്ള രണ്ട് അംഗങ്ങൾ. എന്നിവർ ഉൾക്കൊള്ളുന്നതാണ് ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഘടന.
സ്വന്തമായി മുൻകൈയെടുത്തോ, അല്ലെങ്കിൽ മനുഷ്യാവകാശ ലംഘനത്തിന് ഇരയായ വ്യക്തിയുടെ പരാതിയുടെ അടിസ്ഥാനത്തിലോ അന്വേഷണം നടത്തുക. ജയിലുകൾ സന്ദർശിച്ച് തടവുകാരുടെ അവസ്ഥയെക്കുറിച്ച് പഠിക്കുക, മനുഷ്യാവകാശവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുകയും അത്തരം കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക തുടങ്ങിയവയാണ് മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ

15. കരുതൽ തടങ്കൽ എന്താണെന്ന് വ്യക്തമാക്കുക

ഉ. കുറ്റം ചെയ്യാൻ സാധ്യതയുണ്ടെന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തികളെ കുറച്ച് സമയത്തേക്ക് നടപടിക്രമങ്ങളൊന്നും കൂടാതെ അറസ്റ്റ് ചെയ്യാം. ഇത് കരുതൽ തടങ്കൽ എന്നറിയപ്പെടുന്നു. ഒരു വ്യക്തി രാഷ്ട്രത്തിന്റെ സുരക്ഷക്കോ, സമാധാനത്തിനോ ഭീഷണി ഉയർത്തുമെന്ന് ഗവൺമെന്റിന് തോന്നുകയാണെങ്കിൽ അയാളെ അറസ്റ്റ് ചെയ്യാനും വിചാരണ കൂടാതെ തടങ്കലിൽ വയ്ക്കാനും ഗവൺമെന്റിന് അധികാരമുണ്ട്. മൂന്ന് മാസം വരെയാണ് കരുതൽ തടങ്കൽ നീട്ടിക്കൊണ്ട് പോകാൻ കഴിയുക. മൂന്ന് മാസത്തിന് ശേഷം ഈ കേസ് ഒരു ഉപദേശകസമിതിക്ക് മുൻപാകെ പുനഃപരിശോധനയ്ക്ക് വിധേയമാക്കണം.

16.റിട്ടുകൾ എന്നാൽ എന്ത് ?പ്രധാനപ്പെട്ട റിട്ടുകളെക്കുറിച്ച് വിശദീകരിക്കുക

ഉ. മൗലികാവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ കോടതികൾ പുറപ്പെടുവിക്കുന്ന ഉത്തരവുകളാണ് റിട്ടുകൾ. പ്രധാനപ്പെട്ട റിട്ടുകൾ താഴെപ്പറയുന്നു



വിജയഭേരി മലപ്പുറം ജില്ലാ പഞ്ചായത്ത്.

ഹേബിയസ് കോർപ്പസ്

അന്യായമായി ഒരാളെ തടങ്കൽ തടങ്കലിൽ വയ്ക്കുന്നതിന് എതിരെയുള്ള തെറ്റാണ് ഇത് ഇത് ശരീരം ഹാജരാക്കുക എന്നതാണ് ഈ വാക്കിന്റെ അർത്ഥം .അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ കോടതിക്ക് മുൻപാകെ ഹാജരാക്കാൻ കോടതി ആവശ്യപ്പെഒരു വ്യക്തിയെ അറസ്റ്റ് ചെയ്യാനുണ്ടായ കാരണങ്ങളോ അതിന്റെ രീതിയോ നിയമാനുസൃതമോ, തൃപ്തികരമോ അല്ലെങ്കിൽ ആ വ്യക്തിയെ സ്വതന്ത്രമാക്കാൻ കോടതിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

മൻഡാമസ് : ഒരു ഉദ്യോഗസ്ഥൻ തന്റെ നിയമപരമായ കർത്തവ്യം നിറ്റാവേതിരിക്കുന്നതു മൂലം മറ്റൊരു വ്യക്തിയുടെ അവകാശം ഹനിക്കപ്പെടുന്നതായി കോടതി കണ്ടെത്തുമ്പോൾ പുറപ്പെടുവിക്കുന്ന റിട്ടാണ് മാൻഡമസ്.

പ്രൊഹിബിഷൻ : തങ്ങളുടെ അധികാരപരിധിയിൽ വരാത്ത ഒരു കേസ് കീഴ്ക്കോടതികൾ പരിഗണിക്കുന്നത് വിലക്കികൊണ്ടുള്ള മേൽക്കോടതിയുടെ (സുപ്രീംകോടതിയോ ഹൈക്കോടതിയോ ) ഉത്തരവാണ് പ്രൊഹിബിഷൻ.

ക്വോവാറന്റോ : ഒരു ഉദ്യോഗസഥൻ അദ്ദേഹത്തിന് അർഹതയില്ലാത്ത സഥാനം വഹിക്കുന്നതായി കോടതി കണ്ടെത്തുകയാണെങ്കിൽ അദ്ദേഹത്തെ അതിൽ നിന്ന് തടഞ്ഞുകൊണ്ട് കോടതി പുറപ്പെടുവിക്കുന്ന റിട്ടാണ് ക്വോവാറന്റോ.

സെർഷ്യോററി ഒരു കീഴ്ക്കോടതിയിലെയോ മറ്റ് അധികാര സഥാനത്തിന്റെയോ മുൻപാകെ പരിഗണനയിൽ ഇരിക്കുന്ന ഒരു കേസ് മേൽക്കോടതിയിലേക്കോ അല്ലെങ്കിൽ ഉന്നത അധികാര സ്ഥാനത്തിലേക്കോ കൈമാറ്റം ചെയ്യാനുള്ള ഉത്തരവാണ് ഈ റിട്ട്

17. ഭരണഘടന പൗരന് ഉറപ്പ് നൽകുന്ന മൗലിക അവകാശങ്ങൾ ഏതെല്ലാം ?

ഉ: ഭരണഘടനയിലെ ഭാഗം III ൽ 14 ആം വകുപ്പ് മുതൽ 32 വകുപ്പ് വരെയുള്ള ഭാഗങ്ങൾ മൗലികാവകാശങ്ങളെ കുറിച്ച് വിവരിക്കുന്നു.1979 വരെ 7 മൗലികാവകാശങ്ങൾ പൗരന് നൽകി വന്നിരുന്നു. 1979 ൽ 44 ആം ഭേദഗതിയിലൂടെ സ്വത്തവകാശത്തെ മൗലിക അവകാശങ്ങളിൽ നിന്നും ഒഴിവാക്കി. ഇപ്പോൾ 6 മൗലികാവകാശങ്ങൾ പൗരന് നല്കിവരുന്നു ഇന്ത്യൻ ഭരണഘടനയിൽ മൗലികാവകാശങ്ങളുടെ ഒരു പട്ടിക ഉൾപ്പെടുത്തിയിട്ടുണ്ട്.മൗലിക അവകാശങ്ങൾക്ക് വേണ്ടിയുള്ള ആവശ്യം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്നു. മൗലികാവകാശങ്ങൾ അനുവദിക്കണമെന്ന ആവശ്യം ആദ്യമായി മുന്നോട്ടു വച്ചത് മോത്തിലാൽ നെഹ്റു കമ്മിറ്റിയാണ്.

ഭരണഘടനയിലെ മൗലിക അവകാശങ്ങൾ

1. സമത്വാവകാശം. Right to equality

2. സ്വാതന്ത്ര്യത്തിനുള്ള അവകാശം. Right to Freedom

3. ചൂഷണത്തിനെതിരെയുള്ള അവകാശം. Right Against Exploitation

4. മതസ്വാതന്ത്ര്യത്തിനുള്ള അവകാശം. Right to Freedom of religion

5. സാംസ്കാരികവും വിദ്യാഭ്യാസ പരവുമായ അവകാശം. Cultural and Educational rights

6. ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം. Right to Constitutional Remedies

I സമത്വഅവകാശം Right to equality 14–18 വകുപ്പുകൾ
സമത്വ അവകാശം ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന പ്രമാണ മാണ്. 14 മുതൽ 18 വരെയുള്ള വകുപ്പുകളിൽ അവ വ്യക്ത മായി വിശദീകരിച്ചിട്ടുണ്ട്.

നിയമത്തിനു മുന്നിൽ സമത്വം,നിയമം മുഖേന തുല്യ സംരക്ഷണം എന്നിവ ഉറപ്പ് നൽകുന്നു. വകുപ്പ് 14

വിവേചനത്തിൽ നിന്നും സംരക്ഷണം നൽകുന്നു വകുപ്പ് 15
മതം, വർഗ്ഗം, ജാതി, ലിംഗം, ജന്മദേശം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം നിരോധിക്കുന്നു.

അവസര സമത്വം ഉറപ്പ് നൽകുന്നു . വകുപ്പ് 16
ഇത് സർക്കാർ ജോലിയുടെ കാര്യത്തിൽ പൗരന്മാർക്ക് അവസരസമത്വം നൽകുന്നു.

അയിത്ത നിർമാർജനം ഉറപ്പ് നൽകുന്നു. വകുപ്പ് 17
ഇത് അയിത്തം നിരോധിക്കുന്നു. അതിന്റെ ഏതെങ്കിലും രൂപത്തിലുള്ള ആചരണം നിയമ പ്രകാരം ശിക്ഷാർഹമാക്കിയിരിക്കുന്നു.

ബഹുമതികൾ സ്വീകരിക്കുന്നത് തടയുന്നു . വകുപ്പ് 18
പട്ടാള ബഹുമതികളും വിദ്യാഭ്യാസ ബഹുമതികളുമൊഴിച്ചുള്ള ബഹുമതികൾ നൽകുന്നതിൽ നിന്ന് വകുപ്പ് രാഷ്ട്രത്തെ വിലക്കുന്നു.

II) സ്വാതന്ത്ര്യത്തിനുള്ള അവകാശം Right to Freedom 19–22 വകുപ്പുകൾ
ഭരണഘടനയിലെ 19 മുതൽ 22 വരെയുള്ള വകുപ്പുകൾ ഇന്ത്യൻ പൗരന്മാർക്കുള്ള സ്വാതന്ത്ര്യത്തിനുള്ള അവകാശം ഉറപ്പാക്കുന്നു. ഈ അവകാശം പൗരസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനമാണ്.
ഇന്ത്യൻ പൗരൻമാർക്ക് താഴെ നൽകുന്ന ആറ് അവകാശങ്ങൾ ഉറപ്പുനൽകുന്നു. വകുപ്പ് 19

1. സംഭാഷണ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഉള്ള അവകാശം.

2. സമ്മേളന സ്വാതന്ത്ര്യം

3. സംഘടനാ സ്വാതന്ത്ര്യം

4. സഞ്ചാരസ്വാതന്ത്ര്യം

5. പാർപ്പിട സ്വാതന്ത്ര്യം

6. തൊഴിൽ, വ്യാപാരം, വാണിജ്യം, വയവസായം എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം.

കുറ്റകൃത്യങ്ങൾക്കുള്ള അന്യായമായ ശിക്ഷക്കെതിരെയുള്ള സംരക്ഷണം ഉറപ്പ് നൽകുന്നു വകുപ്പ് 20



വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

വ്യക്തിസ്വാതന്ത്ര്യവും ജീവിത സ്വാതന്ത്ര്യവും ഉറപ്പ് നൽകുന്നു. വകുപ്പ് 21

അന്യായമായ അറസ്റ്റിനും തടങ്കലിനുമെതിരെ സംരക്ഷണം നൽകുന്നു വകുപ്പ് 22

III. ചൂഷണത്തിനെതിരെയുള്ള അവകാശം ( 23– 24 വകുപ്പുകൾ) Right Against Exploitation
ഭരണഘടനയിലെ 23 ഉം 24 ഉം വകുപ്പുകൾ ചൂഷണത്തിനെതിരെയുള്ള അവകാശങ്ങൾ ഉറപ്പുനൽകുന്നു.

അസന്മാർഗ്ഗിക ചെയ്തികളെയും അടിമപ്പണിയെയും മറ്റു നിർബന്ധിത തൊഴിലുകളെയും നിരോധിക്കുന്നു. വകുപ്പ് 22

ഏതെങ്കിലും ഫാക്ടറിയിൽ, അല്ലെങ്കിൽ ഖനിയിൽ അതുമല്ലെങ്കിൽ അപകടകരമായ മറ്റേതെങ്കിലും മേഖലകളിൽ 14 വയസ്സിൽ താഴെയുള്ള കുട്ടിക ളെക്കൊണ്ട് തൊഴിൽ ചെയ്യിക്കുന്നത് നിരോധിക്കുന്നു. വകുപ്പ് 23

IV. മതസ്വാതന്ത്ര്യത്തിനുള്ള അവകാശം 25–28 (Right to Freedom of Religion)
ഒരു മതേതര ജനാധിപത്യ രാഷ്ട്രമാണ് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്നത്. അതിനാൽ മതസ്വാതന്ത്ര്യയത്തിനുള്ള അവകാശം ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്നു.

ഭരണഘടനയുടെ വകുപ്പ് 25 വ്യക്തികൾക്ക് സ്വന്തം മനസാക്ഷിക്കനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം അനുവദിക്കുന്നു. ഇഷ്ടമുള്ള മതം സ്വീകരിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്ന തിനുള്ള അവകാശം നൽകുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതപരമായ ബോധനങ്ങൾ നൽകുന്നത് ഭരണഘടനയിലെ 28 വകുപ്പ് നിരോധിക്കുന്നു.

V. സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ ((29, 30 വകുപ്പുകൾ) (Cultural and Educational rights)
ഭരണഘടനയുടെ 29, 30 വകുപ്പുകളിലാണ് സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ത്. നമ്മുടെ ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് അവരുടെ ഭാഷ, ലിപി, സംസ്കാരം എന്നിവക്കും സംരക്ഷണം നൽകുന്നു. മതമോ ഭാഷയെ പരിഗണിക്കാതെ എല്ലാ ന്യൂനപക്ഷങ്ങൾക്കും ഇഷ്ടകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനുള്ള അവകാശവും ഉറപ്പ് നൽകുന്നു.

VI. ഭരണഘടനാപരമായ പ്രതിവിധികൾക്കുള്ള അവകാശം. വകുപ്പ് 32 (Right to Constitutional Remedies )
ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശത്തെ ഡോ അംബേദ്കർ "ഭരണഘടനയുടെ ഹൃദയവും ആത്മാവും' എന്നാണ് വിശേഷിപ്പിച്ചത്. മൗലികാവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ പുനഃസ്ഥാപിച്ചു കിട്ടുന്നതിന് വകുപ്പ് 32 പ്രകാരം സുപ്രീംകോടതിയെയോ വകുപ്പ് 226 പ്രകാരം ഹൈക്കോടതിയെയോ സമീപിക്കാൻ പൗരന് അവകാശം നൽകുന്നു.
മൗലിക അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി കോടതി പലതരത്തിലുള്ള പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കുന്നു. ഇവ റിട്ടുകൾ എന്നറിയപ്പെടുന്നു.
റിട്ടുകളിൽ ചിലത് താഴെ കൊടുക്കുന്നു.

1. ഹേബിയസ് കോർപ്പസ് 2. മൻഡമസ് 3. പ്രൊഹിബിഷൻ 4. കോവാറന്റോ 5.സെർഷ്യറി.

# 3. തിരഞ്ഞെടുപ്പും പ്രാതിനിധ്യവും (Election and Representation)

1. ഇന്ത്യയിലെ ലോകസഭാ ,നിയമ സഭാ തിരെഞ്ഞെടുപ്പുകൾ ഏത് വ്യവസ്ഥ പ്രകാരമാണ് ?
ഉ. FTTP (കേവല ഭൂരിപക്ഷ സമ്പ്രദായം)

2. രാജ്യസഭയിലെ അംഗങ്ങളെ തിരെഞ്ഞെടുക്കുന്നത് ഏത് വ്യവസ്ഥ, പ്രകാരമാണ് ?
ഉ : ആനുപാതിക പ്രാതിനിധ്യം

3. രാജ്യസഭാ അംഗങ്ങളെ തെരഞ്ഞെടുക്കുന്ന ആരാണ് ?
ഉ: MLA മാർ

4. വോട്ടിങ്ങ് പ്രായം 21 ൽ നിന്നും 18 ആക്കി മാറ്റിയ വർഷം
ഉ: 1989, 61–ആം ഭേദഗതിയിലൂടെ

5. മണ്ഡലങ്ങളുടെ സംവരണം സംബന്ധിച്ച തീരുമാനമെടുക്കുന്ന കമ്മീഷൻ ഏത് ?
ഉ: അതിർത്തി നിർണ്ണയ കമ്മീഷൻ (Delimitation Commission)

6. മണ്ഡലങ്ങളുടെ അതിർത്തികൾ നിർണ്ണയിക്കുന്ന കമ്മീഷന്റെ പേരെന്ത് ?
ഉ:അതിർത്തി നിർണ്ണയ കമ്മീഷൻ (Delimitation Commission)

7. കേവല ഭൂരിപക്ഷ വ്യവസ്ഥയും ആനുപാതിക പ്രാതിനിധ്യവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ?

ഉ: കേവല ഭൂരിപക്ഷ വ്യവസ്ഥ (FTTP System)

- ഈ വ്യവസ്ഥ പ്രകാരം രാജ്യത്തെ അനേകം നിയോജകമണ്ഡലങ്ങൾ അഥവാ ജില്ലകളായി വിഭജിക്കുന്നു.
- ഓരോ നിയോജക മണ്ഡലവും ഓരോ പ്രതിനിധിയെ തിരഞ്ഞെടുക്കുന്നു.
- സമ്മതിദായകർ വോട്ട് ചെയ്യുന്നത് സ്ഥാനാർഥിക്കാണ്.
- ഒരു കക്ഷിക്ക് അതിനു കിട്ടിയ വോട്ടിന്റെ വിഹിതത്തെക്കാൾ കൂടുതൽ സീറ്റുകൾ നിയമനിർമാണസഭയിൽ ലഭിച്ചു എന്ന് വരാം.
- തെരഞ്ഞെടുപ്പിൽ വിജയിക്കുന്ന സ്ഥാനാർഥിക്ക് ഭൂരിപക്ഷ വോട്ടുകൾ ( 50% +1) കിട്ടിക്കൊള്ളണമെന്നില്ല.
- യുകെ, ഇന്ത്യ എന്നിവിടങ്ങളിൽ ഈ വ്യവസ്ഥ നിലനിൽക്കുന്നു.

ആനുപാതിക പ്രാതിനിധ്യം (PR System)

- ഈ വ്യവസ്ഥ അനുസരിച്ച് രാജ്യത്തെ മുഴുവൻ ഒരു ഏക നിയോജകമണ്ഡലം ആയി കണക്കാക്കുന്നു.
- ഒരു നിയോജക മണ്ഡലത്തിൽ നിന്ന് ഒന്നിലധികം പ്രതിനിധികളെ തെരഞ്ഞെടുക്കാം.
- സമ്മതിദായകർ വോട്ട് ചെയ്യുന്നത് രാഷ്ട്രീയ കക്ഷിക്കാണ്.
- ഓരോകക്ഷിക്കും അതിന് കിട്ടിയ വോട്ടുകളുടെ ശതമാനത്തിന് ആനുപാതികമായി നിയമ നിർമാണ സഭയിൽ സീറ്റുകൾ ലഭിക്കുന്നു.
- തെരഞ്ഞെടുപ്പിൽ വിജയിക്കുന്ന സ്ഥാനാർത്ഥിക്ക് ഭൂരിപക്ഷം വോട്ട് ലഭിക്കുന്നു.

- ഇസ്രായേൽ,നെതർലാൻഡ് എന്നിവിടങ്ങളിൽ ഈ വ്യവസ്ഥ നിലനിൽക്കുന്നു

8. നമ്മുടെ തിരഞ്ഞെടുപ്പ് വ്യവസ്ഥക്ക് പലതരത്തിലുള്ള പോരായ്മകളുമുണ്ട്. ഇവ പരിഹരിക്കുന്നതിനുള്ള തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ നിർദ്ദേശിക്കുക.

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

ഉ: ഒരു തിരഞ്ഞെടുപ്പ്സമ്പ്രദായവും കുറ്റമറ്റതായിരിക്കില്ല .യഥാർത്ഥ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ അനേകം കുറ്റങ്ങളും കുറവുകളും ഉണ്ടാകും.
തിരഞ്ഞെടുപ്പ് പരിഷ്കരണത്തിനുള്ള പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

1. ഇന്ത്യയിലെ തിരഞ്ഞെടുപ്പ്വ്യവസ്ഥ കേവല ഭൂരിപക്ഷ സമ്പ്രദായത്തിൽനിന്ന് ആനുപാതിക സമ്പ്രദായത്തിലേക്കു മാറണം.
2. പാർലമെന്റിലും അസാംബ്ലികളിലും സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തണം.
3. പണത്തിന്റെ സ്വാധീനം തിരഞ്ഞെടുപ്പുകളിൽ നിന്ന് ഒഴിവാക്കണം.
4. കുറ്റവാളികളെ സ്ഥാനാർത്ഥികൾ ആക്കാൻ പാടില്ല.
5. തെരഞ്ഞെടുപ്പുകളിൽ ജാതി മത സ്വാധീനം ഒഴിവാക്കണം.
6. രാഷ്ട്രീയ കക്ഷികളെ നിയന്ത്രിക്കണം.
7. ജനങ്ങൾക്ക് രാഷ്ട്രീയ വിദ്യാഭ്യാസം നൽകണം.
8. തിരഞ്ഞെടുപ്പ്ചെലവുകൾ സർക്കാർ ഒരു പ്രത്യേക ഫണ്ടിൽ നിന്നും നൽകണം

9. തിരഞ്ഞെടുപ്പ് കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും എന്തെല്ലാം ?

ഉ: സ്വതന്ത്രവും നീതിപൂർവ്വകവും നിക്ഷ് പക്ഷ വുമായ തെരെഞ്ഞെടുപ്പ് നടത്താൻ ഇന്ത്യയിൽ ഒരു ഇലക്ഷൻ കമ്മീഷൻ 1950 ൽ സ്ഥാപിതമായി.
ഇന്ത്യൻ ഭരണഘടനയിലെ 324 വകുപ്പാണ് തിരഞ്ഞെടുപ്പ്കമ്മീഷനെ കുറിച്ച് പ്രതിപാദിക്കുന്നത് . തിരഞ്ഞെടുപ്പ്കമ്മീഷൻ ഒരു സ്വതന്ത്ര സ്ഥാപനം ആണ്.
തെരഞ്ഞെടുപ്പിന് മേൽ നോട്ടം ,സംവിധാനം ,നിയന്ത്രണം എന്നീ മൂന്ന് ചുമതലകളാണ് കമ്മീഷൻ മുഖ്യമായും നിർവഹിക്കുന്നത്.
ഇന്ത്യൻ തിരഞ്ഞെടുപ്പ്കമ്മീഷനെ സഹായിക്കുന്നതിനുവേണ്ടി ഓരോ സംസ്ഥാനത്തിലും ഒരു മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഉണ്ട് .
തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് തിരഞ്ഞെടുപ്പ് നടത്താനുള്ള ഉത്തരവാദിത്വം ഈ തിരഞ്ഞെടുപ്പ്കമ്മീഷനില്ല. അതിന്റെ ചുമതല സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാർക്കാണുള്ളത്

തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ
ഇന്ത്യയിലെ തിരഞ്ഞെടുപ്പ്കമ്മീഷൻ വിപുലമായ ചുമതലകൾ ഉണ്ട്. അവ താഴെ നൽകുന്നു.
1. ലോകസഭ, രാജ്യസഭ, നിയമ നിർമ്മാണ സഭകൾ എന്നിവയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുക
2. രാഷ്ട്രപതി,ഉപരാഷ്ട്രപതി എന്നിവരെ തിരഞ്ഞെടുക്കാനുള്ള തിരഞ്ഞെടുപ്പ് നടത്തുക
3. തെരഞ്ഞെടുപ്പിന് ആവശ്യമായ വോട്ടർ പട്ടിക തയ്യാറാക്കുക.
4. വോട്ടർപട്ടിക പരിഷ്കരിക്കുകയും പുതുക്കുകയും ചെയ്യുക.
5. തിരഞ്ഞെടുപ്പ്തീയതികൾ നിശ്ചയിക്കുക
6. തിരഞ്ഞെടുപ്പ് വിജ്ഞ പനം, നാമനിർദേശപത്രിക സമർപ്പിക്കൽ ,ഫലപ്രഖ്യാപനം എന്നീ തിയ്യതികൾ പ്രഖ്യാപിക്കുക.
7. രാഷ്ട്രീയകക്ഷികൾക്ക് അംഗീകാരം നൽകുക.
8. ചിഹ്നങ്ങൾ അനുവദിക്കുക.
9. തിരഞ്ഞെടുപ്പു ചിലവുകൾക്ക് പരിധി നിർണയിക്കുക.
10. തിരഞ്ഞെടുപ്പ്തർക്കങ്ങളും കേസുകളും തീർപ്പാക്കുക.
11. പെരുമാറ്റ ചട്ടം പ്രഖ്യാപിക്കുക.
12. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ നിയമിക്കുക.

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

# 4. കാര്യ നിർവഹണ വിഭാഗം (Executive)

1. തിരഞ്ഞെടുപ്പിലൂടെയല്ലാതെ രാഷ്ട്രീയ പരിഗണനയാൽ മാത്രം നിയമിക്കപ്പെടുന്ന എക്സിക്കുട്ടീവ് ഏത്?

ഉ. സംസ്ഥാന ഗവർണ്ണർ

2. രാജ്യസഭയുടെ അധ്യക്ഷൻ ( എക്സ് ഒഫീഷ്യോ ചെയർമാൻ ) ആരാണ്?

ഉ. ഉപരാഷ്ട്ര പതി.

3. സംസ്ഥാന എക്സിക്കുട്ടീവ് ആരെല്ലാം ഉൾപ്പെട്ടതാണ്?

ഉ. ഗവർണ്ണർ, മുഖ്യ മന്ത്രി, മന്ത്രിമാർ

4. സാധാരണയായി രാഷ്ട്രത്തലവൻ പ്രസിഡന്റും, ഭരണത്തലവൻ പ്രധാനമന്ത്രിയും ആയ കാര്യ നിർവഹണ വിഭാഗം ഏത് ?

ഉ. പാർലമെന്ററി എക്സിക്കുട്ടീവ്.

5. ......................എക്സിക്കുട്ടീവിൽ രാഷ്ട്രത്തലവനും ഭരണത്തലവനും ഒരാളായിരിക്കും.

ഉ. പ്രസിഡൻഷ്യൽ

6. കാര്യ നിർവഹണ വിഭാഗത്തിന് രണ്ട്ഭാഗങ്ങളുണ്ട്. ............., ............. എന്നിവ.

ഉ. രാഷ്ട്രീയ എക്സിക്കുട്ടീവ്., സ്ഥിരംഎക്സിക്കുട്ടീവ്.

7. ഇപ്പോഴത്തെ ഇന്ത്യൻ പ്രസിഡണ്ട് ആര്?

ഉ. രാം നാഥ് കോവിന്ദ്.

8. അർധപ്രസിഡൻഷ്യൽ എക്സിക്കുട്ടീവ് സംവിധാനമുള്ള രാജ്യങ്ങൾക്കുദാഹരണമാണ്.....

ഉ. റഷ്യ, ഫ്രാൻസ്, ശ്രീ ലങ്ക.

9. പ്രസിഡണ്ടിനെ കാലാവധിക്ക് മുമ്പ് നീക്കം ചെയ്യാൻ പാർലമെന്റിന് അധികാരമുണ്ട്. ഈ പ്രക്രിയക്ക് ................ എന്ന് പറയുന്നു.

ഉ. ഇംപീച്ച്മെന്റ് (Impeachment)

10. ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത് ആര്?

ഉ. പാർലമെന്റിലെ ഇരു സഭകളിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളടങ്ങിയ ഇലക്ടറൽ കോളേജാണ് അഞ്ച് വർഷത്തേക്ക് തിരഞ്ഞെടുക്കുന്നത്.

11. തന്നിരിക്കുന്നവ പരിശോധിച്ച് ചുവടെ തന്നിരിക്കുന്നപട്ടിക പൂരിപ്പിക്കുക.
മുഖ്യ മന്ത്രി, ചീഫ് സെക്രട്ടറി, ഗവർണ്ണർ, ജില്ലാ കലക്ടർ.

| പൊളിറ്റിക്കൽ എക്സിക്കുട്ടീവ് | സ്ഥിരം എക്സിക്കുട്ടീവ് |
|---|---|
| | |

ഉ.

| പൊളിറ്റിക്കൽ എക്സിക്കുട്ടീവ് | സ്ഥിരം എക്സിക്കുട്ടീവ് |
|---|---|
| മുഖ്യ മന്ത്രി<br>ഗവർണ്ണർ | ചീഫ് സെക്രട്ടറി<br>ജില്ലാ കലക്ടർ |

12. ചേരുംപടി ചേർക്കുക. A കോളത്തിലുള്ളതിന് യോജിച്ചത് B കോളത്തിൽ നിന്ന് എടുത്തെഴുതുക.

| A | B |
|---|---|
| IAS | അക്കൗണ്ടന്റ് ജനറൽ |
| IPS | അംബാസഡർ |
| IFS | ജില്ലാ കലക്ടർ |
| IRS | ജില്ലാ പോലീസ് മേധാവി |

ഉ.

| A | B |
|---|---|
| IAS | ജില്ലാ കലക്ടർ |
| IPS | ജില്ലാ പോലീസ് മേധാവി |
| IFS | അംബാസഡർ |
| IRS | അക്കൗണ്ടന്റ് ജനറൽ |

13. കേന്ദ്രത്തിൽ 3 തരം മന്ത്രിമാരുണ്ട്. ഏതെല്ലാം?

ഉ. ക്യാബിനറ്റ് മന്ത്രിമാർ, സഹമന്ത്രിമാർ, ഉപമന്ത്രിമാർ എന്നിങ്ങനെ തിരിച്ചിരിക്കുന്നു.

14 കുറിപ്പെഴുതുക. ഇന്ത്യൻ പ്രസിഡണ്ട്– അധികാരം, പദവി, തെരഞ്ഞെടുപ്പ്....

ഉ. ഇന്ത്യൻ റിപ്പബ്ലിക്കിന്റെ തലവനാണ് രാഷ്ട്രപതി.നാമമാത്ര അധികാരങ്ങൾ മാത്രമേയുള്ളൂ. അഞ്ച് വർഷകാലാവധിയിൽ, ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയിലെ ഏക കൈമാറ്റ വോട്ട് രീതി(STV)യിൽ , പാർമെന്റിലെയും ,കേന്ദ്ര ഭരണപ്രദേശങ്ങൾ, സംസ്ഥാന നിയമസഭകളിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ അടങ്ങിയ ഇലക്ടറൽ കോളേജ് ആണ് രാഷ്ട്രപതിയെ തെരഞ്ഞെടു ക്കുന്നത്. 35 വയസ്സ് പൂർത്തിയായതും, ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ യോഗ്യതയുമുള്ള എല്ലാ ഇന്ത്യൻ പൗരന്മാർക്കും രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ മത്സരിക്കാം.

15.ഉപരാഷ്ട്ര പതിയുടെ അധികാരങ്ങൾ / ചുമതലകൾ ഏതെല്ലാം?

ഉ. രാജ്യ സഭയുടെ അധ്യക്ഷനാണ് ഉപരാഷ്ട്ര പതി. ( Ex- officio chairman). മരണം, ഇംപീച്ച്മെന്റ്, രാജി എന്നിവ മൂലം രാഷ്ട്രപതിയുടെ ഒഴിവ് വന്നാൽ ആ പദവി വഹിക്കേണ്ടത് ഉപരാഷ്ട്ര പതിയാണ്. രാഷ്ട്രപതി വിദേശത്ത് ആയിരിക്കുമ്പോഴും തന്റെ ചുമതലകൾ വഹിക്കാൻ സാധിക്കാതെ വരുമ്പോഴും ആ ചുമതലകൾ നിർവഹിക്കേണ്ടത് ഉപ രാഷ്ട്രപതിയാണ്.

16.രാഷ്ട്രപതിയുടെ വിവേചനാധികാരങ്ങൾ ( Discretionary Powers) ഏവ?

ഉ.

1. Pocket veto. ധന ബില്ലുകളൊഴികെയുള്ള ബില്ലുകൾക്ക് അംഗീകാരം നൽകാതെ വച്ച് താമസിപ്പിച്ച് നിർവീര്യമാക്കാൻ കഴിയുന്ന വീറ്റോ അധികാരം
2. മന്ത്രിസഭ നൽകിയ ഉപദേശം തിരിച്ചയക്കാനുള്ള അധികാരം
3. പാർലമെന്റിൽ ഒരു കക്ഷിക്കും വ്യക്തമായ ഭൂരിപക്ഷം ഇല്ലാത്ത സന്ദർഭങ്ങളിൽ , മന്ത്രി സഭ രൂപീകരിക്കാൻ അവകാശവാദം ഉന്നയിക്കുന്നവരിൽ ആർക്കാണർഹത എന്ന് തീരുമാനിക്കാൻ പ്രസിഡന്റിന് അധികാരമുണ്ട്.

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

17. Indian Civil Service ന്റെ ഘടന വിശദീകരിക്കുക.

ഉ. Indian Civil Service 3 തരത്തിലുണ്ട്.

1. അഖിലേന്ത്യാ സർവീസ് (All India Service).സംസ്ഥാന ഗവൺമെന്റിന് കീഴിലോ, കേന്ദ്രഗവൺമെന്റിന് കീഴിലോ ജോലി ചെയ്യുന്നു. UPSC നടത്തുന്ന, Civil service exams വഴി നിയമിക്കപ്പെടുന്നു. eg: IAS, IPS , IFS, All India Judicial Service, Indian Forest service,
2. കേന്ദ്ര സർവീസ് (Central Service) UPSC നിയമിക്കുന്നു. കേന്ദ്ര ഗവൺമെന്റിന് കീഴിൽ ജോലി ചെയ്യുന്നു. Indian Railway service, Indian Postal service, Central Engineering Service തുടങ്ങിയവ കേന്ദ്ര സർവീസിൽ പെടുന്നു.
3. സംസ്ഥാന സർവീസ് ( State Service) സംസ്ഥാന ഗവൺമെന്റുകൾക്ക് കീഴിൽ ജോലി ചെയ്യുന്നു. State PSC നിയമിക്കുന്നു.

18. ഇന്ത്യയിലെ പാർലമെന്ററി എക്സിക്യൂട്ടീവിനെ കുറിച്ച് ചർച്ച ചെയ്യുക

ഉ. ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ശാഖയാണ് എക്സിക്യൂട്ടീവ് .ഇന്ത്യൻ ഭരണഘടനകേന്ദ്രത്തിലും സംസ്ഥാനത്തിലും ഒരു പാർലമെന്ററി എക്സിക്യൂട്ടീവ് വ്യവസ്ഥയാണ് സ്വീകരിച്ചിട്ടുള്ളത്. ഇന്ത്യയിൽ രണ്ട് തലങ്ങളിലുള്ള എക്സിക്യൂട്ടീവ് ആണുള്ളത്. ക്രേന്ദ്രതലത്തിലും സംസ്ഥാനതലത്തിലും. രാഷ്ട്രപതി,ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, മന്ത്രിസഭ എന്നിവർ അടങ്ങിയതാണ് കേന്ദ്ര എക്സിക്യൂട്ടീവ് അഥവാ യൂണിയൻ എക്സിക്യൂട്ടീവ്. ഗവർണർ, മുഖ്യമന്ത്രി, മന്ത്രിസഭാ എന്നിവ അടങ്ങിയതാണ് സംസ്ഥാനങ്ങളിലെ എക്സിക്കുട്ടീവ്.

19. വിവിധ തരം എക്സിക്കുട്ടീവുകൾ ഏതെല്ലാം? വിവരിക്കുക

ഉ. 1. പ്രസിഡൻഷ്യൽ എക്സിക്കുട്ടീവ്(Presidential executive)-വ്യക്തി നേതൃത്വത്തിന്റെ അടിസ്ഥാനത്തിലുള്ളത്.രാഷ്ട്രത്തലവനും ഭരണത്തലവനും ഒരാളായിരിക്കും.-President. പ്രസിഡണ്ടിന് അതിശക്തമായ അധികാരങ്ങളുണ്ടായിരിക്കും. eg:. യുഎസ്എ, ബ്രസീൽ.

2. പാർലമെന്ററി എക്സിക്കുട്ടീവ്. (Parliamentary executive). കൂട്ടായ നേതൃത്വത്തിന്റെ അടിസ്ഥാനത്തിലുള്ളത്. രാഷ്ട്രത്തലവനും ഭരണത്തലവനും വ്യത്യസ്ഥരായിരിക്കും. സാധാരണയായി രാഷ്ട്രത്തലവൻ പ്രസിഡന്റും, ഭരണത്തലവൻ പ്രധാനമന്ത്രിയും ആയിരിക്കും. രാഷ്ട്രത്തലവന് നാമ മാത്രമായ അധികാരം മാത്രം. (ആലങ്കാരിക പദവി മാത്രം) യഥാർത്ഥ അധികാരം പ്രധാനമന്ത്രിക്കും മന്ത്രിസഭക്കും ആയിരിക്കും .നിയമസഭയിൽ ഭൂരിപക്ഷമുള്ള കക്ഷിയുടെ നേതാവായിരിക്കും പ്രധാനമന്ത്രി. eg: ഇന്ത്യ, ബ്രിട്ടൻ, ഇറ്റലി, ജർമ്മനി.

3.അർധപ്രസിഡൻഷ്യൽ എക്സിക്കുട്ടീവ്. (Semi presidential executive). കൂട്ടായ നേതൃത്വത്തിന്റെ അടിസ്ഥാനത്തിലുള്ളത്. രാഷ്ട്രത്തലവൻ പ്രസിഡന്റും, ഭരണത്തലവൻ പ്രധാനമന്ത്രിയും ആയിരിക്കും. ഈ രീതിയൽ രാഷ്ട്രത്തലവന് ദൈനംദിന ഭരണത്തിൽ ഇടപെടാനുള്ള അധികാരമുണ്ട്. പ്രധാനമന്ത്രിക്കും മന്ത്രിസഭക്കും നിയമസഭയോട് ഉത്തരവാദിത്തമുണ്ട്.
eg:ഫ്രാൻസ്, ശ്രീലങ്ക, റഷ്യ.

20. ഇന്ത്യൻ പ്രധാനമന്ത്രിയുടെ അധികാരങ്ങളും പദവുയും വിശദീകരിക്കുക.

ഉ. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 74 പ്രകാരം പ്രസിഡന്റിനെ ഉപദേശിക്കുന്ന തിനായി ഒരു പ്രധാനമന്ത്രിയും മന്ത്രിസഭയും ഉണ്ടായിരിക്കണം. പാർലമെന്ററി ഭരണ സംവിധാനത്തിൽ പ്രധാനമന്ത്രിയാണ് യഥാർത്ഥ എക്സിക്കുട്ടീവ് അധികാരി. ലോകസഭയുടെ നേതാവ് കൂടിയായ പ്രധാനമന്ത്രിയുടെ ഉപദേശം അനുസരിക്കാൻ പ്രസിഡന്റ് ബാധ്യസ്ഥനാണ്. ലോകസഭയിൽ ഭൂരിപക്ഷംമുള്ളിടത്തോളം കാലം മാത്രമേ പ്രധാന മന്ത്രിക്ക് ആ സ്ഥാനത്ത് തുടരാൻ അർഹതയുള്ളു ലോകസഭയിലെ ഭൂരിപക്ഷമുള്ള

കക്ഷിയുടെ, അല്ലെങ്കിൽ സഖ്യത്തിന്റെ നേതാവിനെയാണ് പ്രസിഡന്റ്, പ്രധാനമന്ത്രിയായി നിയമിക്കേണ്ടത്. മന്ത്രി സഭാംഗങ്ങളായി നിയമിക്കേണ്ടവർ ആരെല്ലമാണ് അവരുടെ വകുപ്പ്, പദവി എന്നിവയും തീരുമാനിക്കാനുള്ള അധികാരംപ്രധാനമന്ത്രിക്കാണ്. യഥാർത്ഥത്തിൽ പ്രധാനമന്ത്രി, മന്ത്രിസഭയും പ്രസിഡന്റും തമ്മിലും, ലോക് സഭയും പ്രസിഡന്റും തമ്മിലുള്ള ഒരു കണ്ണിയായിട്ടാണ് പ്രവർത്തിക്കുന്നത്. ഗവൺമെന്റിന്റെ എല്ലാ തീരുമാനങ്ങളും എടുക്കുന്നത് പ്രധാനമന്ത്രിയുടെയും മന്ത്രിസഭയുടെയും പേരിലാണ്.

പ്രധാനമന്ത്രിയുടെ രാജി, മരണം മുതലായവ മന്ത്രിസഭയുടെ പിരിച്ച് വിടലായികണക്കാക്കുന്നു. പ്രധാനമന്ത്രിയുടെ അധികാരങ്ങൾ വളരെ വിപുലവും ശക്തവുമാണ്.മന്ത്രിസഭയുടെ മേലുള്ള നിയന്ത്രണം, ലോകസഭയുടെ നേതൃത്വം, ബ്യൂറോക്രസിയുടെ മേലുള്ള ആജ്ഞാശക്തി, മാധ്യമ സ്വാധീനം, അന്തർ ദേശീയ രംഗത്തെ ദേശീയ നേതാവെന്നപ്രതിഛായ എന്നിവയെല്ലാം പ്രധാനമന്ത്രിയുടെ അധികാരത്തെ കാണിക്കുന്നു. അതിനാൽ തന്നെ പ്രധാനമന്ത്രിയെ, മന്ത്രിസഭാ കമാനത്തിന്റെ ആണിക്കല്ല്, (Prime minister is the key stone of Cabinet Arch –JL Nehru) തുല്ല്യൻമാർക്കിടയിലെ അതുല്ല്യൻ എന്നെല്ലാം വിശേഷിപ്പിക്കുന്നു.

21.സ്ഥിരം എക്സിക്യൂട്ടീവിനെ (ബ്യൂറോക്രസി) കുറിച്ച് കുറിപ്പ് തയ്യാറാക്കുക

ഉ. നയങ്ങൾ രൂപീകരിക്കാൻ മന്ത്രിമാരെ സഹായിക്കുകയും ആ നയങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്ന ഗവൺമെന്റ് ഉദ്യോഗസ്ഥ വിഭാഗത്തെയാണ് ബ്യൂറോക്രസി എന്ന് പറയുന്നത്. ഇതിനെ സിവിൽസർവീസ് ( Civil Service) എന്നും വിളിക്കുന്നു. ഭരണകാര്യങ്ങളിൽ വൈദഗ്ദ്യവും പരിശീലനവും ഉള്ളവരാണ് സിവിൽ സർവീസ് ഉദ്യോഗസ്ഥർ.ആധുനിക കാലത്തെ ഭരണം കൂടുതൽസാങ്കേതികത്വം നിറഞ്ഞതാണ്.ഈസാഹചര്യത്തിൽ ഭരണ നിർ വ്വഹണത്തിനുവേണ്ടി സാങ്കേതികപരിജ്ഞാനവും പരിശീലനവും സിദ്ധിച്ച വർ വേണം. രാഷ്ട്രീയ എക്സിക്യൂട്ടീവ് സ്ഥിരമല്ല. എന്നാൽ നേരെമറിച്ച് ബ്യൂറോക്രസി സ്ഥിരം എക്സിക്യൂട്ടീവാണ്.യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ബ്യൂറോക്രസിക്ക് സ്ഥിരമായ ഓദ്യോഗിക കാലാവധി ഉണ്ട്.ബ്യൂറോക്രസി രാഷ്ട്രീയ നിഷ്പക്ഷത പുലർത്തേണ്ടതാണ്. ഓദ്യോഗിക കാര്യങ്ങളിൽ ബ്യൂറോക്രസി രാഷ്ട്രീയ നിലപാട് എടുക്കാൻ പാടില്ലഎന്നതാണ് ഇതിനർത്ഥം.

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

# 5. നിയമ നിർമ്മാണ സഭ (Legislature)

1. രാജ്യസഭാ അംഗങ്ങളുടെ കാലാവധി എത്ര വർഷമാണ്.?
ഉ. ആറ് വർഷം

2. രാജ്യസഭയുടെ അധ്യക്ഷൻ ആരാണ്?
ഉ. ഉപരാഷ്ട്ര പതി.

3. ഇപ്പോഴത്തെ ഉപരാഷ്ട്രപതി ആര്?
ഉ. വെങ്കയ്യ നായിഡു.

4. ലോക് സഭയുടെ ആധ്യക്ഷൻ ആര്?
ഉ. സ്പീക്കർ

5. ഇപ്പോഴത്തെ ലോക് സഭാ സ്പീക്കർ ആരാണ്?
ഉ. ഓം ബിർല.

6. ആദ്യത്തെ ലോക് സഭാ സ്പീക്കർ ആരായിരുന്നു.?
ഉ. ജി.വി.മാവ് ലങ്കർ

7. പാർലമെന്റിന്റെ ഉപരിസഭ ഏത്?
ഉ. രാജ്യ സഭ

8. രാജ്യ സഭയിലേക്ക് രാഷ്ട്രപതി നോമിനേറ്റ് ചെയ്യുന്ന അംഗങ്ങൾ എത്ര?
ഉ. 12

9. ധന ബില്ലുകൾ (money bill ) ആരംഭിക്കാനും ഭേദഗതി ചെയ്യാനുമുള്ള അധികാരം ആർക്കാണ്?
ഉ. ലോക് സഭക്ക് .

10. തന്നിരിക്കുന്നവയെ പട്ടികപ്പെടുത്തുക.
ഉ. സ്ഥിരം സഭ, അധ്യക്ഷൻ സ്പീക്കറാണ്, കാലാവധി അഞ്ച് വർഷമാണ്, അംഗങ്ങളെ നിയമ സഭാംഗങ്ങൾ തെരഞ്ഞെടുക്കുന്നു, അംഗങ്ങളെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു കാലാവധി ആറ് വർഷമാണ്, പാർലമെന്റിലെ ഉപരി സഭയാണ്, പാർലമെന്റിലെ അധോ സഭയാണ്

| **രാജ്യ സഭ** | **ലോക് സഭ** |
|---|---|
| സ്ഥിരം സഭ | അധ്യക്ഷൻ സ്പീക്കറാണ് |
| അംഗങ്ങളെ നിയമ സഭാംഗങ്ങൾ തെരഞ്ഞെടുക്കുന്നു | അംഗങ്ങളെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു. |
| പാർലമെന്റിലെ ഉപരി സഭയാണ്, | പാർലമെന്റിലെ അധോ സഭയാണ്, |
| കാലാവധി ആറ് വർഷമാണ്, | കാലാവധി അഞ്ച് വർഷമാണ്, |

11. ദ്വിമണ്ഡല നിയമനിർമ്മാണ സഭയുടെ ഗുണങ്ങൾ എന്തെല്ലാം?
ഉ. വലിയ രാജ്യങ്ങൾക്കും വൈവിധ്യങ്ങളുള്ള രാജ്യങ്ങൾക്കും ദ്വിമണ്ഡലനിയമനിർമ്മാണ

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

സഭയാണ് അനുയോജ്യം.സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും രാജ്യത്തിലെ എല്ലാ ഭൂമി ശാസ്ത്രമേഖലകൾക്കും പ്രാതിനിധ്യം ലഭിക്കാൻ ദ്വിമണ്ഡല നിയമ നിർമ്മാണ സഭ അനുയോജ്യമാണ് .തിരക്കിട്ട നിയമനിർമ്മാണം മൂലമുണ്ടാകുന്ന അപാകതകൾഒഴിവാക്കാൻ ദ്വിമണ്ഡല നിയമ നിർമാണ സഭ സഹായകമാണ്.

12. രാജ്യസഭയുടെ പ്രത്യേകാധികാരങ്ങൾ എന്തെല്ലാമാണ്?

ഉ. സംസ്ഥാനങ്ങളെ പ്രധിനിധീകരിക്കുന്നതിനാൽ സംസ്ഥാനങ്ങളെ ബാധിക്കുന്ന ഏത് വിഷയവും രാജ്യസഭയുടെ പരിഗണനക്ക് വിടേണ്ടതാണ്. State list ലെ ഏതെങ്കിലും വിഷയം Union list ലേക്ക് മാറ്റുന്നതിനും, അടിയന്തിര സന്ദർഭങ്ങളിൽ State list ലെ ഏതെങ്കിലും വിഷയത്തിൽ നിയമനിർമാണം നടത്തുമ്പോഴും രാജ്യ സഭയുടെ അംഗീകാരം നേടണം.

13. ലോക്സഭയുടെ പ്രത്യേകാധികാരങ്ങൾ എന്തെല്ലാം?

ഉ. പാർലമെന്റിന്റെ ഇരുസഭകളിലും ഏറ്റവും കൂടുതൽ അധികാരമുള്ളത് ലോക്സഭയ്ക്കാണ്. ധന ബില്ലുകളുടെ പൂർണ്ണനിയന്ത്രണം ലോക്സഭയ്ക്കാണ്. ധന ബില്ലുകൾ ലോക്സഭയിൽ മാത്രമേ അവതരിപ്പിക്കാൻ കഴിയൂ. ലോക്സഭ പാസാക്കിയ ധനബില്ലുകൾ നിരാകരിക്കാനോ അതിൽ ഭേദഗതി ചെയ്യാനോ രാജ്യസഭയ്ക്ക് അധികാരമില്ല. ഗവൺമെന്റിനെ അധികാരത്തിൽ നിന്ന് പുറത്താക്കാനുള്ള അധികാരമുള്ളത് ലോക്സഭയ്ക്ക മാത്രമാണ്. കാരണം മന്ത്രിസഭയ്ക്ക് ഉത്തരവാദിത്വമുള്ള ലോക്സഭയോടാണ്.

14. രാജ്യത്തിനാവശ്യമായ നിയമങ്ങൾ നിർമ്മിക്കുന്നത് പാർലമെന്റാണ്. നിയമ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ വിവരിക്കുക

ഉ. ഭരണഘടനയുടെ Article 107 മുതൽ 122 വരെയാണ് നിയമ നിർമ്മാണത്തെ പ്രതിപാദിക്കുന്നത്. അഞ്ച് ഘട്ടങ്ങളുണ്ടിതിന്. എല്ലാ ഘട്ടങ്ങളും രണ്ട് സഭകളിലും പ്രത്യേകം ഉണ്ട്.
1)ഒന്നാം വായന 2) രണ്ടാം വായന 3)കമ്മിറ്റി ഘട്ടം 4) റിപ്പോർട്ട് ഘട്ടം 5) മൂന്നാം വായന

1) **ഒന്നാം വായന.** മന്ത്രി സഭയുടെ അംഗീകാരം നേടിയ ശേഷം ബില്ലിന്റെ അവതരണം വിശദീകരണങ്ങളും, ചർച്ചയുമില്ല. ശേഷം ഗവ. ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നു.
2) **രണ്ടാം വായന.** ഈ ഘട്ടത്തിൽ വിശദമായ ചർച്ചക്ക് നടക്കും. ഭേദഗതികൾ നിർദേശിക്കപ്പെട്ടും .ശേഷം സെലക്ട് കമ്മിറ്റി പരിഗണനക്ക് വിടുന്നു.
3) **കമ്മിറ്റി ഘട്ടം.** ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും അംഗങ്ങളടങ്ങിയ കമ്മിറ്റി ബില്ലിന്റെ ഓരോ വകുപ്പും ഉപവകുപ്പും വിശദമായി ചർച്ച ചെയ്യുന്നു. ആവശ്യമായ ഭേദഗതി വരുത്തുന്നു. റിപ്പോർട്ട് തയ്യാറാക്കുന്നു.(കമ്മിറ്റികൾ ഹ്രസ്വ നിയമ നിർമാണ സഭകൾ എന്നറിയപ്പെടുന്നു)
4) **റിപ്പോർട്ട് ഘട്ടം** ബില്ലിലെ (റിപ്പോർട്ട്) വ്യവസ്ഥകൾ ഓരോന്നും ഒന്നിച്ചോ ഒറ്റക്കോ സഭ ചർച്ച ചെയ്യുന്നു. വോട്ടിനിട്ട് ഭേദഗതികളോടെയോ അല്ലാതെയോ പാസാക്കുന്നു. ബില്ലിൽ സാരമായ മാറ്റം വരുന്ന ഈ ഘട്ടം വളരെ പ്രധാനമാണ്
5) **മൂന്നാം വായന.** സഭയുടെ അന്തിമാംഗീകാരം നേടൽ. വോട്ടിംഗിൽ കേവല ഭൂരിപക്ഷം മതി പാസ്സാകാൻ ഈഘട്ടത്തിന് ശേഷം അടുത്ത സഭയിൽ ഇതേ നടപടരക്രമങ്ങളിലൂടെ കടന്ന് പോകണം. രണ്ട് സഭകളും പാസക്കിയ ബില്ല് രാഷ്ട്രപതിയുടെ അംഗീകാരം കിട്ടിയാൽ നിയമമാകും

15.പാർലമെന്റിന്റെ ചുമതലകൾ ചുരുക്കി വിവരിക്കുക

ഉ.

1) നിയമ നിർമാണം– Union List, concurrent List ഇവയിലെ വിഷയങ്ങളിലും, പ്രത്യേകസാഹചര്യങ്ങളിൽ State List ലെ വിഷയങ്ങളിലും നിയമം നിർമിക്കുക

2) Executive നെ നിയന്ത്രിക്കൽ– മന്ത്രിസഭക്ക് ലോകസഭയോട് കൂട്ടുത്തരവാദിത്തമുണ്ട്. ചോദ്യോത്തരങ്ങളിലൂടെ സഭക്ക് എക്സിക്യൂട്ടീവിനെ നിയന്ത്രിക്കാം .സഭയിൽ ഭൂരിപക്ഷം അംഗങ്ങളുടെ പിന്തുണയുള്ള കാലത്തോളം മാത്രമേ മന്ത്രിസഭക്ക് തുടരാനാകൂ.
3) സാമ്പത്തിക ചുമതല –നികുതി ചുമത്താനും, പണം ഉപയോഗിക്കുന്ന മാർഗങ്ങൾ നിർണയിക്കാനും പാർലമെന്റിന് അധികാരമുണ്ട്. ബജറ്റും , വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറും അവതരിപ്പിക്കുന്നതും പാർലമെന്റിന് മുമ്പിലാണ്.
4) ചർച്ചാപരമായ ചുമതല. – രാജ്യത്തെ സംബന്ധിക്കുന്ന ഏത് വിഷയവും ഭയം കൂടാതെ പാർലമെൻറിനകത്ത് ചർച്ച ചെയ്യാൻ MP മാർക്കധികാരമുണ്ട്. പാർലമെന്റിൽ പറയുന്ന ഒരുകാര്യത്തിന്റെ പേരിലും കേസെടുക്കാനാവുകയില്ല. ഇതാണ് Parliamentary privilege എന്നറിയപ്പെടുന്നത്.
5) ഭരണഘടനാപരമായ ചുമതല– ഭരണഘടനാഭേദഗതി ചെയ്യാൻ പാർലമെൻറിന് അധികാരമുണ്ട്.
6) തെരഞ്ഞെടുപ്പ് ചുമതല – Indian President, Vice President എന്നിവരുടെ തിരഞ്ഞെടുപ്പിൽ പാർലമെന്റിന് വലിയ പങ്കുണ്ട്.
7) നീതിന്യായചുമതല– രാഷ്ട്രപതിയെയും, സുപ്രീംകോടതിയിലെയും, ഹൈക്കോടതിയിലെയും ജഡ്ജിമാരെയും ഇംപീച്ച്ചെയ്യാൻ പാർലമെന്റിനധികാരമുണ്ട്.

16.പാർലമെന്ററി നിയന്ത്രണം എന്നാലെന്ത്? അതിനുള്ള മാർഗങ്ങൾ ഏവ?
ഉ.

Parliamentary ഭരണ രീതിയിൽ നിയമ നിർമാണസഭ, കാര്യ നിർവ്വഹണ വിഭാഗത്തിന്റെ ഉത്തരവാദിത്തം ഉറപ്പ് വരുത്തുന്നതിന് പല മാർഗങ്ങളും സ്വാകരിക്കാറുണ്ട്. അതാണ് **പാർലമെന്ററി നിയന്ത്രണം** എന്നറിയപ്പെടുന്നത്. അതിനുള്ള വിവിധ തന്ത്രങ്ങൾ താഴെ പറയുന്നു.

1. പര്യലോചനകളും ചർച്ചകളും (Deliberations and discussions). ബില്ലിന്മേലുള്ളതും അല്ലാത്തതുമായ ചർച്ചകൾ, ചോദ്യോത്തര വേള, ശൂന്യ വേള , അടിയന്തിര പ്രമേയം അരമണിക്കൂർ ചർച്ച തുടങ്ങിയവയിൽ ഉന്നയിക്കുന്ന പൊതു വിഷയങ്ങൾ Executive നെ ഉത്തരവാദിത്ത ബോധമുള്ളവരാക്കുന്നു. ചോദ്യോത്തര വേളക്ക് മന്ത്രി മറുപടി പറയൽ നിർബന്ധമാണ്.
2. നിയമങ്ങൾ അംഗീകരിക്കൽ / തിരസ്കരിക്കൽ (Approval / Refusal of Bills ) പാർലമെന്റ് അംഗീകരിച്ചാലേ ബില്ലുകൾ നിയമമാകൂ. ബില്ല് അംഗീകരിക്കുന്നതിലൂടെയും തിരസ്കരിക്കുന്നതിലൂടെയും Legislature ന് executive നെ നിയന്ത്രിക്കാം
3. ധനപരമായ നിയന്ത്രണം (Financial control) ഗവ. പരിപാടികൾ നടപ്പാക്കാൻ ബജറ്റിൽ വകയിരുത്തിയ തുക സഭ അംഗീകരിക്കേണ്ടതുണ്ട്. CAG, PAC , തുടങ്ങിയവയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധന ദുർവിനിയോഗത്തെപ്പറ്റി അന്വേഷിക്കാം.
4. അവിശ്വാസ പ്രമേയം (No confidence motion) ഏറ്റവും ശക്തമായ ആയുധം ഇതാണ്. സഭയുടെ വിശ്വാസം നഷ്ടപ്പെട്ടാൽ ഗവൺ മെന്റ് രാജിവെക്കണം.

# 6. നീതിന്യായ വിഭാഗം (Judiciary)

1. സുപ്രീം കോടതിയിലേയും ഹൈകോടതികളിലേയും ജഡ്ജിമാരെ നിയമിക്കുന്നത് ആരാണ്

ഉ. പ്രസിഡന്റ്

2. നീതിന്യായ പുനർപരിശോധന ആദ്യമായി നിലവിൽ വന്നത് ഏത് രാജ്യത്താണ്?

ഉ. USA

3. നിയമവാഴ്ചയുടെ ബൗദ്ധിക പിതാവ് എന്നറിയപ്പെടുന്നതാര്?

ഉ. എ.വി ഡെയ്സി.

4. നമുക്ക് സ്വതന്ത്രമായ നീതിന്യായ വിഭാഗത്തിന്റെ ആവശ്യമെന്താണ്?

സമൂഹത്തിൽ വ്യക്തികൾ തമ്മിലും ഗ്രൂപ്പുകൾ തമ്മിലും, വ്യക്തികളും ഗ്രൂപ്പുകളും ഭരണകൂടവുമായും തർക്കങ്ങളിൽ ഏർപ്പെടുന്നത് നമുക്ക് കാണാൻ കഴിയും. ഇങ്ങനെയുള്ള തർക്കങ്ങളും അഭിപ്രായവ്യത്യാസങ്ങളുമുണ്ടാവുമ്പോൾ നിലവിലുള്ള നിയമവാഴ്ചയ്ക്കനുസൃതമായി ഒരു സ്വതന്ത്ര ഏജൻസി തീർപ്പ് കൽപ്പിക്കണം. അത് പോലെ നിയമവാഴ്ച സംരക്ഷിക്കാനും നിയമത്തിന്റെ പരമാധികാരം ഉറപ്പാക്കാനും നീതിന്യായ വിഭാഗം അത്യാവശ്യമാണ്. നീതിന്യായ വിഭാഗം വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നു. നിയമങ്ങളെ വ്യാഖ്യാനിക്കുകയും തങ്ങളുടെ മുന്നിൽ വരുന്ന പ്രശ്നങ്ങളിൽ അത് പ്രയോഗിക്കുകയും ഭരണ ഘടനയുടെയും അവകാശങ്ങളുടെയും പ്രവർത്തിക്കാനും ഒരു സ്വതന്ത്ര ജുഡീഷ്യറി നിർബന്ധമാണ്

5. നീതിന്യായ വിഭാഗത്തിന്റെ സ്വതന്ത്ര്യം സംരക്ഷിക്കാനുള്ള നടപടികൾ എന്തെല്ലാം?

ഉ. താഴെ പറയുന്ന മാർഗങ്ങളിലൂടെ ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം ഉറപ്പുവരുത്താം.

**1. നിയമന രീതി (Mode of appointment**

ന്യായാധിപന്മാരുടെ നിയമനത്തിൽ നിയമനിർമ്മാണ വിഭാഗത്തിന് പങ്കൊന്നുമില്ല. ഇന്ത്യയിൽ പ്രസിഡെണ്ടാണ് അവരെ നിയമിക്കുന്നത്.

**2. നിശ്ചിതമായ ഔദ്യോഗിക കാലാവധി**

ന്യായാധിപന്മാർക്ക് ഒരു നിശ്ചിത സേവന കാലപരിധി ഉണ്ടായിരിക്കും. ഒഴിച്ചു കൂടാൻ പറ്റാത്ത ചില സന്ദർഭങ്ങളിൽ അല്ലാതെ ഏതൊരു ന്യായാധിപന്മാരും തൽസ്ഥാനത്തു നിന്ന് നീക്കം ചെയ്യാൻ പാടുള്ളതല്ല.

**3. ജുഡീഷ്യറിയും എക്സിക്യൂട്ടീവ് തമ്മിലുള്ള വേർപെടുത്തൽ**

നിഷ്പക്ഷത ഉറപ്പുവരുത്തുന്നതിന് എക്സിക്യൂട്ടീവിനെയും ജുഡീഷ്യറിയെയും ചുമതലകൾ വേർപെടുത്തിയിരിക്കുന്നു.

ജഡ്ജിമാരെ നീക്കം ചെയ്യാൻ വളരെ പ്രയാസകരമാണ്. തെളിയിക്കപ്പെട്ട സ്വഭാവദൂഷ്യമോ ശാരീരികമായ അയോഗ്യതയോ ഉണ്ടെങ്കിൽ മാത്രമേ ഇക്കൂട്ടരെ നീക്കം ചെയ്യാൻ ആകുകയുള്ളൂ. കുറ്റമാരോപിക്കുന്ന വിധത്തിൽ ഒരു പ്രമേയം പാർലമെൻറിലെ ഇരുസഭകളിലും പ്രത്യേക ഭൂരിപക്ഷ പ്രകാരം പാസാക്കി എടുത്തുവേണം നീക്കം ചെയ്യാൻ.

സാമ്പത്തികാശ്രയത്വത്തിന്റെ അഭാവം

ജഡ്ജിമാർക്ക് ആകർഷകമായ ശമ്പളം നൽകി വരുന്നു. ജുഡീഷ്യറി എക്സിക്യൂട്ടീവിനെയോ നിയമ നിർമാണ സഭാ സാമ്പത്തികമായി ആശ്രയിക്കേണ്ടതില്ല.

6. സുപ്രീം കോടതിയുടെ അധികാരപരിധി (Jurisdiction of supreme court) or സുപ്രീം കോടതിയുടെ ധർമങ്ങൾ എന്തെല്ലാം?

ഉ. ഇന്ത്യയിലെ പരമോന്നത നീതിപീഠമാണ് സുപ്രീം കോടതി. ലോകത്തെവിടെയുമുള്ള കോടതികളിൽ ഏറ്റവും പ്രബലമായ കോടതികളിൽ ഒന്നാണ് ഇന്ത്യയിലെ സുപ്രീം കോടതി.

സുപ്രീം കോടതിയുടെ അധികാരപരിധി

1 തനത് അധികാരം (Original Jurisdiction)

2. അപ്പീൽ അധികാരം. (Appellate Jurisdiction)

3. ഉപദേശ അധികാരം (Advisory Jurisdiction)

4. റിട്ട് അധികാരം (Writ Jurisdiction)

**1. തനത് അധികാരം (Original Jurisdiction)**

ചില കേസുകൾ നേരിട്ട് പരിഗണിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള അധികാരം ഭരണഘടന സുപ്രീം കോടതിയെ ഏല്പിച്ചിട്ടുണ്ട്. ഇവ തനത് അധികാരങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു. കീഴ് കോടതികൾക്ക് അത്തരം കേസുകൾ കൈകാര്യം ചെയ്യാനാവില്ല. ഒരു ഫെഡറൽ സംവിധാനത്തിൽ നിയമപരമായ തർക്കങ്ങൾ കേന്ദ്ര ഗവൺമെന്റും സംസ്ഥാനങ്ങളും തമ്മിലും ചിലപ്പോൾ സംസ്ഥാനങ്ങൾ തമ്മിലും ഉണ്ടാകാം. ഇത്തരം കേസുകൾ കേൾക്കുവാൻ സുപ്രീം കോടതിക്ക് മാത്രമേ അധികാരമുള്ളൂ. Jurisdiction)

**2 അപ്പീൽ അധികാരം (Appellate Jurisdiction))**

ഏറ്റവും ഉന്നതമായ അപ്പീൽ കോടതിയാണ് സുപ്രീം കോടതി. ഹൈകോടതി വിധിക്കെതിരെ ഒരു വ്യക്തിക്ക് സുപ്രീം കോടതിയിൽ അപ്പീൽ പോകാം ഭരണഘടനാപരമയ തർക്കങ്ങൾ , സിവിൽ തർക്കങ്ങൾ , ക്രിമിനൽ തർക്കങ്ങൾ എന്നീ കേസുകളിലാണ് സുപ്രീം കോടതിക്ക് അപ്പീലാധികാരമുള്ളത്. കീഴ് കോടതി വെറുതെ വിട്ട് പ്രതിയെ അപ്പീലിനെ തുടർന്ന് ഹൈക്കോടതി കുറ്റക്കാരനായി കാണുകയും വധശിക്ഷയ്ക്ക് വിധിക്കുകയും ചെയ്താൽ പൗരന് സുപ്രീം കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം

**3. ഉപദേശക അധികാം (Advisory Jurisdiction)**
പൊതു പ്രാധാന്യവും ഭരണഘടന വ്യാഖ്യാനം ആവശ്യമായ ഏതൊരു വിഷയത്തിലും പ്രസിഡണ്ടിന് സുപ്രീം കോടതിയുടെ ഉപദേശം തേടാവുന്നതാണ്. എന്നാൽ അത്തരം സന്ദർഭങ്ങളിൽ ഉപദേശം നൽകാനുള്ള ബാധ്യതയൊന്നും സുപ്രീംകോടതിക്ക് ഇല്ല എന്ന് മാത്രമല്ല കോടതിയുടെ ഉപദേശം സ്വീകരിക്കാനുള്ള ബാധ്യത പ്രസിഡണ്ടിനും ഇല്ല

**4. റിറ്റ് അധികാരം (Writ Jurisdiction)**

ഇന്ത്യയിലെ പൗരന്മാരുടെ മൗലികാവകാശങ്ങൾ ലംഘിക്കപ്പെടുകയാണെങ്കിൽ പ്രശ്നപരിഹാരത്തിനായി ഏതൊരു വ്യക്തിക്കും സുപ്രീംകോടതിയെ സമീപിക്കാം. അവകാശ

ലംഘനങ്ങൾക്കെതിരെ റിട്ടുകളുടെ രൂപത്തിൽ ഹൈക്കോടതിക്കും സുപ്രീംകോടതിക്കും ഉത്തരവുകൾ പുറപ്പെടുവിപ്പിക്കാൻ സാധിക്കും. ഹേബിയസ് കോർപ്പസ്, മാൻഡാമസ് പ്രൊഹിബിഷൻ വാറന്റോ, സെർഷ്യോറി എന്നിവ അത്തരം റീറ്റുകൾ ആണ്. ഇതിന് പുറമെ ജുഡീഷ്യൽ റിവ്യൂവും സുപ്രീം കോടതിയുടെ അധികാരത്തിൽ വരുന്നതാണ്.

7. എന്താണ് ജുഡീഷ്യൽ അക്ടിവിസം ? അതിന്റെ രണ്ട് ഗുണങ്ങളും ദോഷങ്ങളും എഴുതുക

മനുഷ്യാവകാശം പോലുള്ള കേസുകളിൽ ജുഡിഷ്യറി സ്വധയാ ഇടപെടുന്നതിനെയാണ് ജുഡീഷ്യൽ ആക്ടിവിസം എന്നു പറയുന്നത്. പൊതുതാൽപര്യ ഹർജികൾ മുഖേനയാണ് ഇത് നടപ്പിലാകുന്നത്.

**ഗുണങ്ങൾ**

ജുഡീഷ്യൽ അക്ടിവിസം അവകാശങ്ങൾ എന്ന ആശയത്തെ വികസിപ്പിച്ചു.

പാവപ്പെട്ടവർക്കും കോടതിയെ സമീപിക്കാൻ കഴിയുന്ന അവസ്ഥ സംജാതമായി

**ദോഷങ്ങൾ**

ജുഡീഷ്യൽ ആക്ടിവിസം കോടതിയുടെ ജോലിഭാരം വർധിപ്പിക്കുന്നു.

ജുഡീഷ്യൽ ആക്ടിവിസം ഗവൺമെന്റ് വിഭാഗങ്ങൾ തമ്മിലുള്ള അതിർവരമ്പുകൾ മായ്ച്ച കളയുന്നു.

8. എന്താണ് നീതിന്യായ പുനപരിശോധന ( ജുഡീഷ്യൽ റിവ്യൂ ) ?

പാർലമെന്റും നിയമസഭകളും പാസ്സാക്കുന്ന നിയമങ്ങളുടെ ഭരണഘടനാപരമായ സാധുത പരിശോധിക്കാനുള്ള സുപ്രീം കോടതിയുടേയും ഹൈക്കോടതികളുടേയും അധികാരത്തെയാണ് ജുഡീഷ്യൽ റിവ്യൂ എന്നു പറയുന്നത്.

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്

# 7. ഫെഡറലിസം (Federalism)

1. കാശ്മീരിന് പ്രത്യേക പദവി നൽകിയിരുന്ന ഭരണഘടന ആർട്ടിക്കിൾ ഏത് ?

ഉ.ആർട്ടിക്കിൾ 370

2. ഒരു സംസ്ഥാന ഗവൺമെന്റിനെ പിരിച്ചുവിടാൻ കേന്ദ്ര ഗവൺമെൻറിന് അധികാരം നൽകുന്ന ഭരണഘടനാ വകുപ്പ് ഏത്?

ഉ.ആർട്ടിക്കിൾ 356

3. കേന്ദ്ര–സംസ്ഥാന ബന്ധങ്ങളെ സംബന്ധിച്ച് പഠിക്കാൻ 1983 ൽ കേന്ദ്രസർക്കാർ നിയോഗിച്ച കമ്മീഷൻ ഏത്?

ഉ.സർക്കാരിയ കമ്മീഷൻ

4. ആർട്ടിക്കിൾ 352 പ്രകാരം ഇന്ത്യയിൽ ദേശീയ അടിയന്തരാവസ്ഥ പുറപ്പെടുവിച്ചത് ഏത് വർഷം?

ഉ.1975

5. ഇന്ത്യ ഒരു "അർദ്ധ ഫെഡറൽ രാഷ്ട്രമാണ്" എന്ന് അഭിപ്രായപ്പെട്ടത് ആര്?

ഉ. പ്രൊഫ.കെ.സി.വിയർ

6. അവശിഷ്ട അധികാരങ്ങളിൽ നിയമനിർമാണം നടത്താനുള്ള അധികാരം ആർക്ക്?

ഉ.കേന്ദ്ര ഗവണ്മെന്റിന്

7. ഇന്ത്യയിൽ അവസാനമായി രൂപീകരിക്കപ്പെട്ട സംസ്ഥാനം ഏത്?

ഉ.തെലുങ്കാന

8. രാഷ്ട്രീയ അധികാരം കേന്ദ്ര –സംസ്ഥാന ഗവൺമെന്റ്കൾക്കിടയിൽ വിഭജിക്കപ്പെടുന്ന ഗവൺമെന്റിന്റെ രൂപം എന്താണ് ?

ഉ.ഫെഡറലിസം

9. താഴെ തന്നിരിക്കുന്ന വിഷയങ്ങളെ യൂണിയൻ ലിസ്റ്റ് ,സംസ്ഥാന ലിസ്റ്റ്, കൺകറൻറ് ലിസ്റ്റ് എന്നിവക്ക് കീഴിൽ ക്രമപ്പെടുത്തി എഴുതുക.

a. പ്രതിരോധം b. ജയിൽ c. പോലീസ് d. വനം e. വിദേശ കാര്യം f. വിദ്യാഭ്യാസം

ഉ.

| യൂണിയൻ ലിസ്റ്റ് | സംസ്ഥാന ലിസ്റ്റ | കൺ കറന്റ് ലിസ്റ്റ് |
|---|---|---|
| പ്രതിരോധം | ജയിൽ | വിദ്യാഭ്യാസം |
| വിദേശകാര്യം | പോലീസ് | വനം |

10. ഫെഡറലിസത്തിന്റെ പ്രധാന സവിശേഷതകൾ എന്തെല്ലാം?

ഉ.a. ഭരണഘടനാപരമായ അധികാരങ്ങളോട്ടു കൂടിയ രണ്ട് തലങ്ങളിലുള്ള ഗവൺമെന്റുകൾ

b. ജനങ്ങൾക്ക് രണ്ട് തരത്തിലുള്ള സ്വത്വങ്ങളും വിധേയത്വവും ഉണ്ടാവും.– ഒന്ന് അവരുടെ ദേശത്തോടും മറ്റൊന്ന് രാഷ്ട്രത്തോടും

c. ദ്വിഭരണസംവിധാനത്തിന്റെ വിശദാംശങ്ങൾ ഒരു ലിഖിത ഭരണഘടനയിൽ എഴുതിവച്ചിട്ടുണ്ടാവും

d. രാഷ്ട്രത്തെ മൊത്തത്തിൽ ബാധിക്കുന്ന വിഷയങ്ങൾ കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കും.

e. കേന്ദ്ര–സംസ്ഥാന തർക്കങ്ങൾ പരിഹരിക്കുന്നതിന് ഒരു സ്വതന്ത്ര നീതിന്യായ വിഭാഗം ഉണ്ടായിരിക്കും

11. ഇന്ത്യയിൽ ശക്തമായ ഒരു കേന്ദ്ര ഗവൺമെന്റോടു കൂടിയ ഫെഡറലിസമാണ് എന്ന് പറയുന്നത് എന്തുകൊണ്ട്?

ഉ. ഇന്ത്യൻ ഭരണഘടന ശക്തമായ ഒരു കേന്ദ്ര ഗവൺമെണ്ടോടുകൂടിയ ഫെഡറൽ രാഷ്ട്രമാണ് വിഭാവനം ചെയ്യുന്നത്.രാജ്യത്തിന് ഒരു ഏകീകൃത സ്വഭാവം കൈവരുത്തുന്നതിനും, സാമൂഹികവും, രാഷ്ട്രീയവുമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും രാജ്യത്തെ സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും ശക്തമായ ഒരു കേന്ദ്ര ഭരണകൂടം വേണമെന്ന് ഭരണഘടനാ ശിൽപികൾ ഉറച്ച വിശ്വസിച്ചു.

<u>കേന്ദ്രഗവൺമെന്റിനെ ശക്തമാക്കുന്ന പ്രധാന വ്യവസ്ഥകൾ</u>

a. ഭൂപരമായ സംയോജനം ഉൾപ്പെടെ ഒരു സംസ്ഥാന ത്തിന്റെ നിലനിൽപ്പുതന്നെ പാർലമെന്റിന്റെ കൈകളിലാണ് .പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കാനോ, സംസ്ഥാനതിർത്തി മാറ്റി നിശ്ചയിക്കാനും, പേര് മാറ്റി നൽകാനും അതിനധികാരമുണ്ട്.

b. കേന്ദ്ര ഗവൺമെൻറിന് ശക്തമായ ചില അടിയന്തരാവസ്ഥ അധികാരങ്ങൾ ഉണ്ട്. ഒരിക്കൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു കഴിഞ്ഞാൽ ഫെഡറൽ വ്യവസ്ഥയിൽ മാറ്റം വരികയും അധികാരങ്ങളെല്ലാം കേന്ദ്രവൽക്കരിക്കപ്പെടും.

c. കേന്ദ്ര ഗവൺമെൻറിന് ശക്തമായ സാമ്പത്തിക അധികാരങ്ങൾ ഉണ്ട്. വരുമാനം ലഭിക്കുന്ന പ്രധാന സ്രോതസ്സുകളെല്ലാം കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൻ കീഴിൽ ആയിരിക്കും .സംസ്ഥാന സർക്കാരുകൾക്ക് ഗ്രാൻഡും മറ്റു ധനസഹായങ്ങളും ലഭിക്കുന്നതിന് കേന്ദ്രസർക്കാറിനെ ആശ്രയിക്കേണ്ടതുണ്ട്.

d. കേന്ദ്രസർക്കാർ പ്രതിനിധിയായ ഗവർണർക്ക് സംസ്ഥാന ഗവൺമെന്റിനെ പുറത്താക്കാനും നിയമസഭ പിരിച്ചു വിടാനും ഉള്ള അധികാരം ഉണ്ട്. സംസ്ഥാന നിയമസഭ പാസാക്കിയ ബിൽ തടഞ്ഞു വെക്കാനുംവേണമെങ്കിൽ ഗവർണർക്ക് കഴിയും

e. രാജ്യസഭയുടെ അനുമതി ഉണ്ടെങ്കിൽ സ്റ്റേറ്റ് ലിസ്റ്റിൽ പെട്ട വിഷയങ്ങളിൽ പോലും നിയമനിർമാണം നടത്താൻ കേന്ദ്ര ഗവൺമെന്റിന്കഴിയും.

f. ഇന്ത്യയിൽ ഒരു ഏകീകൃത ഭരണ സംവിധാനമാണ് നിലവിലുള്ളത്. അഖിലേന്ത്യാ സർവീസുകൾ രാജ്യത്തിനാകെ ബാധക മയതാണ് .ഈ സർവീസിൽ ഉള്ളവർ സംസ്ഥാന സർക്കാരുകളുടെ ഭരണത്തിന് സേവനം നൽകി വരുന്നു. അവർക്കെതിരെ

നടപടിയെടുക്കാനോ സർവീസിൽനിന്ന് നീക്കം ചെയ്യാനോ സംസ്ഥാന സർക്കാരുകൾക്ക് അധികാരമില്ല.

g. കേന്ദ്ര സർവീസിലോ, സംസ്ഥാന സർവീസിലോ ഉള്ള ഉദ്യോഗസ്ഥർ പട്ടാളനിയമം നിലവിലുള്ളപ്പോൾ നിയമപാലനം ഉറപ്പുവരുത്തുന്നതിനായി എടുക്കുന്ന ഏതൊരു നടപടിയേയും സംരക്ഷിക്കണമെന്ന് ആർട്ടിക്കിൾ 33 ഉം 34 ഉം പാർലമെന്റിനെ അധികാരപ്പെടുത്തിയിട്ടുണ്ട് .ഈ നടപടികളുടെ അടിസ്ഥാനത്തിലാണ് ആംഡ് ഫോഴ്സസ് സ്പെഷ്യൽ പവേഴ്സ് ആക്ട് നിയമം ഉണ്ടാക്കിയിട്ടുള്ളത് . ഇവയെല്ലാം കേന്ദ്ര സർക്കാരിന്റെ അധികാരങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നു.

12. ഇന്ത്യൻ ഫെഡറൽ വ്യവസ്ഥയിലെ ഏറ്റുമുട്ടലുകളെ കുറിച്ച് ചുരുക്കി വിവരിക്കുക.

ഉ. ഭരണഘടന കേന്ദ്രത്തിന് ശക്തമായ അധികാരങ്ങളാണ് നൽകിയിട്ടുള്ളത് . അതേസമയം സംസ്ഥാനങ്ങൾക്ക് തനതായ വ്യക്തിത്വവും നൽകിയിട്ടുണ്ട്. സംസ്ഥാനങ്ങളുടെ വ്യക്തിത്വം അംഗീകരിക്കുമ്പോൾ ഭരണകാര്യങ്ങളിൽ അതിന് അർഹിക്കുന്ന പങ്കും അധികാരങ്ങളും നൽകണം എന്നുള്ളത് സ്വാഭാവികം മാത്രമാണ്. ഇന്ത്യൻ ഫെഡറൽ വ്യവസ്ഥയിൽ പല വിഷയങ്ങളെ സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടാകാറുണ്ട്.

a. <u>കേന്ദ്ര–സംസ്ഥാന ബന്ധങ്ങൾ</u>

ഇന്ത്യൻ ഫെഡറൽ വ്യവസ്ഥയെ കുറിച്ചുള്ള പഠനത്തെ മൂന്ന് ഘട്ടങ്ങളായി തിരിക്കാം. 1947 മുതൽ 1967 വരെയുള്ള ആദ്യഘട്ടത്തിൽ കേരളം ഒഴിച്ചുള്ള എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും കോൺഗ്രസിന്റെ ആധിപത്യമാണ് നിലനിന്നിരുന്നത്. നെഹ്റുവിനെ പോലെ സമുന്നതനായ ഒരു നേതാവിനു കീഴിലാണ് കോൺഗ്രസ് പ്രവർത്തിച്ചിരുന്നത്. എല്ലായിടത്തും ഭരിച്ചിരുന്നത് കോൺഗ്രസ് ആയിരുന്നു എന്നതിനാൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉയർന്നു വന്നാലും അവയെല്ലാം വ്യക്തി തലത്തിലോ കക്ഷി തലത്തിലോ പരിഹരിക്കപ്പെട്ടു.

1967 മുതൽ 77 വരെയുള്ള രണ്ടാം ഘട്ടത്തിൽ ഒമ്പത് സംസ്ഥാനങ്ങളിൽ കോൺഗ്രസ് പരാജയപ്പെട്ടു .പ്രാദേശിക കക്ഷികളുടെ വളർച്ചയ്ക്ക് സാക്ഷ്യംവഹിച്ച ഈ കാലഘട്ടത്തിൽ അധികാര കേന്ദ്രീകരണത്തിനുള്ള പ്രവണതയും കാണാം. കേന്ദ്ര–സംസ്ഥാന ബന്ധങ്ങളിൽ ഉലച്ചിൽ തട്ടിയ കാലഘട്ടമായിരുന്നു ഇത്.

കോൺഗ്രസ് ചരിത്രത്തിലാദ്യമായി കേന്ദ്ര തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതോടെ 1977 ൽ ഇന്ത്യൻ ഫെഡറലിസത്തിന്റെ മൂന്നാം ഘട്ടം ആരംഭിച്ചു. ഇതിനുശേഷം മുന്നണി ഗവൺമെന്റുകൾക്കാണ് പ്രാമുഖ്യം ലഭിച്ചത്. സംസ്ഥാനങ്ങളിൽ പ്രാദേശിക കക്ഷികൾക്ക് അധികാരം ലഭിച്ചു . ഏക കക്ഷി മേധാവിത്വം ഇല്ലാതായതോടെ കേന്ദ്ര–സംസ്ഥാന ബന്ധങ്ങൾ മെച്ചപ്പെട്ടു.

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

b. <u>സ്വയം ഭരണാധികാര ത്തിനുള്ള ആവശ്യം</u>

പല സംസ്ഥാനങ്ങളും രാഷ്ട്രീയപാർട്ടികളും വ്യത്യസ്ത രീതിയിലുള്ള ആവശ്യങ്ങളാണ് ഉന്നയിക്കുന്നത് .

1. കൂടുതൽ അധികാരങ്ങളും പ്രധാന അധികാരങ്ങളും ലഭ്യമാക്കുക .
2. സംസ്ഥാനങ്ങൾക്ക് വരുമാനത്തിന് ഉള്ള സ്വതന്ത്ര സ്രോതസ്സുകൾ വേണമെന്നും വിഭവങ്ങളിൽ കൂടിയ നിയന്ത്രണമേർപ്പെടുത്തണമെന്നുമുള്ള ആവശ്യം
3. സംസ്ഥാനങ്ങൾക്ക് അഡ്മിനിസ്ട്രേറ്റീവ് അധികാരങ്ങൾക്ക് വേണ്ടിയുള്ള ആവശ്യം.
4. സാംസ്കാരികവും ഭാഷാപരവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ.

c. <u>ഗവർണർമാരുടെ പങ്കും പ്രസിഡൻറ് ഭരണവും</u>

ഗവർണർമാർ എടുക്കുന്ന ചില തീരുമാനങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള വിവാദത്തിന് വിഷയമാകാറുണ്ട്. ആർട്ടിക്കിൾ 356 ഉപയോഗിച്ച് സംസ്ഥാന ഗവൺമെന്റുകളെ പിരിച്ചു വിടുന്നതും അതിന് ഗവർണർമാരെ ഉപയോഗിക്കുന്നതും പലപ്പോഴും തർക്കങ്ങൾക്ക് ഇടയാക്കാറുണ്ട്.

d. <u>പുതിയ സംസ്ഥാനങ്ങൾക്കുള്ള ആവശ്യം</u>

1956 ലെ സംസ്ഥാന പുനസംഘടനാ നിയമപ്രകാരം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടു എങ്കിലും കൂടുതൽ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും പ്രാദേശിക വികസനത്തിനു വേണ്ടിയും പുതിയ സംസ്ഥാനങ്ങൾക്കു വേണ്ടിയുള്ള മുറവിളികൾ ഇപ്പോഴും നിലനിൽക്കുന്നു.

e. <u>അന്തർസംസ്ഥാന സംഘർഷങ്ങൾ</u>.

പ്രധാനമായും രണ്ടു തരത്തിലുള്ള സംഘങ്ങളാണ് സംസ്ഥാനങ്ങൾക്കിടയിൽ കൂടെ കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.-അതിർത്തി തർക്കവും, നദീജല തർക്കങ്ങളും. സംസ്ഥാന അതിർത്തികളിൽ ഒന്നിൽ കൂടുതൽ ഭാഷ സംസാരിക്കുന്നവർ ഉണ്ടാകും. ഭാഷാപരമായ ഭൂരിപക്ഷം കണക്കിലെടുത്ത് ഇത്തരം തർക്കങ്ങൾ പരിഹരിക്കാൻ പലപ്പോഴും എളുപ്പത്തിൽ കഴിയാറില്ല. സംസ്ഥാനങ്ങൾ തമ്മിൽ നദീജലം പങ്കുവയ്ക്കുന്ന തുമായി ബന്ധപ്പെട്ട തർക്കങ്ങൾ പലതും സങ്കീർണമാണ്.

f. <u>പ്രത്യേക വ്യവസ്ഥകൾ</u>

വ്യത്യസ്തമായ ചരിത്രപശ്ചാത്തലവും സംസ്കാരവും മുറുകെപ്പിടിക്കുന്നതിനും തദ്ദേശീയരായ ആദിവാസികളെ സംരക്ഷിക്കുന്നതിനുവേണ്ടി ചില സംസ്ഥാനങ്ങൾക്ക് പ്രത്യേക വ്യവസ്ഥകൾ അനുവധിച്ചിട്ടുണ്ട്. കാശ്മീർ ,വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ തുടങ്ങിയവയ്ക്കു നൽകിയിട്ടുള്ള ഇത്തരം പരിഗണനകൾ പലപ്പോഴും വിമർശന വിധേയമായിട്ടുണ്ട്.

# 8.പ്രാദേശിക ഗവൺമെന്റുകൾ (Local Self Government)

1.ഇന്ത്യയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുടക്കമിട്ട ബ്രിട്ടീഷ് വൈസ്രോയി

ഉ: റിപ്പൺ പ്രഭു

2.1989 ൽ, തദ്ദേശ ഗവൺമെന്റുകൾക്ക് ഭരണഘടനാപരമായ അംഗീകാരം നല്കണമെന്ന് ശുപാർശ ചെയ്ത കമ്മറ്റി

ഉ: പി കെ തുംഗൻ കമ്മറ്റി

3.73 ആം ഭേദഗതി എന്തുമായി ബന്ധപ്പെട്ടതാണ്.

ഉ: പഞ്ചായത്ത് രാജ്

4.74 ആം ഭേദഗതി എന്തുമായി ബന്ധപ്പെട്ടതാണ്.

ഉ: നഗരപാലിക

5.73 , 74 ഭേദഗതികൾ നിലവിൽ വന്ന വർഷം

ഉ : 1993

6.പ്രാദേശിക ഗവൺമെന്റുകളുടെ ആവശ്യകത എന്താണ് ?

ഉ : ഗ്രാമ തലത്തിലും ജില്ലാ തലത്തിലും ഉള്ള ഗവൺമെന്റിനെയാണ് പ്രാദേശിക ഗവൺമെന്റ് അഥവാ തദ്ദേശ ഗവണ്മെന്റ് എന്ന് പറയുന്നത്.

ജനങ്ങളുടെ അടുത്തുനിൽക്കുന്ന ഗവൺമെന്റാണിത് . പൗരന്മാരുടെ ദൈനംദിന ജീവിതത്തിലും പ്രശ്നങ്ങളിലും തദ്ദേശ ഗവണ്മെന്റ് ഇടപെടുന്നു. ജനങ്ങളുടെ പ്രാദേശിക താൽ പര്യങ്ങൾ ഏറ്റവും ഫലപ്രദമായി സംരക്ഷിക്കാൻ പ്രാദേശിക ഗവൺമെന്റുകൾക്ക് സാധിക്കും. ഗാന്ധിജിയുടെ അധികാര വികേന്ദ്രീകരണം എന്ന സ്വപ്നം നടപ്പിലായത് തദ്ദേശ ഗവൺമെന്റി ലൂടെയാണ്.

7. 73 ഉം 74 ഉം ഭേദഗതികൾ കൊണ്ട് വന്ന മാറ്റങ്ങൾ എന്തെല്ലാം ?

ഉ : 73 ,74 ഭേദഗതികൾ ചരിത്രത്തിലെ നാഴികകല്ലാണ്. ഇന്ത്യയിലെ പല പുരോഗതിക്കും കാരണം ഈ ഭേദഗതികളാണ്.

73 ആം ഭേദഗതി ഗ്രാമപ്രദേശങ്ങളിലെ പ്രദേശിക ഗവണ്മെന്റുകളെ സംബന്ധിച്ചുള്ളതാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ എന്നും അവ അറിയപ്പെടുന്നു.

74 ഭേദഗതി നഗരപ്രദേശങ്ങളിലെ (നഗരപാലികാ സംവിധാനം) പ്രാദേശികമെന്റുകളെ കുറിച്ചുള്ളവയാണ്.

1992 ൽ ഇന്ത്യൻ പാർലമെന്റ് 73,74 ഭേദഗതികൾ പാസ്സാക്കി. 1993 ൽ ഇവ പ്രാബല്യത്തിൽ വന്നു.

73 ആം ഭേദഗതി

73 ആം ഭേദഗതി ഇന്ത്യയിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്നു. മാറ്റങ്ങൾ എന്തെല്ലാമെന്ന് പരിശോധിക്കാം.

1.ത്രിതല ഘടന നിലവിൽ വന്നു.

73 ആം ഭരണഘടന ഭേദഗതി പഞ്ചായത്ത് രാജ് നിയമം ഭരണഘടനാനുസൃതമാക്കി. ഒരു ത്രിതല പഞ്ചായത്തിരാജ് സമ്പ്രദായത്തിന് അത് രൂപം നൽകി.

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

വില്ലേജ് തലത്തിൽ ഗ്രാമപ്പഞ്ചായത്തും മധ്യ തലത്തിൽബ്ലോക്ക് പഞ്ചായത്തും ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്തും പ്രവർത്തിക്കും.ഇതിനു പുറമെ ഗ്രാമസഭകൾ രൂപീകരിക്കാനും ഈ ഭേദഗതി വ്യവസ്ഥ ചെയ്യുന്നു.

2.തെരഞ്ഞെടുപ്പ് സംവിധാനം നിലവിൽ വന്നു

73 , 74 ഭേദഗതികൾ തദ്ദേശ തെരഞ്ഞെടുപ്പിന് വ്യവസ്ഥ ചെയ്യുന്നു .

ത്രിതല പഞ്ചായത്തുകളിലേയ്ക്കുള്ള പ്രതിനിധികളെ ജനങ്ങൾ നേരിട്ടാണ് തിരഞ്ഞെടുക്കുന്നത്.ഓരോ പഞ്ചായത്തു സമിതിയുടേയും കാലാവധി 5 വർഷമാണ്.

3.സംവരണം ഏർപ്പെടുത്തി.

പഞ്ചായത്ത് സ്ഥാപനങ്ങളിലെ മൂന്നിലൊന്നു സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. അങ്ങനെ സ്ത്രീശാക്തീകരണത്തെ യാഥാർഥ്യമാക്കാൻ പഞ്ചായത്ത് വ്യവസ്ഥയ്ക്ക് സാധിച്ചു.

പട്ടികജാതിപട്ടികവർഗ്ഗക്കാർക്കും ജനസംഖ്യക്ക് ആനുപാതികമായി സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തുകളിലെ സാധാരണ സീറ്റുകളിൽ മാത്രമല്ല പ്രസിഡൻ്റ് അഥവാ അധ്യക്ഷപദവികൾക്ക് കൂടി ഈ സംവരണം ബാധകമാണ്.

4.വിഷയങ്ങളുടെ കൈമാറ്റം

73 ആം ഭേദഗതിയോടെ സംസ്ഥാന ലിസ്റ്റിലുണ്ടായിരുന്ന 11 പട്ടികയിലെ 29 വിഷയങ്ങൾ പഞ്ചായത്ത് രാജിന് കൈമാറി . ഈ വിഷയങ്ങൾ മുമ്പ് സംസ്ഥാന ലിസ്റ്റിൽ പെട്ടവരായിരുന്നു.

പതിനൊന്നാം പട്ടികയിലെ പ്രധാന വിഷയങ്ങളിലെ ചിലത് താഴെ നൽകുന്നു

1. കൃഷി
2. ചെറിയതോതിലുള്ള ജലസേചനം
3. ഗ്രാമീണ വീട് നിർമ്മാണം, കുടിവെള്ളം
4. റോഡുകൾ, ദാരിദ്ര്യനിർമാർജന പരിപാടി, പ്രൈമറി സെക്കൻഡറി സ്കൂൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസം
5. ഗ്രന്ഥശാലകൾ, സാംസ്കാരിക പ്രവർത്തനങ്ങൾ
6. കമ്പോളവും ചന്തകളും, കുടുംബക്ഷേമം, സാമൂഹ്യക്ഷേമം, പൊതുവിതരണസമ്പ്രദായം

6. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വന്നു.

73 ആം ഭേദഗതി പ്രകാരം സംസ്ഥാന ഗവൺമെന്റ് ഒരു സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറെ നിർമ്മിക്കേണ്ടതുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേക്കും തിരഞ്ഞെടുപ്പ് നടത്താനുള്ള ഉത്തരവാദിത്വം ഈ തിരഞ്ഞെടുപ്പ് കമ്മീഷണർക്കാണുള്ളത്.

7. സംസ്ഥാന ധനകാര്യ കമ്മീഷൻ നിലവിൽ വന്നു.

ഓരോ അഞ്ചു വർഷം കൂടുംതോറും സംസ്ഥാന ഗവൺമെന്റ് ഒരു സംസ്ഥാന ധനകാര്യ കമ്മീഷനെ നിയമിക്കേണ്ടതുണ്ട്.ഈ കമ്മീഷൻ സംസ്ഥാനത്തിലെ പ്രാദേശിക ഗവൺമെന്റുകളുടെ ധന സ്ഥിതി പരിശോധിക്കും. സംസ്ഥാനങ്ങൾക്കും പ്രാദേശിക ഗവണ്മെന്റ്കൾക്കും ഇടയിൽ ഉള്ള വരുമാന വിതരണത്തെ അത് വിലയിരുത്തും.

**73 , 74** ഭേദഗതികൾ രാജ്യത്ത് വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് കാരണമായി. വികസനം താഴെ തട്ടിൽ നിന്നും നടപ്പാവാൻ ഇത് കാരണമായി.



വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

# 9. ഭരണഘടന ഒരു സജീവ പ്രമാണം എന്ന നിലയിൽ

# (Constitution as a living document)

1. ഇന്ത്യൻ ഭരണഘടന അംഗീകരിക്കപ്പെട്ട (adopted) വർഷം

ഉ. 1949 നവംബർ 26

2. ഇന്ത്യൻ ഭരണഘടന നിലവിൽ വന്നത് എന്ന്?

ഉ. 1950 ജനുവരി 26

3. ഭരണഘടനാ ഭേദഗതികളെ പ്രതിപാദിക്കുന്ന ആർട്ടിക്കിൾ

ഉ. ആർട്ടിക്കിൾ 368

4. ഭരണഘടനാ ഭേദഗതികളിൽ ഏറ്റവും വിവാദപരമായത്

ഉ. 42 ഭേദഗതി

5. ഇന്ത്യൻ ഭരണഘടന ഓരു സജീവ പ്രമാണമാണ് എന്ന ആശയത്തെ എങ്ങനെ സാധൂകരിക്കാം?

ഉ: ഒരു ജനാധിപത്യ ഭരണഘടനയുടെ പ്രത്യേകത അതിന്റെ ജൈവ സ്വഭാവമാണ്. ഭരണഘടനകൾക്ക് സ്വയം സംരക്ഷിക്കാനും മാറ്റങ്ങളെ ഉൾക്കൊള്ളാനും കഴിയണം.

ഇന്ത്യൻ ഭരണഘടനയ്ക്ക് ഈ ജൈവിക സ്വഭാവമുണ്ട് എന്ന് പറയാം. കഴിഞ്ഞ ആറ് ദശാബ്ദങ്ങൾക്കിടയിൽ ഇന്ത്യയിലെ രാഷ്ട്രീയ സാമൂഹിക രാഷ്ട്രീയ വ്യവസ്ഥകൾ മാറിയെങ്കിലും ഭരണഘടന ഇന്നും നിലനിൽക്കുന്നു. പാർലമെന്റ് കൊണ്ടുവന്ന ഒട്ടേറെ ഭേദഗതികളും ജുഡീഷ്യറിയുടെ വ്യത്യസ്ത വ്യാഖ്യാനങ്ങളും ഭരണഘടന ഉൾക്കൊണ്ടിട്ടുണ്ട്.

6. കേശവാനന്ദ ഭാരതി കേസ് എന്തായിരുന്നു?

ഉ. 1973 ലെ കേശവാനന്ദ ഭാരതി കേസ് , ഭരണഘടനയെ ഭേദഗതി ചെയ്യാനുള്ള ഗവൺമെന്റിന്റെ അധികാരത്തിനുള്ള മേൽ നീതിന്യായ വിഭാഗം വ്യക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. ഒരുതരത്തിലുള്ള ഭേദഗതികളും ഭരണഘടനയുടെ അടിസ്ഥാന ചട്ടക്കൂടിനെ ലംഘിക്കാൻ പാടില്ല എന്ന് കോടതി പ്രഖ്യാപിക്കുകയുണ്ടായി ഭരണഘടനയുടെ അടിസ്ഥാന ചട്ടക്കൂടിനെ ലംഘിച്ചോ ഇല്ലയോ എന്ന് പറയാനുള്ള അവസാന അധികാരം കോടതിക്കാണ്. ഇതായിരുന്നു കേശവാനന്ദ ഭാരതി കേസ്സിലെ കോടതിയുടെ ഉത്തരവ്.

7. ഇന്ത്യൻ ഭരണഘടന ഭേദഗതിക്കുള്ള നടപടിക്രമങ്ങൾ ഏതെല്ലാം (Procedure for the amendment of constitution)

ഉ. ഭരണഘടനയിൽ പുതിയ ഭാഗങ്ങൾ കൂട്ടിച്ചേർക്കുകയോ ചില വകുപ്പുകളിൽ മാറ്റം വരുത്തുകയോ ഏതെങ്കിലും വകുപ്പുകൾ റദ്ദാക്കുകയോ ചെയ്യുന്നതിനെയാണ് ഭേദഗതി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇന്ത്യൻ ഭരണഘടനഗതി ചെയ്യാനുള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്തമാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 369 ലാണ് ഭേദഗതികളെക്കുറിച്ച് വിശദീകരിച്ചിരിക്കുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ചിലഭാഗങ്ങൾ അയവുള്ളതും (Flexible) ചില ഭാഗങ്ങൾ ദൃഢമായതുമാണ് (Rigid) .

അത് കൊണ്ട് തന്നെ മൂന്ന് രീതികളിലൂടെ ഇന്ത്യൻ ഭരണഘടനയിൽ മാറ്റം വരുത്താം

1.പാർലമെന്റിന്റെ കേവല ഭൂരിപക്ഷത്തോടെയുള്ള ഭരണഘടനാ ഭേദഗതി

2.പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷത്തോടെയുള്ള ഭേദഗതി

3.പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷത്തോടൊപ്പം പകുതി സംസ്ഥാനങ്ങളുടെ അംഗീകാരത്തോടെയുള്ള ഭേദഗതി

**1.പാർലമെന്റിന്റെ കേവല ഭൂരിപക്ഷത്തോടെയുള്ള ഭരണഘടനാ ഭേദഗതി**

ഭരണഘടനയിലെ ചില വകുപ്പുകളെ പാർലമെന്റിന്റെ കേവലഭൂരിക്ഷം കൊണ്ട് ഭേദഗതി ചെയ്യാൻ കഴിയും.

പാർലമെന്റിന്റെ ഇരുസഭകളും കേവല ഭൂരിപക്ഷത്തോടെ പാസ്സാക്കുന്ന ഇത്തരം ഭേദഗതി ബില്ലുകൾ പ്രസിഡന്റ് അനുമതി നൽകുന്നതോടെ നിയമമാകുന്നു. ഭരണഘടനയുടെ ഈ ഭാഗം വളരെ അയഞ്ഞതാണ് ഭേദഗതിയുടെ നടപടിക്രമവും വളരെ ലളിതമാണ്.

പുതിയ സംസ്ഥാനങ്ങളുടെ രൂപീകരണം സംസ്ഥാനങ്ങളുടെ പേര്, അതിർത്തി എന്നിവയിൽ മാറ്റം വരുത്തുക. പൗരത്വം സംബന്ധിച്ച് വകുപ്പുകൾ എന്നിവ ഇത്തരം ഭേദഗതിക്ക് ഉദാഹരണങ്ങളാണ്.

**2.പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷത്തോടെയുള്ള ഭേദഗതി**

ഭരണഘടനയുടെ ചില ഭാഗങ്ങൾ മാറ്റം വരുത്താൻ പാർലമെന്റിന്റെ മൂന്നിൽ രണ്ട് ഭൂരിപക്ഷം അഥവാ പ്രത്യേക ഭൂരിപക്ഷം വേണം.

ഇരുസഭകളിലും ഹാജറായി വോട്ടു ചെയ്യുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ട് ഭാഗം അംഗങ്ങളുടെ പിന്തുണക്കാണ് പ്രത്യേക ഭൂരിപക്ഷം എന്നു പറയുന്നത്.

**3.പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷത്തോടൊപ്പം പകുതി സംസ്ഥാനങ്ങളുടെ അംഗീകാരത്തോടെയുള്ള ഭേദഗതി**

ഭരണഘടനയിലെ ചില വകുപ്പുകൾ ഭോഗതി ചെയ്യുന്നതിന് പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷത്തോടൊപ്പം ഇന്ത്യയിലെ പകുതിയിലധികം സംസ്ഥാന നിയമനിർമ്മാണ സഭകളുടെ അംഗീകാരവും ആവശ്യമാണ്.

ഭരണഘടനയുടെ ചില ഭാഗങ്ങൾ ഭേദഗതി ചെയ്യാൻ പ്രയാസമാണ് എന്നതാണിവിടെ കാണിക്കുന്നത്. ഭരണഘടനയുടെ ചില ഭാഗങ്ങൾ ദൃഢമാണ് (Rigid), ഭരണഘടനയിലെ ഫെഡറൽ ഘടന, മൗലിക അവകാശങ്ങൾ എന്നിവ സംരക്ഷിക്കപ്പെടുന്നത് ഇതിലൂടെയാണ്.

# 10. ഇന്ത്യൻ ഭരണഘടനയുടെ തത്വശാസ്ത്രം (The Philosophy of the Constitution)

1. ഇന്ത്യൻ ഭരണഘടനയുടെ പരിമിതികൾ എന്തെല്ലാം ?

ഉ.1.കേന്ദ്ര ഗവൺമെൻറിന് അമിതപ്രാധാന്യം നൽകിയിരിക്കുന്നു.

2.കുടുംബത്തിനകത്തെ ലിംഗനീതി പരിഗണിച്ചിട്ടില്ല.

3.മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്തേണ്ട ചില അവകാശങ്ങൾ നിർദേശക തത്ത്വങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു .

2. ഇന്ത്യൻ ഭരണ ഘടനക്കെതിരായ ഏതെങ്കിലും മൂന്ന് വിമർശനങ്ങൾ എഴുതുക.

ഉ.1.ഒതുക്കമില്ലാത്തത്

ഒരു രാജ്യത്തിന്റെ മുഴുവൻ ഭരണഘടനയും ഒതുങ്ങിയ ഒറ്റ പ്രമാണത്തിനുള്ളിലായിരിക്കണമെന്ന സങ്കല്പത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ് ഇന്ത്യൻഭരണഘടന ഒതുക്കമില്ലാത്തതാണെന്ന വിമർശനം. എന്നാൽ, അമേരിക്കയെപ്പോലുള്ള ഒതുങ്ങിയ ഭരണഘടനയുള്ള രാജ്യങ്ങളുടെ കാര്യത്തിൽപ്പോലും ഇത് സത്യമല്ല. വിശദാംശങ്ങൾ, പ്രയോഗങ്ങൾ, പ്രസ്താവനകൾ എന്നിവ ധാരാളമായി നമ്മുടെ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ കാരണത്താൽ ഇന്ത്യൻ ഭരണഘടന കുറച്ചധികം വലുപ്പമുള്ളതായിത്തീർന്നു.

2.പ്രാതിനിധ്യമില്ലാത്തത്.

സാർവത്രിക വോട്ടവകാശത്തിന് അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തിയ അല്ല ഭരണഘടന നിർമ്മാണ സഭയിലെ അംഗങ്ങളെ തിരഞ്ഞെടുത്തത് .ഭൂരിപക്ഷം അംഗങ്ങളും സമൂഹത്തിലെ മുന്നോക്കവിഭാഗങ്ങളിൽപ്പെട്ടവരായിരുന്നു.എന്നാൽ ഭരണഘടനാനിർമാണ സഭയിൽ എല്ലാ കോണുകളിൽനിന്നുമുള്ള അഭിപ്രായങ്ങൾക്കും പ്രാതിനിധ്യമുണ്ടായിരുന്നു.

3.വൈദേശികമായ പ്രമാണം

നമ്മുടെ ഭരണഘടനയിലെ പല വകുപ്പുകളും വിദേശ രാജ്യങ്ങളുടെ ഭരണഘടനയിൽ നിന്ന് കടമെടുത്തതാണ്.എന്നാൽ അത് ഒരു അന്ധമായ അനുകരണം ആയിരുന്നില്ല ആശയം മാത്രമാണ് ആണ് കടമെടുത്തത് .പാശ്ചാത്യ മൂല്യങ്ങളെയും ഇന്ത്യൻ മൂല്യങ്ങളെയും സമന്വയിപ്പിക്കാൻ ഉള്ള ശ്രമമാണ് നടന്നത് .

3. ഭരണഘടന എന്നത് നിയമങ്ങളുടെ ഒരുകൂട്ടം മാത്രമല്ല അതൊരു തത്വശാസ്ത്ര സംഹിത കൂടിയാണ് ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ഭരണഘടനയുടെ തത്വശാസ്ത്രം വിശകലനം ചെയ്യുക

ഉ.1.വ്യക്തി സ്വാതന്ത്ര്യം

വ്യക്തി സ്വാതന്ത്ര്യം ഉദാരവാദ ആശയത്തിന്റെ ഭാഗമാണ് .ആവിഷ്കാരസ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടനയുടെ അഭിവാജ്യ ഘടകമാണ് .

2.സാമൂഹ്യനീതി

സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന് നിരവധി നിയമങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തി. ഇന്ത്യയിൽ നിലനിന്നിരുന്ന അനാചാരങ്ങൾ ഇല്ലാതാക്കുന്നതിന് നിയമങ്ങൾ നിർമിച്ചു. പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി നിയമനിർമാണ സഭകളിലേക്കും സീറ്റുകൾ സംവരണം ചെയ്തു. പൊതുമേഖല സ്ഥാപനങ്ങളിലെ ജോലികൾക്ക് ഭരണഘടന സംവരണം ഉറപ്പുവരുത്തി.

3.വൈവിധ്യങ്ങളെയും ന്യൂനപക്ഷാവകാശങ്ങളേയും ബഹുമാനിക്കൽ

ഇന്ത്യ വൈവിധ്യങ്ങളുടെ നാടാണ് ആണ് ആണ് ഭാഷ, ആചാരം, വേഷം എന്നിവയിൽ ഇന്ത്യക്കാർ വളരെയധികം വ്യത്യസ്തത പുലർത്തുന്നു വൈവിധ്യങ്ങളെ അംഗീകരിച്ചുകൊണ്ട് അസമത്വങ്ങളെ ഇല്ലാതാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ഭരണഘടന സ്വീകരിച്ചിട്ടുണ്ട്.

വിവിധ സമുദായങ്ങൾക്കിടയിൽ തുല്യ ബഹുമാനത്തെ ഇന്ത്യൻ ഭരണഘടന പ്രോത്സാഹിപ്പിക്കുന്നു.

4.മതേതരത്വം

പാശ്ചാത്യ മതേതരത്വത്തിൽ നിന്ന് വ്യത്യസ്തമായ രീതിയിലുള്ള മതേതരത്വം ആണ് ഇന്ത്യയുടേത്. മത പരിഷ്കരണത്തെ പ്രോത്സാഹിപ്പിക്കുന്നു .ന്യൂനപക്ഷ മതവിഭാഗങ്ങൾക്ക് പ്രത്യേക സംരക്ഷണം നൽകുകയും ചെയ്യുന്നു. മതതത്വങ്ങൾ വ്യക്തികളിൽ അടിച്ചേൽപ്പിക്കുന്നത് തടയുന്നു

5.സാർവത്രിക വോട്ടവകാശം

ഏതൊരു ഇന്ത്യൻ പൗരനും രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കുന്നതിനും സർക്കാർ പദവികൾ വഹിക്കുന്നുള്ള അവകാശം ഉണ്ട് .പ്രായപൂർത്തിയായ സ്ത്രീക്കും പുരുഷനും പ്രതിനിധി സഭകളിലേക്കു പാർലമെൻറിലേക്ക് വോട്ടവകാശവും അനുവദിക്കുന്നു.

6.ദേശീയ സ്വത്വം

ഭരണഘടന ദേശീയ സ്വത്വത്തെ ഉറപ്പിക്കുന്ന അതോടൊപ്പം പ്രാദേശികമായ സ്വത്വങ്ങളെയും മതപരമായ സ്വത്വങ്ങളെയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഈ സ്വത്വങ്ങൾ തമ്മിൽ ഒരു സന്തുലിതാവസ്ഥ നിലനിർത്താനാണ് ഭരണഘടന ലക്ഷ്യമിടുന്നത്.വ്യത്യസ്ത സ്വത്വങ്ങളുടെ സഹവർത്തിത്വം ആണ് രൂപപ്പെടുത്താണ് ഭരണഘടന ശ്രമിക്കുന്നത് .

7.ഫെഡറലിസം

സംസ്ഥാനങ്ങൾ തമ്മിൽ സാംസ്കാരികവും സാമ്പത്തികവും സാമൂഹികവുമായ അന്തരങ്ങൾ നില നിൽക്കുന്നു .സംസ്ഥാനങ്ങളെ വ്യത്യസ്തമായി കാണുന്നതോടൊപ്പം ശക്തമായ ഒരു കേന്ദ്ര ഗവൺമെൻറ് നമുക്കുള്ളത് .വിഭജനത്തെ തുടർന്നുണ്ടായ സംഘർഷാവസ്ഥ ശക്തമായ കേന്ദ്ര ഗവൺമെൻറ് എന്ന ആശയത്തിലേക്ക് എത്തിച്ചു

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്

# 11. രാഷ്ട്രീയ സിദ്ധാന്തത്തിന് ഒരു ആമുഖം (Political Theory :An Introduction)

1. "രാഷ്ട്രീയം നമ്മെ പാമ്പ് ചുറ്റുന്നത് പോലെ ചുറ്റിയിരിക്കുകയാണ് എന്നും അതിനോട് മല്ലടിക്കുകയല്ലാതെ വേറെ പോംവഴിയില്ല" എന്നും പറഞ്ഞതാര്?

ഉ. മഹാത്മാ ഗാന്ധി.

2. എന്താണ് രാഷ്ട്രീയ സിദ്ധാന്തം?

ഉ. ശാസ്ത്രീയമായ രീതിയിൽ സാമൂഹിക ജീവിതം, ഗവൺമെൻറുകൾ, ഭരണഘടനകൾ, എന്നിവ രൂപപ്പെടുത്തുന്ന ആശയങ്ങളെയും തത്വങ്ങളെയും കുറിച്ച് പ്രതിപാദിക്കുന്നതാണ് "രാഷ്ട്രീയ സിദ്ധാന്തം".

3. എന്താണ് രാഷ്ട്രീയം?

ഉ. വിപുലമായ അർത്ഥതലങ്ങൾ ഉള്ള ഒരു പദമാണ് രാഷ്ട്രീയം. മോർഗന്തോ യുടെ അഭിപ്രായത്തിൽ "രാഷ്ട്രീയം അധികാരത്തിനു വേണ്ടിയുള്ള പോരാട്ടമാണ്". എങ്ങനെയാണ് ഗവൺമെൻറുകൾ രൂപവത്കരിക്കപ്പെട്ടത്, എങ്ങനെയാണ് അവ പ്രവർത്തിക്കുന്നത്, എന്നത് രാഷ്ട്രീയത്തിലെ കേന്ദ്രബിന്ദുവാണ്.ചുരുക്കത്തിൽ "സാധ്യമായ രീതിയിൽ ഒരു സംഘടിത സമൂഹത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ എല്ലാം പരിഹരിച്ച് അവരുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള കാലാതീതവും അവസാനിക്കാത്തതും സാർവത്രികവുമായ പ്രവർത്തനങ്ങളെ രാഷ്ട്രീയം" എന്ന് ചുരുക്കത്തിൽ നിർവചിക്കാം .

4. നാം രാഷ്ട്രീയ സിദ്ധാന്തം പഠിക്കുന്നതെന്തിന്?

ഉ.

1. രാഷ്ട്രീയക്കാർ, അഭിഭാഷകർ, ജഡ്ജിമാർ, പത്ര പ്രവർത്തകർ, തുടങ്ങി നിരവധി തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് തങ്ങളുടെ കടമകൾ കൂടുതൽ ഫലപ്രദമായി നിർവഹിക്കുന്നതിന് രാഷ്ട്രീയതിലുള്ള അറിവ് അനിവാര്യമാണ്.
2. ഗവൺമെൻറിന്റെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാനും, നിയമവ്യവസ്ഥയെ കുറിച്ച് അവബോധം സൃഷ്ടിക്കാനും ഭരണഘടനയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും രാഷ്ട്രതന്ത്ര പഠനം സഹായിക്കുന്നു.
3. മനുഷ്യാവകാശങ്ങളെയും, സ്വാതന്ത്ര്യം ,സമത്വം, നീതി, മതേതരത്വം, തുടങ്ങിയ വിവിധ ആശയങ്ങളെ കുറിച്ചു അവബോധം സൃഷ്ടിക്കാനും രാഷ്ട്രീയ സിദ്ധാന്ത പഠനം സഹായിക്കുന്നു.
4. സാമൂഹിക പ്രശ്നങ്ങളെ കുറിച്ച് ചിട്ടയായി ചിന്തിക്കാനും അതിലൂടെ അഭിപ്രായങ്ങൾ ശരിയായ രീതിയിൽ രൂപപ്പെടുത്താനും യുക്തിപൂർവ്വം വാദിക്കാനും ഇത് സഹായിക്കുന്നു.

# 12. സ്വാതന്ത്ര്യം (Liberty)

1. സ്വാതന്ത്ര്യത്തെപ്പറ്റി (On Liberty) എന്ന പുസ്തകത്തിന്റെ രചയിതാവ് ആര് ?

ഉ. ജെ. എസ്. മിൽ

2. 'നിങ്ങൾ പറയുന്നതിനോട് ഞാൻ വിയോജിക്കുന്നു. എന്നാൽ അതുപറയുവാനുള്ള നിങ്ങളുടെ അവകാശത്തിനായി ഞാൻ മരണം വരെ പോരാടും'. ആരുടെ വാക്കുകൾ ആണിത് ?

ഉ. വോൾട്ടയർ

3. സ്വാതന്ത്ര്യത്തിലേക്ക് ഒരു ദീർഘയാത്ര എന്നത് ആരുടെ ആത്മകഥയാണ് ?

ഉ. നെൽസൺ മണ്ഡേല

4. ഭയത്തിൽ നിന്നുള്ള മോചനം എന്ന കൃതി രചിച്ചതാര് ?

ഉ. ആങ് സാൻ സൂക്കി

5. വാട്ടർ എന്ന സിനിമയുടെ സംവിധായിക ആരാണ് ?

ഉ. ദീപ മേത്ത

6. ചേരും പടി ചേർക്കുക

| | |
|---|---|
| ഒബ്രെ മേനോൻ | ഞാൻ നാഥുറാം സംസാരിക്കുന്നു |
| സൽമാൻ റുഷ്ദി | ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം |
| പ്രദീപ് ദൾവി | രാമായണ റീടോൾഡ് |
| മാർട്ടിൻ സ്കോസെസി | സാത്താന്റെ വചനങ്ങൾ |

ഉ.

| | |
|---|---|
| ഒബ്രെ മേനോൻ | രാമായണ റീടോൾഡ് |
| സൽമാൻ റുഷ്ദി | സാത്താന്റെ വചനങ്ങൾ |
| പ്രദീപ് ദൾവി | ഞാൻ നാഥുറാം സംസാരിക്കുന്നു |
| മാർട്ടിൻ സ്കോസെസി | ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം |

7. ആവിഷ്കാര സ്വാതന്ത്ര്യം തടയേണ്ടതുണ്ടോ? വിശദീകരിക്കുക

**അല്ലെങ്കിൽ**

പുസ്തകങ്ങൾ, നാടകങ്ങൾ, സിനിമകൾ, ലേഖനങ്ങൾ എന്നിവ നിരോധിക്കണമെന്ന് പലപ്പോഴായി ആവശ്യങ്ങൾ ഉയർന്നുവരാറുണ്ട്. ഇത്തരം ആവശ്യങ്ങൾ പരിഗണിച്ച് അവ നിരോധിക്കേണ്ടതുണ്ടോ ?

ഉ. സ്വന്തം കഴിവുകൾ വികസിപ്പിക്കുക എന്ന ക്രിയാത്മക സ്വാതന്ത്ര്യത്തിന്റെ ഭാഗമാണ് ആവിഷ്കാര സ്വാതന്ത്ര്യം .ഇത് ഒരു മൗലിക മൂല്യമാണ് ,പലപ്പോഴും നാടകങ്ങൾ, സിനിമ, പുസ്തകങ്ങൾ എന്നിവ നിരോധിക്കണമെന്ന ആവശ്യം ഉയരാറുണ്ട് . അത്തരം സന്ദർഭങ്ങളിൽ ഭരണകൂടം പ്രതിഷേധങ്ങൾ താൽക്കാലികമായി ഇല്ലാതാക്കാൻ ഈ കൃതികൾ നിരോധിക്കാറുണ്ട് . എന്നാൽ സ്ഥിരമായ നിരോധനം ആവിഷ്കാര സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നു.

8. സ്വാതന്ത്ര്യത്തിന്റെ രണ്ട് തലങ്ങൾ ഏതെല്ലാം ? വിശദീകരിക്കുക.

ഉ. സ്വാതന്ത്ര്യത്തിന്റെ രണ്ട് തലങ്ങളാണ്

1.നിഷേധാത്മക സ്വാതന്ത്ര്യം

2.ക്രിയാത്മക സ്വാതന്ത്ര്യം

ബാഹ്യ നിയന്ത്രണങ്ങളുടെ അഭാവമാണ് നിഷേധാത്മക സ്വാതന്ത്ര്യം. ഒരു വ്യക്തിക്ക് ഇഷ്ടമുള്ളതെന്തും ചെയ്യാനും എന്തും ആയിത്തീരാനുള്ള സ്വാതന്ത്ര്യമാണ് നിഷേധാത്മക സ്വാതന്ത്ര്യം.

ഒരു വ്യക്തിക്ക് സ്വന്തം കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള സാഹചര്യമാണ് ക്രിയാത്മക സ്വാതന്ത്ര്യം .ദാരിദ്ര്യത്തിൽ നിന്നും തൊഴിലില്ലായ്മയിൽ നിന്നും വ്യക്തി സ്വതന്ത്രനാണെങ്കിൽ മാത്രമേ സ്വന്തം കഴിവുകൾ വികസിപ്പിക്കാൻ സാധിക്കൂ. വ്യക്തിയുടെ വികാസത്തിന് അനുകൂലമായ രീതിയിൽ സമൂഹത്തെ മാറ്റിയെടുക്കണം .

9. ഹാനി തത്വത്തെ കുറിച്ച് വിശദീകരിക്കുക.

ഉ. ബ്രിട്ടീഷ് തത്വചിന്തകനായ ജെ. എസ്. മിൽ അദ്ദേഹത്തിന്റെ കൃതിയായ സ്വാതന്ത്ര്യത്തെപ്പറ്റി (On Liberty)എന്ന പുസ്തകത്തിലാണ് ഹാനി തത്വത്തെ കുറിച്ച് വിശദീകരിച്ചത് ഒരു വ്യക്തിയുടെ പ്രവർത്തികൾ രണ്ടുതരമുണ്ട് .

1.സ്വ സംബന്ധിയായവ .

2.അപര സംബന്ധിയായവ.

ഒരാളുടെ പ്രവർത്തികളുടെ പ്രത്യാഘാതങ്ങൾ അയാളെ മാത്രം ബാധിക്കുന്നതാണെങ്കിൽ അതിനെ സ്വ സംബന്ധിയായ പ്രവർത്തനങ്ങൾ എന്ന് പറയുന്നു.

മറ്റുള്ളവരെ കൂടി ബാധിക്കുന്നതാണ് ആണെങ്കിൽ അവയെ അപരസംബന്ധിയായ പ്രവർത്തികൾ എന്ന് വിളിക്കുന്നു.

സ്വസംബന്ധിയായ പ്രവർത്തികളിൽ ബാഹ്യ ഇടപെടൽ വേണ്ട എന്ന് ജെ എസ് മിൽ വാദിക്കുന്നു .

അപര സംബന്ധിയായ പ്രവർത്തികൾ മറ്റുള്ളവർക്ക് ഹാനികരമാകുന്നുണ്ടെങ്കിൽ ബാഹ്യ ഇടപെടൽ വേണ്ടതുണ്ട് .ഗവൺമെൻറ് ഇടപെട്ട് അത്തരം പ്രവർത്തനങ്ങൾ തടയണം.

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്

# 13. സമത്വം (Equality)

1. വിശ്വാസത്തിനുള്ള അവകാശം ഏത് സമത്വത്തിന്റെ ഭാഗമാണ് ?

ഉ. രാഷ്ട്രീയ സമത്വം.

2. താഴെക്കൊടുത്തിരിക്കുന്ന തരം തിരിച്ചെഴുതുക.

തൊഴിൽ ചെയ്യാനുള്ള അവകാശം, അഭിപ്രായസ്വാതന്ത്ര്യം, വോട്ട് ചെയ്യാനുള്ള അവകാശം, മാന്യമായ വേതനം ലഭിക്കുന്നതിനുള്ള അവകാശം, പോഷകാഹാരം ലഭിക്കുന്നതിനുള്ള അവകാശം നല്ല വിദ്യാഭ്യാസത്തിനുള്ള അവസരം.

| സാമ്പത്തികസമത്വം | സാമൂഹിക സമത്വം | രാഷ്ട്രീയ സമത്വം |
|---|---|---|
| 1.<br>2. | 1.<br>2. | 1.<br>2. |

ഉ.

| സാമ്പത്തികസമത്വം | സാമൂഹിക സമത്വം | രാഷ്ട്രീയ സമത്വം |
|---|---|---|
| 1.തൊഴിൽ ചെയ്യാനുള്ള അവകാശം.<br>2.മാന്യമായ വേതനം ലഭിക്കുന്നതിനുള്ള അവകാശം. | 1.പോഷകാഹാരം ലഭിക്കുന്നതിനുള്ള അവകാശം .<br>2.നല്ല വിദ്യാഭ്യാസത്തിനുള്ള അവസരം. | 1.അഭിപ്രായസ്വാതന്ത്ര്യം.<br>2.വോട്ട് ചെയ്യാനുള്ള അവകാശം. |

3. ചേരും പടി ചേർക്കുക.

| | |
|---|---|
| ഔപചാരിക സമത്വം സ്ഥാപിക്കൽ. | ദുർബല വിഭാഗങ്ങൾക്ക് ജോലിസംവരണം |
| വ്യത്യസ്ത പരിഗണനയിലൂടെ സമത്വം | എല്ലാ ജാതിയിൽ പെട്ടവർക്കും പൊതു സ്ഥലങ്ങളിൽ പ്രവേശനം |
| അനുകൂലാത്മക നടപടി | അംഗപരിമിതിയുള്ളവർക്ക് ബാങ്കിൽ പ്രത്യേക വരി |

| | |
|---|---|
| ഉ. ഔപചാരിക സമത്വം സ്ഥാപിക്കൽ. | എല്ലാ ജാതിയിൽ പെട്ടവർക്കും പൊതു സ്ഥലങ്ങളിൽ പ്രവേശനം |
| വ്യത്യസ്ത പരിഗണനയിലൂടെ സമത്വം | അംഗപരിമിതിയുള്ളവർക്ക് ബാങ്കിൽ പ്രത്യേക വരി |
| അനുകൂലാത്മക നടപടി | ദുർബല വിഭാഗങ്ങൾക്ക് ജോലിസംവരണം |

4. സമത്വത്തിന്റെ മൂന്നു മാനങ്ങൾ ഏതെല്ലാം ?.

ഉ.1.രാഷ്ട്രീയ സമത്വം.

രാഷ്ട്രത്തിലെ എല്ലാ അംഗങ്ങൾക്കും തുല്യമായ പൗരാവകാശങ്ങൾ നൽകുക.

വോട്ടവകാശം,ആവിഷ്കാര സ്വാതന്ത്ര്യം, സഞ്ചരിക്കുവാനും സംഘടിക്കാനുമുള്ള സ്വാതന്ത്ര്യം, വിശ്വാസത്തിനുള്ള സ്വാതന്ത്യം എന്നിങ്ങനെയുള്ള ചില അടിസ്ഥാനാവകാശങ്ങൾ നൽകുന്നത് രാഷ്ട്രീയ സമത്വം ലഭ്യമാക്കുന്നതിനുള്ള മാർഗങ്ങളാണ്.

2.സാമൂഹിക സമത്വം

സാമൂഹിക വിഭവങ്ങൾക്കും അവസരങ്ങൾക്കും വേണ്ടി മത്സരിക്കാനുള്ള ന്യായവും തുല്യമായ അവസരങ്ങൾ എല്ലാ ജനവിഭാഗങ്ങൾക്കും ഉണ്ടായിരിക്കണം.

മതിയായ ആരോഗ്യപരിരക്ഷ ,നല്ല വിദ്യാഭ്യാസത്തിനുള്ള അവസരം മതിയായ പോഷകാഹാരം മിനിമം വേതനം എന്നീ അടിസ്ഥാന ജീവിത സൗകര്യങ്ങൾ സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കണം.

3.സാമ്പത്തികസമത്വം

സമ്പത്ത്, ആസ്തി, വരുമാനം എന്നിവയിൽ ഒരു സമുഹത്തിലെ വ്യക്തികൾ തമ്മിലോ വർഗങ്ങൾ തമ്മിലോ കാര്യമായ വ്യത്യാസങ്ങൾ ഉണ്ടാകരുത്.

തൊഴിൽ ചെയ്യാൻ ഉള്ള അവകാശം. വിശ്രമത്തിനു ഉള്ള അവകാശം , മാന്യമായ വേതനം, ലഭിക്കുന്നതിനുള്ള അവകാശം ,തൊഴിൽ സംഘടനകൾ രൂപീകരിക്കുന്നതിനുള്ള അവകാശം എന്നിവ സാമ്പത്തിക സമത്വം ലഭിക്കുന്നതിനുള്ള ഉള്ള മാർഗ്ഗങ്ങൾ ആണ്.

5. സമത്വം ലഭ്യമാക്കുന്നതിനുള്ള വ്യത്യസ്ത മാർഗങ്ങൾ ഏതെല്ലാം ?

ഉ.1) ഔപചാരിക സമത്വം സ്ഥാപിക്കൽ.

അസമത്വത്തിന്റെയും വിശേഷ അധികാരങ്ങളുടെയും ഔപചാരിക അവസ്ഥ അവസാനിപ്പിക്കുക.

ആചാരങ്ങളാലും നിയമവ്യവസ്ഥകളാലും സൃഷ്ടിക്കപ്പെടുന്ന അസമത്വം ഇല്ലാതാക്കുക. മതം, വർഗ്ഗം, ജാതി, ലിംഗം, ജന്മസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനങ്ങളെ ഭരണഘടന നിരോധിച്ചിരിക്കുന്നു.

അയിത്തം, തൊട്ടുകൂടായ്മ എന്നിവ നിയമം മൂലം നിരോധിച്ചിരിക്കുന്നു.

2) വ്യത്യസ്ത പരിഗണനയിലൂടെ സമത്വം.

ജനങ്ങൾക്ക് തുല്യ അവകാശങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കാൻ ചിലപ്പോൾ ജനങ്ങളെ വ്യത്യസ്തമായി പരിഗണിക്കേണ്ടിവരും.

ഇതിന് ജനങ്ങൾക്കിടയിലെ ചില വ്യത്യാസങ്ങൾ കൂടി കണക്കിലെടുക്കുന്നു.

അംഗപരിമിതിയുള്ളവർ പൊതുകെട്ടിടങ്ങളിൽ പ്രവേശിക്കുന്നതിന് പ്രത്യേകവഴികൾ ,രാത്രി കാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പ്രത്യേക സംരക്ഷണം എന്നിവയെല്ലാം വ്യത്യസ്ത പരിഗണനയിലുള്ള സമത്വം സ്ഥാപിക്കലാണ്.

3) അനുകൂലാത്മക നടപടി

നിയമം കൊണ്ടുമാത്രം സമത്വം സ്ഥാപിക്കാൻ സാധിക്കില്ല.

ഇതിന് ക്രിയാത്മകമായ ചില നടപടികൾ സ്വീകരിക്കേണ്ടി വരും.

അനുകൂലാത്മക നടപടികൾ പല രൂപത്തിൽ നടപ്പിലാക്കാൻ കഴിയും.

പിന്നോക്കസമുദായങ്ങൾക്ക് ഹോസ്റ്റലുകൾ, സ്കോളർഷിപ്പുകൾ തുടങ്ങിയവക്ക് മുൻഗണന നൽകുക, ദുർബല വിഭാഗങ്ങൾക്ക് അവസര സമത്വം നല്കുന്നതിനു വേണ്ടി ജോലിക്കും വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്കുമുള്ള പ്രവേശനത്തിനും സീറ്റ് സംവരണം എന്നിവ അനുകൂലാത്മക നടപടികളാണ്.

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

# 14. സാമൂഹിക നീതി (Social Justice )

1. നീതിയുടെ മൂന്ന് തത്വങ്ങൾ ഏവ?
ഉ. തുല്യരോട് തുല്യ പരിഗണന, ആനുപാതിക നീതി, പ്രത്യേകാവകാശങ്ങൾ അംഗീകരിക്കൽ.

2. Theory of Justice എന്ന കൃതിയുടെ കർത്താവ് ആരാണ്?
ഉ. ജോൺ റോൾസ്

3. സംഖ്യാത്മക നീതി (Numerical concept of Justice)എന്ന ആശയംഏത് ചിന്തകന്റേതാണ്?
ഉ. ജെറമി ബെന്താം (Jeramy Bentham)

4. അജ്ഞതയുടെ മൂടുപടം –Veil Of Ignorance എന്ന ആശയം ആരുമായി ബന്ധപ്പെട്ടാതാണ്?
ഉ. ജോൺ റോൾസ്

5. നീതി നിഷേധം കൊണ്ട് ആർക്കും ഗുണമുണ്ടാവുകയില്ലെന്ന് ആഭിപ്രായപ്പെട്ടത് ആര്?
ഉ. ഗ്രീക്ക് തത്വ ചിന്തകനായ സോക്രട്ടീസ്.

6. നീതിസങ്കല്പത്തിന്റെ മൂന്ന് തത്വങ്ങൾ വിശദീകരിക്കുക?
ഉ. 1. തുല്യരോട് തുല്യ പരിഗണന (Equal Treatment For Equals). തുല്യരായവരെ തുല്യമായി പരിഗണിക്കുക എന്ന ഒന്നാമത്തെ തത്വത്തെ സംഖ്യാത്മക നീതി (Numerical concept of Justice)എന്നും പറയും. ജറമി ബെന്താം എന്ന ചിന്തകനാണിതിന്റെ വക്താവ്.മനുഷ്യനെന്ന നിലയിൽ എല്ലാ വ്യക്തികൾക്കും ചില പൊതു സവിശേഷതകൾ ഉണ്ട്. ആ അർത്ഥത്തിൽ എല്ലാവരും തുല്യരാണ്. അതിനാൽ അവർ തുല്യാവകാശവും പരിഗണനയും അർഹിക്കുന്നു. ആധുനിക ജനാധിപത്യ രാജ്യങ്ങളിൽ ജീവിക്കാനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, വോട്ടവകാശം , പൗരാവകാശം, സ്വത്തവകാശം, രാഷ്ട്രീയവകാശങ്ങൾ, സമത്വം പോലുള്ള അവകാശങ്ങളും ജനങ്ങൾക്ക് നൽകിയിട്ടുള്ള തുല്യാവകാശങ്ങളാണ് .ഒരാളോട്ടും വർഗ,വർണ, മത, വംശ, ലിംഗം തുടങ്ങിയവയുടെ പേരിൽ വിവേചനം അരുത് –തുല്യരെ തുല്യരായി പരിഗണിക്കണം.

2. ആനുപാതിക നീതി. (Proportionate Justice). എല്ലാവരെയും തുല്യരായി പരിഗണിക്കണം എന്ന നീതി സങ്കൽപ്പം എല്ലായ്പോഴും ശരിയായിരിക്കണമെന്നില്ല. ഓരോരുത്തർക്കും പ്രതിഫലം നൽകേണ്ടത് അവരുടെ കഴിവിനും , അധ്വാനത്തിനും ആ പ്രവർത്തിയിലുള്ള അപകട സാധ്യത കണക്കിലെടുത്തും ആനുപാതികവും ആയിരിക്കണം. ഒരുവ്യക്തിക്ക് നൽകേണ്ട പ്രതിഫലം , അധികാരം, അംഗീകാരം എന്നിവ അയാളുടെ കഴിവിനും സംഭാവനക്കും ആനുപാതികമായിരിക്കണം എന്നർത്ഥം. ഇതാണ് ആനുപാതിക നീതി.

3. പ്രത്യേകാവശ്യങ്ങൾ അംഗീകരിക്കൽ (Recognition Of Special Needs). പ്രതിഫലങ്ങളും ചുമതലകളും വിതരണം ചെയ്യുമ്പോൾ ജനങ്ങളുടെ പ്രത്യേകാവശ്യങ്ങൾ സമൂഹം കണക്കിലെടുക്കണം. വൈകല്യങ്ങളോ അവശതകളോ ഉള്ള ആളുകളാണ് പൊതുവെ പ്രത്യേകാവശ്യങ്ങൾ ഉള്ളവർ എന്ന് പറയുന്നത്. ശാരീരിക വൈകല്യമുള്ളവർ, പ്രായാധിക്യം മൂലം ബുദ്ധിമുട്ടുന്നവർ, നല്ല വിദ്യാഭ്യാസത്തിനും, ആരോഗ്യ പരിപാലനത്തിനും ഉള്ള സൗകര്യവും, സാമ്പത്തികവും ഇല്ലാത്തവർ ,സ്ത്രീകൾ തുടങ്ങിയവരെല്ലാം ഈ വിഭാഗത്തിൽ

പെട്ടം. ഇത്തരക്കാർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും, ജോലിയിലും സംവരണം നൽകുന്നത് ഇതിനാണ്.

7. സാമൂഹ്യനീതി കൈവരിക്കുന്നതിന് ഗവൺമെന്റ്കൾ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം ? അഥവാ **നിതിനിഷ്ഠമായ വിതരണം(Just Distribution)** എന്നാലെന്ത്?

ഒരു രാജ്യത്ത് സാമൂഹ്യനീതി കൈവരിക്കാൻ ജനങ്ങളെ തുല്യരായി പരിഗണിച്ചാൽ മാത്രം പോരാ; ജീവിതത്തിന്റെ അടിസ്ഥാനപരമായ ചില സമത്വങ്ങൾ എല്ലാവർക്കും അനുഭവിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. ഉദാഹരണമായി സാമൂഹ്യസമത്വം വളർത്താനും താഴ്ന്ന ജതിക്കാർക്ക് ക്ഷേത്രപ്രവേശനം ലഭിക്കാനും കുടിനീർ പോലുള്ള ജീവിതാവശ്യങ്ങൾ ലഭിക്കാനുമായി അയിത്താചരണം നിരോധിച്ചിരിക്കുന്നു.ഭൂപരിഷ്കരണം, റേഷൻ സമ്പ്രദായം,സമഗ്ര ആരോഗ്യ ഇൻഷുറൻസ്, കർഷകർക്ക് പലിശരഹിത വായ്പ, തൊഴിൽ രഹിതർക്കുള്ള വേതനം, വൃദ്ധർക്കും മറ്റ് അവശതകൾ അനുഭവിക്കുന്നവർക്കും പെൻഷൻ ഏർപ്പെടുത്തുക, സ്ത്രീകളുടെ സാമൂഹിക പദവിയും അന്തസ്സും ഉയർത്തുന്നതിനും അവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും സമഗ്രവും ശക്തവുമായ നിയമങ്ങൾ ആവിഷ്കരിക്കുക ഇവയെല്ലാം സാമൂഹ്യനീതി കൈവരിക്കാൻ സ്വീകരിക്കേണ്ടുന്ന മാർഗ്ഗങ്ങളാണ്.

8. ജോൺ റോൾസ് ന്റെ നീതി സിദ്ധാന്തം വിവരിക്കുക.

അമേരിക്കൻ തത്വചിന്തകനായ ജോൺ റോൾസ് തന്റെ വിഖ്യാത കൃതിയായ Theory Of Justice ലൂടെ മുന്നോട്ട് വെച്ച നീതി സിദ്ധാന്തമാണ് ഇത്. നീതിനിഷ്ഠാമായ ഒരു സമൂഹം സൃഷ്ടിക്കാൻ എന്താണ് മാർഗമെന്ന് ഈ കൃതിയിൽ ചർച്ച ചെയ്യുന്നു. എല്ലാവർക്കും നീതിയും നൻമയും ലഭിക്കുന്ന ഒരു സമൂഹം സൃഷ്ടിക്കുന്നതിന് ഒരേയൊരു മാർഗം മാത്രമേയുള്ളൂ. ഓരോരുത്തർക്കും അവരുടെ ഭാവിയെക്കുറിച്ച് അജ്ഞാതരായിരിക്കുന്ന ഒരു സാങ്കൽപിക അവസ്ഥയിൽ (അജ്ഞതയുടെ മൂടുപടം –Veil Of Ignorance) നീതിയുക്തമായ സമൂഹ സൃഷ്ടിക്കായുള്ള തീരുമാനമെടുക്കുയാണെങ്കിൽ എല്ലാവർക്കും നൻമയും നീതിയും ലഭിക്കുന്ന ഒരുഭാവി സമൂഹത്തെ സൃഷ്ടിക്കാനാവശ്യമായ നിയമങ്ങളെയായിരിക്കും നാം പിന്തുണക്കുകയെന്ന റോൾസ് പറയുന്നു. അജ്ഞതയുടെ മൂടുപടത്തിൽ നിൽക്കുമ്പോൾ എല്ലാവരിലും ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠ നില നിൽക്കുന്നതിനാൽ ഓരോരുത്തം സ്വന്തം താല്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ തീരുമാനിക്കും. പക്ഷെ താൻ ഏത് തരത്തിലുള്ള കുടുംബത്തിലാണ് ജനിക്കുന്നത് എന്ന് അറിയാത്തതിനാൽ (Veil of Ignorance), തനിക്ക് കൂടി ഗുണം ലഭിക്കണമെങ്കിൽ എല്ലാവരുടെയും ന്യായമായ ആവശ്യങ്ങൾ ഉറപ്പ് വരുത്തുന്ന നിയമങ്ങളുള്ളസമൂഹത്തെക്കുറിച്ച് ചിന്തിക്കും. അതിനാൽ അവരാവിഷ്കരിക്കുന്ന നയങ്ങൾ മൊത്തം സമൂഹത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതായിരിക്കും. അതായത് സമൂഹത്തിലെ ഉന്നത വിഭാഗങ്ങൾക്കും താഴ്ന്ന വിഭാഗങ്ങൾക്കും അവരവരുടെ താൽ പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന സമൂഹമായിരിക്കും അതെന്ന് റോൾസ് പറയുന്നു. അജ്ഞതയുടെ മൂടുപടം ധരിക്കുന്നത്യായമായ നിയമങ്ങളുടെയും നയങ്ങളുടെയും സൃഷ്ടിക്കാവശ്യമാണ്. പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം പോലുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ഈ സിദ്ധാന്തം അനുകൂലിക്കുന്നു.

# 15. അവകാശങ്ങൾ (Rights)

1. മനുഷ്യാവകാശ ദിനം എന്ന്?
ഉ. ഡിസംബർ 10

2. മനുഷ്യാവകാശങ്ങൾ സംബന്ധിച്ച സാർവലൗകിക പ്രഖ്യാപനം ( Universal Declaration Of Human Rights)നടന്നതെന്ന്?
ഉ. 1948 ഡിസംബർ 10

3. അവകാശങ്ങളെന്നാലെന്ത്?
ഉ. പരിഷ്കൃതവും സംതൃപ്തവുമായ ജീവിതം നയിക്കുന്നതിനുള്ള സാമൂഹ്യസാഹചര്യമാണ് അവകാശങ്ങൾ. ഒരു മനുഷ്യൻ എന്ന് നിലക്ക് അന്തസുറ്റ ജീവിതം നയിക്കുന്നതിനുള്ള സാഹചര്യമാണത്.സമൂഹത്തിൽ നിന്ന് ഓരോരുത്തർക്കും ലഭിക്കേണ്ടതാണ് അവകാശങ്ങൾ.

4. തന്നിരിക്കുന്ന അവകാശങ്ങളെ പട്ടികപ്പെടുത്തുക.
ഉ. വോട്ടവകാശം, അഭിപ്രായ സ്വാതന്ത്ര്യം, ജോലി ചെയ്യാനുള്ള അവകാശം, പര്യാപ്തമായ കൂലി ലഭിക്കാനുള്ള അവകാശം, രാഷ്ട്രീയകക്ഷി രൂപീകരിക്കാനും പ്രവർത്തിക്കാനുമുള്ള അവകാശം,പ്രതിഷേധിക്കാനും എതിർപ്പ് പ്രകടിപ്പിക്കുവാനുമുള്ള അവകാശം.

| **രാഷ്ട്രീയാവകാശങ്ങൾ** | **പൗരാവകാശങ്ങൾ** | **സാമ്പത്തികാവകാശങ്ങൾ** |
|---|---|---|
| | | |
| | | |

ഉ.

| **രാഷ്ട്രീയാവകാശങ്ങൾ** | **പൗരാവകാശങ്ങൾ** | **സാമ്പത്തികാവകാശങ്ങൾ** |
|---|---|---|
| വോട്ടവകാശം | അഭിപ്രായ സ്വാതന്ത്ര്യം | ജോലി ചെയ്യാനുള്ള അവകാശം |
| രാഷ്ട്രീയകക്ഷി രൂപീകരിക്കാനും പ്രവർത്തിക്കാനുമുള്ള അവകാശം, | പ്രതിഷേധിക്കാനും എതിർപ്പ് പ്രകടിപ്പിക്കുവാനുമുള്ള അവകാശം | പര്യാപ്തമായ കൂലി ലഭിക്കാനുള്ള അവകാശം |

5. അവകാശങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?
- ഉ.
  - അവകാശം ഒരു അവകാശവാദമാണ്.
  - അവകാശങ്ങൾക്ക് സമൂഹത്തിൻറെയും രാഷ്ട്രത്തിന്റെയും അംഗീകാരം ആവശ്യമാണ്.
  - എല്ലാ അവകാശങ്ങൾക്കും തത്തുല്യമായ ചുമതലകളുണ്ട്.
  - അവകാശങ്ങൾ രാഷ്ട്രത്തിന് മുമ്പേയുള്ളതാണ്. (മനുഷ്യൻ സമൂഹമായി ജീവിക്കുന്ന കാലം തൊട്ട് അവകാശമുണ്ട്, ഇവയെ സംരക്ഷിക്കാനാണ് രാഷ്ട്രം ഉണ്ടായത്.)
  - സമൂഹത്തിന് പുറത്ത് അവകാശങ്ങളില്ല. (സമൂഹമായി ജീവിക്കുമ്പോഴേ അവകാശങ്ങൽക്ക് പ്രസക്തിയുള്ളൂ.)

6. അവകാശങ്ങളും ചുമതലകളും ഒരേ നാണയത്തിന്റെ ഇരുവശങ്ങളെപ്പോലെയാണ്. ഇത്കൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?

ഉ. എല്ലാ അവകാശങ്ങൾക്കും തത്തുല്യമായ ചുമതലകളുണ്ട്. ഇവയിൽ ഒന്ന് മാത്രമായി ഉണ്ടാവില്ല. പരസ്പര പൂരകങ്ങളാണ് അവ രണ്ടും. അവകാശം സമൂഹത്തിൽ നിന്ന്

കിട്ടേണ്ടതാണെങ്കിൽ ചുമതല സമൂഹത്തിന് വ്യക്തിയിൽ നിന്ന് കിട്ടേണ്ടതാണ്. ഉദാഹരണമായി നികുതി കിട്ടുക എന്ന രാഷ്ട്രത്തിന്റെ അവകാശം, വ്യക്തികൾക്ക് വേണ്ട സൗകര്യം ചെയ്യുക എന്ന ചുമതലയുടെ മറുവശമാണ്. തിരിച്ച് രാഷ്ട്രം സൗകര്യം നൽകുക എന്നത് വ്യക്തിയുടെ അവകാശം, നികുതി നൽകുക എന്നത് വ്യക്തിയുടെ ചുമതലയും. അതിനാൽ അവകാശങ്ങളും ചുമതലകളും ഒരേ നാണയത്തിന്റെ ഇരുവശങ്ങളെ പോലെയാണ്.

7. വിവിധ തരം അവകാശങ്ങൾ ഏവ ?

ഉ. രാഷ്ട്ര നിയമങ്ങൾ അടിസ്ഥാനമാക്കിയുള്ള അവകാശങ്ങളാണ് നിയമപരമായ അവകാശങ്ങൾ ഒരു രാഷ്ട്രത്തിലെ നിയമപ്രകാരം ഒരു വ്യക്തിക്ക് കിട്ടേണ്ട അവകാശങ്ങൾ ആയതിനാൽ ഇവയുടെ ലംഘനം ശിക്ഷാർഹമാണ്. ഇവയെ മൂന്നായി തിരിക്കുന്നു.

1.പൗരാവകാശങ്ങൾ. 2.രാഷ്ട്രീയാവകാശങ്ങൾ 3.സാമ്പത്തികാവകാശങ്ങൾ.

1. **പൗരാവകാശങ്ങൾ**. ഒരു രാജ്യത്തിലെ പൗരൻ എന്ന നിലക്ക് രാഷ്ട്രത്താൽ ഉറപ്പ് നൽകുന്ന നിർബന്ധമായും നൽകേണ്ട അവകാശങ്ങളാണ് പൗരാവകാശങ്ങൾ. ഒരു പൗരന് പരിഷ്കൃത ജീവിതം നയിക്കുന്നതിന് ഇത് കൂടിയേ തീരു.
   ഉദാഹരണം. സഞ്ചാരത്തിനും,സംസാരത്തിനുമുള്ള അവകാശം.
2. **രാഷ്ട്രീയവകാശം.** ഒരു പൗരന് രാഷ്ട്രീയ പ്രവർത്തനങ്ങളിലേർപ്പെടാനുള്ള അവകാശമാണ് ഇത്. ജനാധിപത്യത്തിൽ ഒഴിച്ച് കൂടാനാവത്തതാണിവ
   ഉദാ. വോട്ടവകാശം, മത്സരിക്കാനുള്ള അവകാശം.

3.**സാമ്പത്തികാവകാശം.** പൗരന് സാമ്പത്തിക പ്രവർത്തനത്തിൽ ഏർപ്പെടുന്നതിനുള്ള അവകാശമാണിത്. ഒരു മനുഷ്യന്റെ അഭിവൃദ്ധിക്ക് തൊഴിലും വരുമാനവും ഉണ്ടായേ തീരൂ. സാമ്പത്തികാവകാശം ഇത് ഉറപ്പ് നൽകുന്നു.
ഉദാ. ജോലി ചെയ്യാനും,ന്യായമായ കൂലി ലഭിക്കാനുമുള്ള അവകാശം.

8. നിയമത്തിന്റെ പിൻതുണയില്ലെങ്കിൽ അവകാശങ്ങൾ നിരർഥകങ്ങളാണ്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദീകരിക്കുക.

ഉ. ധാർമികാവകാശങ്ങൾ, നിയമാവകാശങ്ങൾ എന്നിവയാണ് പ്രധാനപ്പെട്ട അവകാശങ്ങൾ. മനുഷ്യരുടെ ധാർമികത, നീതിബോധം, മനസാക്ഷി എന്നിവയെ അടിസ്ഥാനമാക്കിയുള്ളവയാണ് ധാർമികാവകാശങ്ങൾ. ഇവയ്ക്ക് നിയമത്തിന്റെ പിൻതുണയില്ല. അതിനാൽ ധാർമികാവകാശങ്ങൾ ലംഘിക്കുന്നവരെ ശിക്ഷിക്കാൻ കഴിയില്ല. എന്നാൽ നിയമാവകാശങ്ങൾ നിയമത്തിന്റെ പിൻതുണയുള്ളതും രാഷ്ട്രം അംഗീകരിക്കുന്നതുമാണ്. അതിനാൽനിയമലംഘനങ്ങൾ നടത്തുന്നവരെ ശിക്ഷിക്കാനും നിയമാവകാശങ്ങൾ ഉറപ്പു നൽകാനും രാഷ്ട്രത്തിന് സാധിക്കും. അതായത് നിയമത്തിന്റെ പിന്തുണയുള്ളതിനാലാണ് നിയമാവകാശങ്ങൾക്ക് നിലനിൽപ്പുള്ളത്. അതിനാൽ നിയമത്തിന്റെ പിന്തുണയില്ലെങ്കിൽ അവകാശങ്ങൾ നിരർഥകമാണെന്ന് പറയാം.

# 16. പൗരത്വം (Citizenship)

1. ഫ്രഞ്ച് വിപ്ലവം നടന്ന വർഷം ഏത്?
ഉ.1789

2. പൗരത്വം എന്നാൽ എന്ത്?

ഉ. ഒരു രാഷ്ട്രീയ സമൂഹത്തിലെ പൂർണവും തുല്യവുമായ അംഗത്വമാണ് പൗരത്വം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് . സമകാലിക ലോക രാജ്യങ്ങൾ അവയിലെ അംഗങ്ങൾക്ക് പൊതുവായ രാഷ്ട്രീയ വ്യക്തിത്വവും ചില അവകാശങ്ങളും നൽകുന്നു .

3. ഇന്ത്യയിൽ പൗരത്വം ആർജ്ജിക്കുന്നതിനുള്ള മാർഗങ്ങൾ എന്തെല്ലാം?

ഉ. 1955 ൽ നിലവിൽ വന്ന ഇന്ത്യൻ പൗരത്വ നിയമ പ്രകാരം പൗരത്വം ആർജിക്കുന്നതിനും ആവശ്യപ്പെടുന്നതിനുമുള്ള വ്യവസ്ഥകൾ തിട്ടപ്പെടുത്തിയിട്ടുണ്ട്.

a. ജന്മം കൊണ്ടുള്ള പൗരത്വം
ഒരു ഇന്ത്യൻ പൗരന് 1950 ജനുവരി 26 ആം തീയതിക്ക് ശേഷം ജനിച്ച ശിശുവിന് ഇന്ത്യൻ പൗരത്വം ലഭിക്കും.
b. പാരമ്പര്യമായി ലഭിക്കുന്നത്
ഇന്ത്യക്കു പുറത്താണെങ്കിലും ജനനസമയത്ത് ഒരാളുടെ അച്ഛൻ ഇന്ത്യൻ പൗരൻ ആണെങ്കിൽ പൗരത്വം പാരമ്പര്യമായി ലഭിക്കും.
c. രജിസ്ട്രേഷൻ വഴി ലഭിക്കുന്നത്
അഞ്ചുവർഷം തുടർച്ചയായി ഇന്ത്യയിൽ താമസിക്കുന്ന ഇന്ത്യൻ വംശജർ , അവിഭക്ത ഇന്ത്യയ്ക്ക് പുറത്ത് താമസമാക്കിയിട്ടുള്ള ഇന്ത്യൻ വംശജർ ,ഇന്ത്യൻ പൗരന്മാരുടെ ഭാര്യമാർ എന്നിവർക്ക് രജിസ്ട്രേഷൻ വഴി പൗരത്വം നേടാം.
d. തദ്ദേശീകരണം വഴി
ഒരു വിദേശിക്ക് ചില നിയന്ത്രണങ്ങൾക്ക് വിധേയമായി ഇന്ത്യൻ പൗരത്വം ലഭിക്കുന്നതാണ്.
e. ഭൂപ്രദേശങ്ങൾ കൂട്ടിച്ചേർക്കുന്നത് വഴി
ഏതെങ്കിലും ഒരു ഭൂപ്രദേശം ഇന്ത്യയുടെ ഭാഗമായി തീരുകയാണെങ്കിൽ അവിടത്തെ ജനങ്ങളെ ഇന്ത്യൻ പൗരന്മാരായി പ്രഖ്യാപിക്കാൻ ഇന്ത്യാ ഗവൺമെന്റിന് അവകാശമുണ്ട്.

4. "സാർവത്രിക പൗരത്വം", "ആഗോള പൗരത്വം" എന്നിവ ചുരുക്കി വിവരിക്കുക.

ഉ. സാർവത്രിക പൗരത്വം
ഒരു രാജ്യത്തെ അംഗത്വം നേടാൻ ആഗ്രഹിക്കുന്നവർക്ക് എല്ലാം പൗരത്വം നൽകണമെന്നുള്ള കാഴ്ചപ്പാടാണ് സാർവത്രിക പൗരത്വം.യുദ്ധം,വംശീയ കലാപം, പ്രകൃതി ദുരന്തങ്ങൾ ,ക്ഷാമം എന്നിവ മൂലം കോടിക്കണക്കിനാളുകൾ മറ്റു രാജ്യങ്ങളിലേക്ക് അഭയാർഥികളായി പലായനം ചെയ്യാറുണ്ട്. അഭയാർത്ഥികളായി എത്തുന്ന എല്ലാവർക്കും പൗരത്വം നൽകുവാൻ ലോകരാജ്യങ്ങൾ തയ്യാറാകില്ല. അനിയന്ത്രിതമായി അഭയാർഥികളെ സ്വീകരിക്കുന്നത് രാജ്യത്തിന്റെ സുരക്ഷയെയും സാമ്പത്തിക സ്ഥിതിയെയും പ്രതികൂലമായി ബാധിക്കും എന്നുള്ള ഭയം നിമിത്തം ഗവൺമെൻറുകൾ പൗരത്വ നിയമങ്ങളിൽ അതീവ ജാഗ്രത പുലർത്താറുണ്ട്.

1. ആഗോള പൗരത്വം

ഏതെങ്കിലും ഒരു പ്രത്യേക രാജ്യത്തെ പൗരൻ എന്നതിലുപരിയായി വിശ്വ സമൂഹത്തിലെ അംഗങ്ങളാണ് ഓരോ മനുഷ്യരും എന്ന വിശാലമായ കാഴ്ചപ്പാടാണ് ആഗോള പൗരത്വം. ഭീകരവാദം, പകർച്ചവ്യാധികൾ ,പ്രകൃതി ദുരന്തങ്ങൾ ,അഭയാർത്ഥി പ്രശ്നം ,തുടങ്ങിയ സമകാലിക വെല്ലുവിളികൾ ഏതെങ്കിലും ഒരു രാജ്യത്തിന് തനിച്ചു പരിഹരിക്കുവാൻ സാധ്യമല്ല. കൂട്ടായ്മയിലൂടെ മാത്രമേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ സാധിക്കുകയുള്ളൂ .

ആഗോളവല്ക്കരണവും, ഗതാഗത വാർത്താവിനിമയ രംഗങ്ങളിൽ ഉണ്ടായ മുന്നേറ്റവും ജനങ്ങൾക്കിടയിൽ കൂടുതൽ അടുപ്പം സൃഷ്ടിക്കാൻ സഹായകരമായിട്ടുണ്ട് .

5. ചേരി നിവാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

ഉ. നഗരങ്ങളിലെ ചേരികളിലും മറ്റും താമസിക്കുന്ന ദരിദ്രരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യലാണ് ഇന്ന് ഭരണകൂടങ്ങൾ നേരിടുന്ന വലിയൊരു പ്രശ്നം. ചേരികളിലെ അവസ്ഥ പരിതാപകരമാണ്. കക്കൂസുകളോ കുടിവെള്ളമോ, ശുചിത്വമോ ഇല്ലാത്ത ഇടുങ്ങിയ മുറികളിൽ നിരവധിപേർ തിങ്ങി പാർക്കുന്നു .സ്വന്തമായി സ്ഥലമോ,വീടോ ഇല്ലാത്ത ഇവരുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഇല്ല. ഗവണ്മെന്റിന്റെ ആനുകൂല്യങ്ങൾ പലതും ഇവർക്ക് ലഭിക്കുന്നില്ല. എന്നാൽ ഇവർ സമ്പദ്‌വ്യവസ്ഥയ്ക്ക് തങ്ങളുടെ അധ്വാനം വഴി കാര്യമായ സംഭാവന ചെയ്യുന്നുണ്ട്.

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

# 17. ദേശീയത (Nationalism)

1. Imagined Communities എന്ന പുസതകം രചിച്ചതാര്?

ഉ. ബനഡിക്ട് ആൻഡേഴ്സൺ

2. ദേശീയതയെ നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങൾ ഏതെല്ലാം?

ഉ. ജനങ്ങൾ തങ്ങളുടെ ദേശത്തെക്കുറിച്ച് വെച്ചു പുലർത്തുന്ന പൊതുവായ ധാരണകളാണ് രാഷ്ട്രത്തിന്റെ അടിസ്ഥാനം. ദേശീയതയുടെ രൂപീകരണത്തെ സഹായിക്കുന്ന പൊതുവായ ഘടകങ്ങൾ താഴെ പറയുന്നവയാണ്

**1. പൊതുവായ വിശ്വാസങ്ങൾ**

പൊതുവായ ചില ലക്ഷ്യങ്ങൾക്ക് വേണ്ടി ജനങ്ങളിൽ ഉണ്ടാകുന്ന ഏകത്വബോധവും കൂട്ടായ്മയുമാണ് പൊതുവായ വിശ്വാസങ്ങൾ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. സ്വതന്ത്രമായ രാഷ്ട്രീയ അസ്തിത്വം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ജനവിഭാഗത്തിനെ കൂട്ടായ സ്വത്വം, ഭാവിയെ കുറിച്ചുള്ള വീക്ഷണം എന്നിവയാണ് അതു സൂചിപ്പിക്കുന്നത്.

**2. ചരിത്രം**

ഐതിഹ്യങ്ങൾ, ചരിത്രരേഖകൾ എന്നിവയെ അടിസ്ഥാനമാക്കി ജനങ്ങൾ സ്വന്തമായ ഒരു ചരിത്രബോധം രൂപപ്പെടുത്തുന്നു. ഒരു രാഷ്ട്രത്തിന്റെ സ്വത്വം തുടർച്ചയായി നിലനിർത്തുന്നത്. ഈ ചരിത്ര ബോധമാണ്

**3. ഭൂപ്രദേശം**

ജനങ്ങൾ ഒരു നിശ്ചിത ഭൂപ്രദേശത്ത് അധിവസിക്കുന്നതിനാൽ തങ്ങൾ ഏക ജനതയാണെന്ന് ചിന്തിക്കാൻ ജനങ്ങളെ സഹായിക്കുന്നു. ഒരു പ്രത്യേക ഭൂവിഭാഗത്തിന് ഏറെ കാലം ഒരുമിച്ച് താമസിക്കുകയും പൊതുവായൊരു ഭൂതകാലം പങ്ക് വെക്കുകയും ചെയ്യുമ്പോൾ ജനങ്ങളിൽ കൂട്ടായൊരു സ്വത്വബോധം രൂപപ്പെടുന്നു

**4. പൊതുവായ രാഷ്ട്രീയാദർശങ്ങൾ**

ഏത് തരത്തിലുള്ള രാഷ്ട്രമാണ് സൃഷ്ടിക്കേണ്ടത് എന്നതിനെ പറ്റി ഒരു രാഷ്ട്രത്തിലെ അംഗങ്ങൾക്ക് പൊതുവായ ചില കാഴ്ചപ്പാടുകൾ ഉണ്ട്. ജനാധിപത്യം, സോഷ്യലിസം മുതലായ രാഷ്ട്രീയ ആദർശങ്ങൾ ഒത്തൊരുമിക്കാനും ഒന്നിച്ച് ജീവിക്കാനും ജനങ്ങൾക്ക് പ്രേരണയാകുന്നു.

**5.പൊതുവായ രാഷ്ട്രീയ സ്വത്വം**

പൊതുവായ വംശ പരമ്പര, ഭാഷ, മതം എന്നിവ ജനങ്ങളെ ഒരുമിപ്പിക്കുകയും അവർക്ക് ഒരു സാംസ്കാരിക സ്വത്വം പ്രധാനം ചെയ്യുകയും ചെയ്യുന്നു. എന്നാൽ വംശ പരമ്പര, മതം എന്നിവ കാലക്രമത്തിൽ ജനങ്ങൾക്കിടയിൽ ഭിന്നതകൾ സൃഷ്ടിക്കും അതിനാൽ ദേശീയ ത വിഭാവനം ചെയ്യേണ്ടത് സംസ്കാരികാടിസ്ഥാനത്തിലല്ല, രാഷ്ട്രീയാടിസ്ഥാനത്തിലാണ്. എങ്കിൽ മാത്രമേ പൊതുവായ രാഷ്ട്രീയ സ്വത്വം ഉടലെടുക്കുകയുള്ളൂ.

3. ക്രിയാത്മക ദേശീയതയും വിനാശകരമായ ദേശീയതയും തമ്മിലുള്ള വ്യത്യാസം പട്ടികപ്പെടുത്തുക
ഉ.

| ക്രിയാത്മക ദേശീയത | വിനാശക ദേശീയത |
|---|---|
| • വിധേയത്വം സൃഷ്ടിക്കുന്നു<br>• ഒരുമിപ്പിക്കുന്നു<br>• സ്വാതന്ത്ര്യബോധം വളർത്തുകയും വിമോചിപ്പിക്കുകയും ചെയ്യുന്നു<br>• ജനാധിപത്യം, സ്വയംഭരണം എന്നിവയെ പ്രോത്സാഹി പ്പിക്കുന്നു<br>• സാമ്പത്തിക വളർച്ചയെ പോഷിപ്പിക്കുന്നു<br>• സാംസ്കാരിക വളർച്ചയെ സഹായിക്കുന്നു | വെറുപ്പ് സൃഷ്ടിക്കുന്നു<br>ഭിന്നിപ്പിക്കുന്നു<br>• സംഘർഷങ്ങൾക്കും യുദ്ധങ്ങൾക്കും കാരണമാകുന്നു<br>• ഒറ്റപ്പെടൽ വളർത്തുന്നു<br>• മേധാവിത്വവികാരം സൃഷ്ടിക്കുന്നു<br>• അസ്ഥിരത വളർത്തുന്നു |

4. ദേശീയതയെ തകർക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണ്?

ഉ. ദേശീയതയെ തകർക്കുന്ന ഘടകങ്ങൾ നിരവധിയാണ്. അവയിൽ ചിലത് ചുവടെ തന്നിരിക്കുന്നു.

മതതീവ്രവാദം, ജാതീയത, പ്രാദേശിക വാദം, ഭീകരവാദ പ്രവർത്തനം, വിഘടന വാദം, സാമ്പത്തിക സാമൂഹിക അസമത്വങ്ങൾ, ഏകാധിപത്യ ഭരണക്രമം.

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

# 18. മതേതരത്വം (Secularism)

1.അന്തർ മതമേധാവിത്വം ,ആന്തരിക മതമേധാവിത്വം എന്നിവ എന്താണെന്ന് വിശദീകരിക്കുക

ഉ. ഒരു മതം മറ്റു മതങ്ങളുടെ മേൽ മേധാവിത്വം സ്ഥാപിക്കുന്നുണ്ടെങ്കിൽ അന്തർ മതമേധാവിത്വം

എന്നു പറയുന്നു. ഒരു മതത്തിനുള്ളിൽ തന്നെ അതിനുള്ളിലെ ഒരു വിഭാഗം മേധാവിത്വം സ്ഥാപിക്കുന്നുണ്ടെങ്കിൽ അതിനെ ആന്തരിക മതമേധാവിത്വം എന്ന് വിളിക്കുന്നു.

2. പാശ്ചാത്യ മതേതരത്വവും ഇന്ത്യൻ മതേതരത്വവും: വ്യത്യാസങ്ങൾ എന്തെല്ലാം ?

ഉ.

| പാശ്ചാത്യ മതേതരത്വം | ഇന്ത്യൻ മതേതരത്വം |
|---|---|
| രാഷ്ട്രവും മതവും പരസ്പരം ഇടപെടാതെ കർശനമായ അകലം പാലിക്കുന്നു.<br>വ്യക്തികൾക്കും വ്യക്തികളുടെ അവകാശങ്ങൾക്കും പ്രാധാന്യം നൽകുന്നു.<br>വിവിധ മത ഗ്രൂപ്പുകൾ തമ്മിലുള്ളസമത്വത്തിന് പ്രാധാന്യം നൽകുന്നു.<br>സാമുദായിക അടിസ്ഥാനത്തിൽ ഉള്ള അവകാശങ്ങൾ ശ്രദ്ധിക്കുന്നില്ല<br>മത പരിഷ്കാരത്തെ രാഷ്ട്രം പിന്തുണക്കുന്നില്ല.<br>മതസ്ഥാപനങ്ങളെ രാഷ്ട്രം സാമ്പത്തികമായി സഹായിക്കുക യില്ല. | രാഷ്ട്രം മതകാര്യങ്ങളിൽ തത്വാധിഷ്ഠിതമായ ഇടപെടൽ നടത്തുന്നു<br>വ്യക്തികളുടെ അവകാശങ്ങളും മത സമൂഹത്തിന്റെ അവകാശങ്ങളും സംരക്ഷിക്കുന്നു.<br>വിവിധ മതങ്ങൾക്കിടയിലുള്ള സമത്വത്തിന് പ്രാധാന്യം നൽകുന്നു.<br>ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്ക് ശ്രദ്ധ നൽകുന്നു.<br>മത പരിഷ്കാരത്തെ രാഷ്ട്രം പിന്തുണക്കുന്നു.<br>മതസ്ഥാപനങ്ങളെ രാഷ്ട്രം സാമ്പത്തികമായി സഹായിക്കുന്നു. |

3. ഇന്ത്യൻ മതേതരത്വത്തിനെതിരായ വിമർശനങ്ങൾ എന്തെല്ലാം?

ഉ.1.മതവിരുദ്ധം

ഇന്ത്യൻമതേതരത്വം മതവിരുദ്ധമാണ് .മതേതരത്വം മതസ്വത്വത്തിന് ഭീഷണിയാണ്. എന്നാൽ മതേതരത്വം സ്ഥാപനവൽക്കരിക്കപ്പെട്ട മതങ്ങളുടെ മേധാവിത്വത്തിന് എതിരാണ്. ഇത് മതവിരുദ്ധമായി കണക്കാക്കാനാവില്ല, മതേതരത്വം മതസ്വാതന്ത്ര്യത്തെയും സമത്വത്തെയും പരിപോഷിപ്പിക്കുകയാണ് ചെയ്യുന്നത്.

2.പാശ്ചാത്യ ഇറക്കുമതി

മതേതരത്വം പാശ്ചാത്യ ക്രൈസ്തവ പശ്ചാത്തലത്തിൽ രൂപം കൊണ്ടതാണ്. അത് ഇന്ത്യൻ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ല.

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

3. ന്യൂനപക്ഷത്വം

ഇന്ത്യൻ മതേതരത്വം ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കുന്നു .

4.ഇടപെടൽ
മതേതരത്വം നിർബന്ധിതമാണ്. അത് സമുദായങ്ങളുടെ മതസ്വാതന്ത്ര്യത്തിൽ അമിതമായി ഇടപെടുന്നു .

5.വോട്ട്ബാങ്ക് രാഷ്ട്രീയം

ഇന്ത്യൻമതേതരത്വം വോട്ട്ബാങ്ക് രാഷ്ട്രീയത്തെ പ്രോൽസാഹിപ്പിക്കുന്നു .

6.അസാധ്യമായ പദ്ധതി

മതേതരത്വം ഒരിക്കലും പരിഹരിക്കാൻ കഴിയാത്ത ഒരു പ്രശ്നമാണ് .അത് കൊണ്ട് മതേതരത്വം അപ്രായോഗികമാണ്.

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

# 19. സമാധാനം (Peace)

1. അന്താരാഷ്ട്ര സമാധാനദിനം എന്ന്?

ഉ. സപ്റ്റംബർ 21

2. 19 നൂറ്റാണ്ടിൽ യുദ്ധത്തെ പ്രകീർത്തിച്ച ജർമ്മൻ തത്ത്വചിന്തകൻ?

ഉ. ഫ്രഡറിക് നീഷെ

3. ഭരണം കയ്യാളുന്ന വരേണ്യവർഗ്ഗത്തെ സിംഹങ്ങൾ എന്ന് വിശേഷിപ്പിച്ച ഇറ്റാലിയൻ ചിന്തകൻ ?

ഉ. വിൽഫ്രഡ് പരേറ്റോ

4. ക്യൂബൻ മിസൈൽ പ്രതിസന്ധി നടന്ന വർഷം?

ഉ. 1962

5 .1992 വരെ വർണ്ണ വിവേചനം (Apartheid) നിലനിന്നിരുന്ന രാജ്യം?

ഉ. ദക്ഷിണാഫ്രിക്ക

6.അമേരിക്കയിലെ ലോക വ്യാപാര സമുച്ചയത്തെ അക്രമിക്കപ്പെട്ടത് എന്ന്?

ഉ. സെപ്തംബർ 11, 2001

7. സമാധാനത്തിന്റെ സമകാലിക വെല്ലുവിളികൾ ഏതെല്ലാം ? (Contemporary challenges of peace)

ഉ. സമാധാനം പല വെല്ലുവിളികളും നേരിട്ട് കൊണ്ടിരിക്കുന്നു .

ഭീകരവാദം, അണുവായുധങ്ങൾ വംശഹത്യ, യുദ്ധങ്ങൾ , വർഗ്ഗീയത എന്നിവ സമാധാനം നേരിടുന്ന പ്രധാന വെല്ലുവിളികളാണ്.

8. ഘടനാപരമായ ഹിംസയുടെ രൂപങ്ങൾ ഏതെല്ലാം (Forms of Structural violence)

ഉ. ഹിംസ വേരുകളുറപ്പിച്ചിരിക്കുന്നത് സമൂഹത്തിന്റെ ഘടനയിലാണ്. ജാതി വർഗ്ഗം ലിംഗം തുടങ്ങിയ സാമൂഹ്യ സ്ഥാപനങ്ങളും സമ്പ്രദായങ്ങളും ഹിംസക്ക് കാരണമാവുന്നു. സാമൂഹ്യ സ്ഥാപനങ്ങളിൽ നിന്നും സമ്പ്രദായങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഹിംസയെഘടനാപരമായ ഹിംസ എന്നു പറയുന്നു.

ഘടനാപരമായ ഹിംസയുടെ രൂപങ്ങൾ

1. ജാതി ശ്രേണി (Cast Hierarchy)

ജാതിയുടെ പേരിൽ അക്രമങ്ങളും അടിച്ചമർത്തലുകളും വിവേചനങ്ങളും നടക്കുന്നു

2. വർഗ്ഗ വ്യത്യാസം ( Class disparity)

ഹിംസ വർഗ്ഗത്തിന്റെ പേരിലും നടക്കുന്നു തൊഴിലാളികൾ വിവിധതരത്തിലുള്ള ചൂഷണത്തിനിയാവുന്നു.

3. പുരുഷാധിപത്യം (Patriarchy)

പുരുഷമേധാവിത്വം പലതരത്തിലുള്ള ഹിംസക്കും കാരണമാവുന്നു.

a. പെൺഭ്രൂണഹത്യ

b. പെൺകുട്ടികൾക്ക് പോഷകാഹാരം നിഷേധിക്കുക

c. വിദ്യാഭ്യാസം നിഷേധിക്കുക

d. ശൈശവ വിവാഹം

e. സ്ത്രീധന പീഠനം

f. ലൈംഗിക പീഡനം: എന്നിവ പുരുഷാധിപത്യ ഹിംസക്ക് ഉദാഹരണങ്ങളാണ്

4. കോളനി വാഴ്ച ( Colonialism )

കോളനി വാഴ്ച മൂലം പല രാഷ്ട്രങ്ങളും അടിച്ചമർത്തപ്പെട്ടു. ജനങ്ങൾ കഷ്ടതയനുഭവിച്ചു.

5. വംശിയതയും വർഗ്ഗീതയും ( Racism/Communalism)

ഒരു വർഗ്ഗത്തെ അല്ലെങ്കിൽ സമുദായത്തെ മുഴുവൻ അടിച്ചമർത്തുകയും അപമാനിക്കുകയും ചെയ്യുന്നതാണ് ഈ ഹിംസ. ഇക്കാലത്ത് പല രാജ്യങ്ങളിലും ഇത്തരത്തിലുള്ള ഹിംസയുടെ രൂപങ്ങൾ നമുക്ക് കാണം

9. പുരുഷാധിപത്യം (Patriarchy) എങ്ങിനെയാണ് ഘടനാപരമായ ഹിംസക്ക് കാരണമാവുന്നത്.

ഉ. പുരുഷമേധാവിത്വത്തിൽ സ്ത്രീകൾ പലതരത്തിലും അടിമർത്തപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുന്നു

1 പെൺ ഭ്രൂണഹത്യ

2 പെൺകുട്ടികൾക്ക് പോഷകാഹാരം നിഷേധിക്കുക

3 വിദ്യാഭ്യാസം നിഷേധിക്കുക

4 ശൈശവ വിവാഹം

5 സ്ത്രീധന പീഠനം

6 ലൈംഗിക പീഡനം

എന്നിവ പുരുഷാധിപത്യ ഹിംസക്കുള്ള ഉദാഹരണങ്ങളാണ്.

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

## 20. വികസനം (Development)

1. വികസനത്തിന്റെ വെല്ലുവിളികൾ (The challenges of development)എന്തെല്ലാം ?

ഉ. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, നിരക്ഷരത, തൊഴിലില്ലായ്മ, പോഷകാഹാര കുറവ്, ദാരിദ്ര്യം എന്നിവയാണ് വികസനത്തിന് പ്രധാന വെല്ലുവിളികൾ

2. വികസനത്തിന്റെ ചെലവുകൾ (Costs of development)ചർച്ച ചെയ്യുക

ഉ. വികസനത്തിന് പ്രധാനമായും തരം ചെലവുകളാണ് ഉള്ളത് .

വികസനത്തിന്റെ സാമൂഹ്യ ചെലവ്. (Social Cost of development)

വികസനത്തിന്റെ പാരിസ്ഥിതിക ചെലവ്. ( Environmental Cost of development)

1.വികസനത്തിന്റെ സാമൂഹ്യ ചെലവ് (Social Cost of development)

വികസനം വരുമ്പോൾ അത് സമൂഹത്തെ എങ്ങനെ പ്രതികൂലമായി ബാധിക്കുന്നു എന്നതിനെയാണ് വികസനത്തിന്റെ സാമൂഹ്യ ചെലവ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വികസനത്തിന്റെ സാമൂഹിക ചെലവുകൾ താഴെ നൽകുന്നു.

- ജനങ്ങൾ കുടിയൊഴിപ്പിക്കപ്പെടുന്നു.
- ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്നു.
- ദാരിദ്ര്യം വർദ്ധിക്കുന്നതിന് അത് കാരണമാകുന്നു.
- കാർഷിക സമൂഹങ്ങൾക്ക് എതിരായി ഭവിക്കുന്നു.
- പാരമ്പര്യ തൊഴിലുകൾ നഷ്ടപ്പെടുന്നു.
- ജനങ്ങൾ പാർശ്വവൽക്കരിക്കപ്പെടുന്നു.
- സംസ്കാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

2.വികസനത്തിന്റെ പാരിസ്ഥിതിക ചെലവ് (Environmental Cost of development)

വികസനം വരുമ്പോൾ പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുകയും പരിസ്ഥിതിയുടെ നാശത്തിന് കാരണമാവുകയും ചെയ്യുന്നതിനെയാണ് വികസനത്തിന്റെ പാരിസ്ഥിതിക ചെലവ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് വികസനത്തിന്റെ പാരിസ്ഥിതിക ചെലവുകൾ താഴെ പറയുന്നവയാണ് .

- വായു ജല മലിനീകരണത്തിന് കാരണമാവുന്നു
- പരിസ്ഥിതി നശീകരണം.
- ആഗോളതാപനം.
- കാലാവസ്ഥ വ്യതിയാനം.
- വനനശീകരണം.
- മണ്ണ് വിഷമയമാകുന്നു
- വെള്ളപൊക്കത്തിനും വരൾച്ചക്കും കാരണമാവുന്നു.
- പക്ഷികൾ , മൃഗങ്ങൾ എന്നിവയെ ദോഷകരമായി ബാധിക്കുന്നു

3. വികസനത്തെ നിർവചിക്കുക (Define Development)

ഉ. വികസനത്തെ രണ്ട് രീതിയിൽ നിർവചിക്കാം. വിശാലമായ അർത്ഥത്തിലും സങ്കുചിതമായ അർത്ഥത്തിലും.

പുരോഗതി, അഭിവൃദ്ധി,ക്ഷേമം,മെച്ചപ്പെട്ട ജീവിതത്തിനു വേണ്ടിയുള്ള അഭിലാഷം

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

എന്നിങ്ങനെയുള്ള ആശയങ്ങളാണ് വിശാലമായ അർത്ഥത്തിൽ വികസനം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്.

വികസനം വളരെ സങ്കുചിതമായ അർത്ഥത്തിലും ഉപയോഗിക്കാറുണ്ട്. സാമ്പത്തിക വളർച്ചാ നിരക്ക് വർധിപ്പിക്കലും സമൂഹത്തെ ആധുനീകരിക്കലും മറ്റും മാത്രമാണ് സങ്കുചിതമായ വികസനത്തിന്റെ അർത്ഥം.

വിജയഭേരി, മലപ്പുറം ജില്ലാ പഞ്ചായത്ത്.